മുരിങ്ങൂർ ശങ്കരൻ പോററി

കുചേലവൃത്തം ആട്ടക്കഥ

57
75187
TPL

57
SAN/K
S-14

വ്യാഖ്യാനം.

ഇ.പി.നാരായണ ഭട്ടതിരി

(Malayalam)
KUCHELAVRUTHAM AATTAKKATHA
By MURINGOOR SANKARAN POTTY
Retold by Prof. E. P. Narayana Bhattathiri
Cover design: Suresh Champakara
First Published May 1989
Printed at D. C. Press, Kottayam
Price Rs. 9.50
Copyright
Rights reserved
Published by E. P. Narayana Bhattathiri
Distributors:
NATIONAL BOOK STALL
KOTTAYAM - ERNAKULAM - TRIVANDRUM - CALICUT
CANNANORE - TRICHUR - PALGHAT - QUILON
ALLEPPEY - KALPETTA

കുചേലവൃത്തം ആട്ടക്കഥ

THE TRICHUR PUBLIC LIBRARY
TRICHUR-20

മുരിങ്ങൂർ ശങ്കരൻപോററി

വ്യാഖ്യാനം:

പ്രൊഫ. ഇ. പി. നാരായണഭട്ടതിരി

ആട്ടക്കഥകൾ
75187
29/6/89

ENTERED

57
75187
TPL

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 9.50

ഇ. പി. നാരായണഭട്ടതിരിയുടെ കൃതികൾ

മലയാളം—മലയാളം നിഘണ്ടു

മലയാള ശൈലീനിഘണ്ടു

മലയാളവ്യാകരണം (മൂന്നു ഭാഗങ്ങൾ)

ഉപന്യാസങ്ങൾ (രണ്ടു ഭാഗങ്ങൾ)

പഴഞ്ചൊല്ലിൽ പതിരില്ല

രചനാമിത്രം

57/S

S 4942 D 15/89-90 1-1000

THE TRICHUR PUBLIC LIBRARY
TRICHUR-20

ആമുഖക്കുറിപ്പ്

ഭാഗവതപുരാണപ്രോക്തമായ 'കുചേലഗതി'യെ ഉപജീവിച്ചാണ് കുചേലവൃത്തം ആട്ടക്കഥ വിരചിതമായിരിക്കുന്നതു്. 'കുചേലോദയം' എന്നത്രെ കവി കൊടുത്ത പേരു്. ഈ ആട്ടക്കഥയുടെ പൂർവഭാഗം കഥകളിയരങ്ങിനു തീരെ അപരിചിതമെന്നുതന്നെ പറയാം. കുചേലകഥയിൽ കഥകളിയിലെ വേഷവൈവിധ്യത്തിനും പോരിനുവിളി, വധം മുതലായ ഗതാനുഗതികമായ ചിട്ടകൾക്കും സ്ഥാനമില്ലല്ലോ. ശൃംഗാരപ്പദങ്ങൾക്കും പ്രസക്തിയില്ല. അതിനാൽ കഥകളിയുടെ ചിട്ടകൾ ഒപ്പിക്കാൻ ഉപകരിക്കുക എന്നതായിരിക്കാം പൂർവഭാഗത്തിന്റെ ഉദ്ദേശ്യം.

''കുംഭീന്ദ്രാനനമിന്ദുശേഖരസുതം
    വാണീം വിരിഞ്ചപ്രിയാ-
മംഭോജാശുഗനാശനം പശുപതിം
    ശോണാചലാധീശ്വരം
ഗൗരീം ലോഹിതശൈലചൈത്യവസതീം
    നാരായണാഖ്യം ഗുരും
വന്ദേ ശ്രാദ്ധതടാകകൂലനിലയാ-
    ധീശം നൃകണ്ഠീരവം''

എന്ന ഇഷ്ടദേവതാ പ്രാർത്ഥനയോടുകൂടിയാണ് ഗ്രന്ഥാരംഭം. ശോണാചലാ(ചെങ്ങന്നൂർ)ധീശ്വരനായ പശുപതിയെയും ലോഹിതശൈലചൈത്യവസതിയായ ഗൗരിയെയും നാരായണാഖ്യനായ ഗുരുവിനെയും കവി വന്ദിക്കുന്നു. ശ്രാദ്ധതടാകകൂലനിലയാ(ചാത്തൻകുളങ്ങര)ധീശനായ നൃകണ്ഠീരവൻ (നരസിംഹമൂർത്തി) കവിയുടെ ഭരദേവതയാണ്. കവിയുടെ ഇല്ലത്തുനിന്ന് ഒന്നുരണ്ടു വിളിപ്പാടകലമേയുള്ളു ചാത്തൻകുളങ്ങര നരസിംഹമൂർത്തിക്ഷേത്രത്തിലേക്ക്. ഈ വന്ദനശ്ലോകത്തിനു് കോട്ടയത്തുതമ്പുരാന്റെ,

''മാതംഗാനനമബ്ജവാസരമണീം
    ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനിഗർഗനാരദകണാ-
    ദാദ്യാൻ മുനീന്ദ്രാൻ ബുധാൻ

ദൃഗ്ഭ്യാം ചാപി മൃദംഗശൈലനിലയാം
ശ്രീപോർക്കലീമിഷ്ടദാം
ക്ഷേത്ര്യാ നിത്യമുപാസ്മഹേ സപദി നഃ
കുർവന്തുമീമംഗളം''

എന്ന മംഗളശ്ലോകവുമായിക്കാണുന്ന സാദൃശ്യം ശ്രദ്ധേയമാണു്. തുടർന്നു് കനകരുചിരചേലനം അശരണജനപാലനം ഗളധൃതവനമാലനമായ ഗോപബാലനെയും കുചേലവൃത്തകർത്താവു് നമിക്കുന്നു.

പുറപ്പാടു്:

''ലക്ഷ്മീനാഥോ ധരിത്രീഭരഹരണപരഃ
കൢപ്തമർത്ത്യാവതാരോ
ഹത്വാ കംസാദിദുഷ്ടാവനിപതിനിവഹാൻ
സംഗരേ, പശ്ചിമാബ്ധൗ
ശ്രീമത്യാം ദ്വാരവത്യാം സചി വസുതവധൂ
സഞ്ചയൈരഞ്ചിതാംഗഃ
സാകം ഭക്താർത്തിഹാരീ പുരിസുഖമവസത്
സീരിണാ വാസുദേവഃ

ദേവദേവനായ ശ്രീകൃഷ്ണൻ വസുദേവദേവകീപദാബ്ജം സേവചെയ്തു് കുശസ്ഥലിയിൽ വാഴുന്നു.

രംഗം ഒന്നു്:

കന്ദാശോക വനോത്ഭവാദി ലതികാ സൂനാളി രാരാജിതവും സുരഭിലവുമായ നിഷ്കുടവീഥികയിൽ ദാരങ്ങളോടുകൂടി കേളിയാടുന്ന ദാമോദരൻ. പൂർവാചലത്തിൽ പൂർണചന്ദ്രനുദിച്ചിരിക്കുന്നു. 'വലമഥനാശയാകം ചലമിഴി തന്റെ ചാരുഫാലതിലകംപോലെ' എന്നാണു് ഹരിണാങ്കനെ കവി വർണിക്കുന്നതു്.

''ഗണികാദികളം പൂത്തു ഗളിതമധുവോധുനാ
ഗണികമാർപോലെ ബത വിലസുന്നു പാരം''
''മധുരാധരം തന്നു രതിനടനമാടുവാൻ
മാധവ, ഗമിക്ക നാം മലർകലിതശയ്യയിൽ.''

ഇങ്ങനെ പോകുന്നു ശൃംഗാരപ്പദം.

രംഗം രണ്ട്:

കഥ ആരംഭിക്കുന്നു.

യാദവവീരന്മാരും മന്ത്രിമാരും ബലരാമനുമൊരുമിച്ച് മുരാരിയായ ഭഗവാൻ സസുഖം വാഴുന്ന സദസ്സ്. സാല്വസോദരനായ വിഡൂരഥന്റെ ദൂതൻ പ്രവേശിച്ച് കൃഷ്ണനോട് പറയുന്നു: ''മേദിനീപൂരുഹൂതനായ വിഡൂരഥന്റെ കല്പന കേട്ടാലും. നീ സൗഭാധിപനായ സാല്വനെ വധിച്ചു. കേശി മുതലായ ദൈത്യന്മാരെയും നശിപ്പിച്ചു. എന്നാൽ, നിന്റെ അഹങ്കാരം അവസാനിക്കാറായി. ഒന്നുകിൽ എന്റെ പാദഭജനം, അല്ലെങ്കിൽ യുദ്ധത്തിൽ മരണം—ഒന്നേ നിനക്കു ഗതിയുള്ളൂ. യമൻപോലും പുകഴ്ത്തുന്നതാണ് എന്റെ പരാക്രമം എന്നു മനസ്സിലാക്കിക്കൊള്ളുക.'' ഇതു് ബലരാമനെ ക്രുദ്ധനാക്കി. ദൂതനിൽനിന്നു പുറപ്പെട്ട വാഗ്വിഷം ചെവികളിലാണു പ്രവേശിച്ചതെങ്കിലും കണ്ണുകളാണ് കലുഷമായതു്. 'ക്രോധാതിരേകലഹരീ പരിഘൂർണിതാന്തർവ്യാഹാരരുദ്ധഗള'നായി അദ്ദേഹം പറഞ്ഞു: 'ചേദിപ സാല്വന്മാർക്കനുഗതനായ് പ്രേതാധിപനുടെ പുരി പൂകാറായ്.' കണ്ഠീരവനോടു കമലചയം[1] എതിർക്കുകേ! പവനാശനപതി ചീറിയടുത്താൽ പതഗകുലേന്ദ്രനു ഭോജനയോഗ്യം! ദൂതൻ ശിഥിലീകൃതാംഗനാക്കപ്പെട്ടു ഹലായുധനായ ബലരാമനാൽ. ഹരിയാൽ വിഡൂരഥനും വധിക്കപ്പെട്ടു.

രംഗം മൂന്ന്:

ദന്താവളായുതബലനായ[2] ദന്തവക്ത്രനും പത്നിയും. ശൃംഗാരപ്പദം കഴിയുമ്പോഴം വിഡൂരഥന്റെ സൈന്യത്തിലെ ഹതാവശിഷ്ടരായ കാന്ദിശീകന്മാർ അവിടെ വന്നു് വിഡൂരഥനെ ശ്രീകൃഷ്ണൻ വധിച്ച കാര്യം അറിയിക്കുന്നു. മിത്രവധവാർത്ത ദന്തവക്ത്രനെ 'ഭ്രൂഭംഗരൗദ്രതര ഘൂർണിതനേത്ര'നാക്കി.

''കല്പാന്തഘോര നവനീരദവന്നദിതാ
യുദ്ധാത്ഥമംബുവിലോചനമാജുഹാവ.''

യുദ്ധത്തിൽ കൗമോദകി[3]കൊണ്ടു് മുകുന്ദൻ അവനെ വധിച്ചു.

രംഗം നാല്.

പാണ്ഡവകൗരവയുദ്ധം ആസന്നമെന്നു കണ്ടു് ബലരാമൻ തീർത്ഥാടനത്തിനു പുറപ്പെട്ടു. നൈമിശാരണ്യത്തിൽ ഋഷി

---

1 കമലചയം മാൻ—കൂട്ടം.

2 ദന്താവളായുതബലൻ—പതിനായിരം ആനയുടെ ബലമുള്ളവൻ.

3 കൗമോദകി—ശ്രീകൃഷ്ണന്റെ ഗദ.

മാർ ഒരു ദീർഘസത്രം സമാരംഭിച്ചിരുന്നു. രാമൻ അവിടെയെത്തുന്നു (ഇതെല്ലാം കവി 'ശ്ലോകത്തിൽ കഴിക്കു'കയാണു ചെയ്യുന്നതു്).

പരസ്പരവൈരം മറന്ന മൃഗഗണങ്ങളാൽ നിഷേവിതമായ വനം. ബലരാമൻ താപസന്മാരെ വണങ്ങി. അവർ അദ്ദേഹത്തെ വാഴ്ത്തി. ശിവകഥാലാപത്തിൽ ഏർപ്പെട്ടിരുന്ന സൂതൻ മാത്രം അദ്ദേഹത്തെ എഴുന്നേററാദരിച്ചില്ല. ഈ ധിക്കാരത്തിൽ രുഷ്ടനായ ബലരാമൻ സൂതനെ വധിച്ചു. പുരാണകഥാഖ്യാനംചെയ്തിരുന്ന സൂതന്റെ വധം താപസന്മാരെ ദുഃഖിതരാക്കി ശൗനകൻ ബലരാമനോടുണർത്തിച്ചു: ''കഷ്ടം, സൂതഹതിചെയ്തതു കാമപാല!....ബ്രഹ്മഹത്യ ചെയ്തപോലെ ഇവനുടെ നിഗ്രഹത്തിനുണ്ടേ വിശേഷം.'' മൃതനായ സൂതന്റെ തനയനെ ആ പദത്തിൽ അവരോധിച്ച് രാമൻ മുനിമാരുടെ സങ്കടം പരിഹരിച്ചു. യാഗവിഘ്നകാരിയായ വല്ക്കലന്റെ ശല്യം തീർത്തുകൊടുക്കണമെന്ന് അവർ അദ്ദേഹത്തോടപേക്ഷിച്ചു. സൂതവധപാപത്തിന് നിഷ്കൃതിയാവും ഇതെന്ന് ബലരാമനും കരുതി.

രംഗം അഞ്ച്:

വക്രദന്തിയുടെ പുറപ്പാട്.

''നിശിചരകുലനാരീ വല്ക്കലോക്ത്യാ തദാനീം
കരധൃതപലലാ സാ വക്രദന്തീ വ്യചിന്തീത്.''

അഞ്ജനാചലഗാത്രി, കാതുകരം രണ്ടിലും ഹരികുഞ്ജരങ്ങളണിഞ്ഞവരം, നീരദാരവ മേദുരാരവപൂര ഭൃതിഭയപ്രദ, ഗർത്തനേത്ര....ഇങ്ങനെയാണ് ആ രാത്രിഞ്ചരിയെ അവതരിപ്പിക്കുന്നതു്.

''ദൈത്യനാഥനാം വല്ക്കലൻ തന്നുടെ
ചിത്തകാംക്ഷിതം പൂർണമാക്കീടുവാൻ
അത്രമാം നിയോഗിച്ചതു പാർക്കുമ്പോ—
ളെത്രയും ഭാഗ്യമുണ്ടായിവന്നു മേ''

എന്നു ചിന്തിച്ചുകൊണ്ടു ചെല്ലുന്ന അവരം ബലരാമനെക്കാണുന്നു.

''ധൂർത്തനാരിവൻ ശുഭ്രാഭ്രവിഗ്രഹൻ
പാർത്തു കണ്ടിട്ടറിവില്ലവനെ മേ.''

വക്രദന്തി സത്രശാലയിൽ ശോണിതമാംസങ്ങരം വർഷിച്ചു. ബലകരപ്രഹരമേററ ആ നിശാചരി സുരവധൂമണിയായിത്തീ

ന്നു. അവരം കേശിനി എന്ന ഗന്ധർവനാരിയായിരുന്നു. കൗശികശാപത്താൽ രാത്രിഞ്ചരിയായിത്തീർന്നതാണു്.

''ബലകരപ്രഹരേണ നിശാചരീ
കുശികനന്ദന ശാപവിമോചിതാ
സുരവധൂമണിതാം ദ്രുതമീയുഷീ
യദുപമാഹമുദാസഹകേശിനീ.''

ശാപമോക്ഷം ലഭിച്ച സന്തുഷ്ടയായ കേശിനി 'വൈകാതെ നീ വല്ക്കലനെ വധിച്ചു സത്രം പാലിച്ചാലും' എന്നറിയിച്ചിട്ടു് സുരപുരം പ്രാപിച്ചു.

രംഗം ആറ്:

''ശാപം തീർന്നു ഹലായുധന്റെ കരവീര്യത്താൽ,
പ്രമോദാകുലാ
കാർവേണീമണികേശിനീ, സുരപുരം പ്രാപിച്ചു
വാണീടിനാൾ.
നിർവ്യാജം ഹരിപൂർവജൻ ക്രതു വിരോധത്തെ-
ക്കളഞ്ഞീടുവാൻ
ഗർവ്യഗ്രേസര വല്ക്കലാസുരവരം യോദ്ധും
സമാഹൂതവാൻ.''

''ആകർണ്യകർണകഠിനം ഹലിനോവ ച സ്തത്
ബദ്ധ്വാദൃശം പരികരം ദിതിജാഗ്രഗണ്യഃ
അദ്ധ്വാച്യുതാഗ്രജ സമീപമുപേത്യവാചം
യുദ്ധായ സൈന്യസഹിതോ നിജഗാദകോപാത്.''

വല്ക്കലവധാനന്തരം കൃഷ്ണാഗ്രജൻ ഏതാനും നാൾ നൈമിശാരണ്യത്തിൽ താമസിച്ചു.

''ഹത്വാ പർവണി വല്ക്കലാസുരവരം
ഭൂയോ മുനീന്ദ്രക്രതും
നീത്വാ കാനി ദിനാനി നൈമിശവനേ
കൃഷ്ണാഗ്രജഃപാലയൻ
പ്രസ്ഥായാഥ സരസ്വതീം ച യമുനാം
ഗംഗാം ച ഗോദാവരീം
കാവേരീം ച നിഷേവ്യ സോപിച കുരു-
ക്ഷേത്രം ക്രമേണാഗമത്.''

ധർമപുത്രാദികളെക്കൊണ്ടു് അശ്വമേധം നടത്തിച്ചിട്ടു് ശ്രീകൃഷ്ണഭഗവാൻ ദ്വാരകയിൽ സസുഖം വസിച്ചു.

''ഭീഷ്മാത്ത ധർമക്രമമപ്രമേയോ
ധർമാത്മജം സാനുജമിഷ്ടമിത്രം
കൃതാശ്വമേധത്രയമാശു കൃത്വാ
സ ദ്വാരകാം പ്രാപ്യ സുഖം ന്യവാത്സീത്.''

ഇത്രയുമാണ് പൂർവ്വഭാഗത്തു പ്രതിപാദിക്കുന്ന കഥ. പച്ച, മിനുക്ക്, കത്തി, താടി, കരി എന്നീ വേഷങ്ങൾക്കെല്ലാം അരങ്ങു തകർക്കുവാനുള്ള സന്ദർഭങ്ങൾ കവി ഇതിൽ ഒരുക്കിയിട്ടുണ്ട്. അതല്ലാതെ, സഹൃദയാഹ്ലാദകമായ രംഗങ്ങളോ, കഥാഘടനയോ, അഭിനയസാധ്യതകളോ വളരെയൊന്നും കാണാനില്ല. കവികല്പിതമായ ഒരു കഥാപാത്രമാണ് വക്രദന്തി. കരിവേഷത്തിനുംകൂടെ പ്രാതിനിധ്യം കൊടുക്കുവാൻ വക്രദന്തിയുടെ സൃഷ്ടി ഉപകരിക്കുന്നു. ആട്ടക്കഥകളിൽ സാധാരണമായ പോർവിളികളും വധങ്ങളും ഇതിലും വേണ്ടത്രയുണ്ട്. ദൂതനും മുനിമാരും കാന്ദിശീകന്മാരും ഇടയ്ക്കിടയ്ക്കു മിനുക്കുമുഖം കാട്ടുന്നു. വിളക്കു വെച്ചാൽ വെളുക്കുംവരെ ആടണമല്ലോ. അതിനുള്ള കോപ്പും ദൈർഘ്യവും കുചേലകഥയ്ക്കില്ലാത്തതും പൂർവഭാഗത്തിന്റെ രചനയ്ക്കു കവിയെ പ്രേരിപ്പിച്ചിരിക്കാം.

ഇതിലെ ചില ഭാഗങ്ങൾ കോട്ടയത്തുതമ്പുരാൻ മുതൽ ഇരങ്ങാട്ടുള്ള ആട്ടക്കഥാകൃത്തുകളെ അനുസ്മരിപ്പിക്കുന്നവയാണ്. 'കുംഭീന്ദ്രാനനമിന്ദുശേഖരസുതം വാണീം' എന്ന വന്ദനശ്ലോകം 'മാതംഗാനനമബ്ജവാസരമണീം' എന്ന കോട്ടയത്തുതമ്പുരാന്റെ ശ്ലോകത്തിന്റെ ഛായയിൽത്തന്നെ എന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. 'ചക്ഷുശ്രവണനെതിർത്തു വരുന്നതു പക്ഷിപ്രവരനു ഭക്ഷണമാകാൻ' എന്നതുതന്നെയല്ലേ 'പവനാശനപതി ചീറിയടുത്താൽ പതഗകുലേന്ദ്രനു ഭോജനയോഗ്യം' എന്നു വേഷം ഒന്നു മാറിവന്നിരിക്കുന്നതു്!

പദങ്ങളുടേതിനെക്കാൾ ശ്ലോകങ്ങളുടെ രചനയിലാണ് കവി പ്രശംസയർഹിക്കുന്നതു്. മിക്ക ശ്ലോകങ്ങളും രസാനുഗുണമായ രീതിസൗകുമാര്യംകൊണ്ടു് ആഹ്ലാദകാരികളാണ്.

''മന്ദാരദ്രുമസിന്ദുവാരഗണികാ ഗോവന്ദിനീ നീലികാ
കുന്ദാശോക വനോത്ഭവാദിലതികാസൂനാളിരാരാജിതം
മന്ദം നിഷ്കുടവീഥികാം സുരഭിലാമാസാദ്യ, പൂർവ്വാചലേ
ചന്ദ്രം പൂർണമുദീക്ഷ്യവാചമവദദ്ദാരാൻ സദാമോദരഃ''

''ശാപം തീർന്ന ഹലായുധൻെറ കരവീര്യത്താൽ,
പ്രമോദാകുലാ
കാർവേണീമണി കേശിനീ സുരപുരം പ്രാപിച്ചു
വാണിടിനാറം
നിർവ്യാജം ഹരിപൂർവജൻ ക്രുദ്ധ വിരോധത്തെക്കള-
ഞ്ഞീടുവാൻ
ഗർവ്യഗ്രേസര വല്ലലാസുരവരം യോദ്ധും സമാ
ഹൂതവാൻ.''

''ബലകരപ്രഹരേണ നിശാചരീ
കുശികനന്ദന ശാപവിമോചിതാ
സുരവധൂമണിതാം ദ്രുതമീയുഷീ
യദുപമാഹ മുദാ സഹ കേശിനീ.''

''തത് പ്രേക്ഷ്യകോദ്ഗളിത ഗോഗരളം നിപീയ
കർണദ്വയേന മുസലീ കലുഷാക്ഷികോണഃ
ക്രോധാതിരേക ലഹരീപരിഘൂർണതാന്ത-
വ്യാഹാരരുദ്ധഗള ഏവമുവാചദൂതം.''

''കാന്തേന്ദുകാന്ത സുവിനിർമിത ചന്ദ്രശാലാം
കാന്താം നയൻ മദനബാണ നിതാന്തതാന്താം
ദന്താവളായുതബലസ്സുതു ഭ്രൂവക്രതഃ
സ്വാന്താമുവാച വചനം മധുരം സ്മരാന്ധഃ''

ഇത്യാദി ശ്ലോകങ്ങറ നോക്കുക.

ചില പദങ്ങളും രമണീയങ്ങളാണ്. ആശയങ്ങറ അചുംബിതങ്ങളല്ലെങ്കിലും വളരെ ആകർഷകമായിട്ടാണ് ആവിഷ്കരിച്ചിരിക്കുന്നതു്. അനവസരത്തിൽ, അനുചിതമായി സന്നിവേശിപ്പിക്കപ്പെടുന്ന ഉപരിപ്ലവവും മാംസളവുമായ 'ശൃംഗാരം' പല ആട്ടക്കഥകളെയും (ചില ഭാഗങ്ങളെയെങ്കിലും) വികൃതവും അരോചകവുമാക്കിത്തീർക്കുന്നതായിക്കാണാം. കുചേലവൃത്തത്തിൽ ആ ദോഷം കടന്നുകൂടിയിട്ടില്ല. പദങ്ങളിൽനിന്നു് ഏതാനും ഭാഗങ്ങറ താഴെ ഉദ്ധരിക്കുന്നു:

''വലമഥനാശയാകം ചലമിഴി തൻെറ ചാരു
ഫാലതിലകംപോലെ വിലസുന്നു ഹരിണാങ്കൻ.''

''സൂനങ്ങളിൽ ഭ്രമരഗാനങ്ങറ കേറക്കുന്നു
മീനദ്ധ്വജൻെറ ജയശംഖരവമെന്നപോൽ.''

''കണ്ഠീരവ വരനോടമർചെയ്‌വാ-
നുണ്ടോ കമലചയം മുതിരുന്നു.''

''പവനാശനപതി ചീറിയടുത്താൽ
പതഗകുലേന്ദ്രനു ഭോജനയോഗ്യം.''

''വരതനു, ശിഖാവളം വാർകുന്തൽ താവകം
പരിചിനൊടു കണ്ടുഭ്രവിഭ്രമാലാടുന്നു.''

വീരരൗദ്രഭയാനക രസങ്ങൾക്കാണു താരതമ്യേന പ്രാമുഖ്യം. അംഗിയായ രസം വീരംതന്നെ. ഹലായുധനായ ബലരാമനാണല്ലോ നായകൻ. മേല്പറഞ്ഞ രസങ്ങൾക്കനുഗുണമായ ഗൗഡീരീതി അവലംബിച്ചിട്ടുണ്ടു് ഉടനീളം. ആകെപ്പാടെ നോക്കിയാൽ രംഗപ്രയോഗാർഹമായ ഒരു കൃതിയാണു് ഈ പൂർവഭാഗമെന്നു നിസ്സംശയം പറയാം.

രീതി, ഗുണം, രസം മുതലായ കാവ്യസാമഗ്രികളിൽ ഈ പൂർവഭാഗത്തിൽനിന്നു തികച്ചും വ്യത്യസ്തമാണു് ഉത്തരഭാഗമെന്നു വേണമെങ്കിൽ പറയാവുന്ന 'കുചേലവൃത്തം'. ഒരു വർഷകാല തടിനിയും ശാലീനയായ ശരന്നിമ്നഗയും തമ്മിലുള്ള വ്യത്യാസം.

കഥ വളരെ ലളിതം. സതീർത്ഥ്യരായിരുന്ന കുചേലനും ശ്രീകൃഷ്ണനും. സാന്ദീപനിമുനിയായിരുന്നു ഗുരു. അവിസ്മരണീയമായ ഗുരുകുലവിദ്യാഭ്യാസകാലം. അവിടെനിന്നു രണ്ടു പേരും പിരിഞ്ഞു, രണ്ടു വഴിക്കു്. ഒരുവൻ സംഭവബഹുലമായ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ ദ്വാരകാധിപതിയായി. അപരൻ ഗൃഹസ്ഥനായി, പിതാവായി. ധനാദിനിസ്പൃഹനായ കുചേലന്റെ കുടുംബം ദാരിദ്ര്യത്തിന്റെ ചൂടിൽ വാടിത്തളർന്നു.

''ത്വദേക രാഗേണ ധനാദിനിസ്പൃഹഃ
ദിനാനി നിന്യേപ്രശമീ ഗൃഹാശ്രമീ''

പത്നി ആദരപൂർവം അറിയിച്ചു. ''നിർവാണദനായ ലക്ഷ്മീപതിയെച്ചെന്നു കണ്ടാലീ ദുർവ്വാരദാരിദ്ര്യദുഃഖമകലും നൂനം.'' ''രമാപതിഃ കിം നസഖാനിഷേവ്യതേ'' എന്നാണു് ഭട്ടതിരി ചുരുക്കിപ്പറയുന്നതു്. കുചേലൻ പുറപ്പെട്ടു, ദ്വാരകാനാഥനായ സതീർത്ഥ്യനെക്കാണാൻ. അദ്ദേഹം കണ്ണു തുറന്നാൽ തീരാത്ത ദുഃഖമേതു്!

തിരുമുല്ക്കാഴ്ചയ്ക്കു് ഒരുപിടി അവിൽ, കല്ലും നെല്ലുമെല്ലാം കലർന്നതു് (മൃദ്ഗ്രാവാദിവിമിശ്രിതം ചിപിടകം) ഒരു കീറത്തുണിയിൽ പൊതിഞ്ഞു കക്ഷത്തിൽ വച്ചു. ഈ അവിൽ എങ്ങനെ ലഭിച്ചു എന്നോ? ''വിപ്രഭാമിനി യാചിച്ചുകൊണ്ടുന്ന ധാന്യം ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടു കല്ലും നെല്ലുമേറുമപ്പൃഥുകം ''എന്നു രാമപുരത്തു വാര്യർ; ''ഇത്ഥം വിപ്രഗിരം നിശമ്യ വിദുഷീ വിപ്രാംഗനാ വിശ്രുതം യാമിന്യാമഭിശസ്തി

ലബ്ധകുഡുംബവ്രീഹിം വിധായോപദാം'' എന്നു് ആട്ടക്കഥാകാരൻ.

അവിടെ ചെല്ലുമ്പോഠം നാളീകാക്ഷനു് എന്തു തോന്നുമോ! തന്റെ ആഗ്രഹം 'നാളീകം കരിമ്പനമേലെയ്തപോലെ' ആകുമോ! (ലോകനാഥനുണ്ടാകുമോ വിസ്മൃതിയും!) ദ്രുപദൻ സതീർത്ഥ്യനായ ദ്രോണരെ നിന്ദിച്ചയച്ചു. അതുപോലെ—, ഇല്ല, ഭഗവാൻ ആദ്യനല്ലേ, പ്രഭുവല്ലല്ലോ. അല്ല, പ്രഭുതന്നെ, ജഗത്പ്രഭു.....

ദ്വാരകയിൽ ചെന്നു. ശ്രീകൃഷ്ണഭഗവാൻ സ്നേഹാതിരേകത്തോടെ സ്വീകരിച്ചു, സത്ക്കരിച്ചു. പൂർവകാലസ്മരണകളുടെ ഏട്ടുകഠം ഒന്നൊന്നായി മറിഞ്ഞു. കുചേലന്റെ അവിൽ ലക്ഷ്മീപതി 'അമൃതമാക്കി'. 'നിഖിലാണ്ഡകോടി നിഗമാദികളെക്കൊണ്ടും നിറയാത്ത കൃഷ്ണകുക്ഷി ഭുക്തിപൂരിതമായി.' പിറേറദിവസം തിരിച്ചുപോന്നു. പോരുന്നവഴിക്കാണോർമവന്നതു്, പത്നിയുടെ അപേക്ഷ, കുടുംബത്തിന്റെ ദാരിദ്ര്യം. കഷ്ടം! ഒന്നും ചോദിച്ചില്ലല്ലോ; ഒന്നും പറഞ്ഞുമില്ല. എല്ലാം അറിയുന്നവനോടു പറയണമോ!

'യദിഹ്യയാചിഷ്യ മദാസ്യദച്യുതോ
വദാമിഭാര്യാം കിമിതി വ്രജന്നസൗ'

(ഭട്ടതിരി)

ഗൃഹത്തിലെത്തിയപ്പോഠം എന്തത്ഭുതം! 'രണ്ടാം ദ്വാരകാപട്ടണമായിട്ടഗ്രേ കാണപ്പെട്ടു—തണ്ടാർമാനിനീശന്റെ കാരുണ്യമാശ്ചര്യം!' 'വിലോക്യപഥി ഭ്രസുരോ ഹരിപുരഭ്രമാദഭ്രമീത്.' കരുണാസിന്ധുവിന്റെ കടാക്ഷം.

ഹൈന്ദവരുടെ നിത്യപാരായണഗ്രന്ഥങ്ങളിലൊന്നാണല്ലോ (ആയിരുന്നല്ലോ) ഭാഗവതപുരാണം. അതിനാൽ, കുചേലകഥ കേരളീയക്ക് സുപരിചിതമാണു്. ഇതു നിത്യവും പാരായണംചെയ്യുന്നതു ദാരിദ്ര്യദുഃഖശമനത്തിനും ഐശ്വര്യാദിസൗഖ്യങ്ങഠംക്കും മോക്ഷപ്രാപ്തിക്കും നിദാനമെന്നു വിശ്വസിക്കപ്പെടുന്നു. അകളങ്കമായ സൗഹൃദസ്നേഹാദികഠംക്കും നിഷ്കാമഭക്തിക്കും ഭക്തദാസനായ ശ്രീകൃഷ്ണപരമാത്മാവിന്റെ നിരതിശയമായ കാരുണ്യാതിരേകത്തിനും കുചേലകഥയെക്കാഠം മികച്ചൊരുദാഹരണം സുദുർല്ലഭമത്രെ. ഹൃദയദ്രവീകരണക്ഷമമായ സാത്വികഭാവങ്ങഠം ഏതു മനുഷ്യനെയാണു് ആകർഷിച്ചാഹ്ലാദിപ്പിക്കാത്തതു്! അതാണു് കുചേലകഥയ്ക്കു് ഇന്നും ആസ്വാദകർ കുറഞ്ഞിട്ടില്ലാത്തതിനു കാരണം.

കുചേലകഥാഖ്യാനംകൊണ്ടു് കൈരളിയെയും കേരളീയരെയും അനുഗ്രഹിച്ച രണ്ടു കവികുലഗുരുക്കന്മാരാണു് രാമപുര

ത്തു വാര്യരും കുഞ്ചൻനമ്പ്യാരും. ഇവർ സമകാലീനരോ സമീപകാലീനരോ ആണ്. നമ്പ്യാരുടെ പ്രഥമകൃതിയെന്നു പരിഗണിക്കപ്പെടുന്ന ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യത്തിൽ പന്ത്രണ്ടാം സർഗത്തിലെ മുപ്പതു ശ്ലോകങ്ങൾകൊണ്ടാണ് കുചേലകഥ ആഖ്യാനംചെയ്തിരിക്കുന്നതു്. തുള്ളലുകളിൽ വാചാലനും നിരങ്കുശനും പരിഹാസപടുവുമായി പ്രത്യക്ഷപ്പെടുന്ന നമ്പ്യാർ ശ്രീകൃഷ്ണചരിതത്തിൽ സംക്ഷിപ്തമായും കാര്യമാത്രപ്രസക്തമായുമാണ് കഥ പറയുന്നതു്. ലളിതവും പ്രസന്നവുമായ മണിപ്രവാളം,കവിതന്നെ പ്രാരംഭത്തിൽ പറയുംപോലെ 'മധുരപദാകലിത'വും 'മനോഭിരാമവും' 'മതികമലവികാസഹേതുഭൂത'വുമാണ്. ''സംസ്കൃതത്തിലെ മഹാകാവ്യങ്ങളുടെ ഛായയിൽ ഭാഷയിൽ ഇദംപ്രഥമമായി ആവിർഭവിച്ച സർഗബന്ധവിശിഷ്ടമായ കൃതി എന്ന നിലയിലല്ലാതെ ''ശ്രീകൃഷ്ണചരിതത്തിനു വലിയ മെച്ചമൊന്നുമില്ല....'' സംസ്കൃതവൃത്തങ്ങളിൽ പന്ത്രണ്ടു സർഗങ്ങൾ ഉൾക്കൊള്ളുന്ന മേല്പടി കാവ്യത്തിന് വളരെ പ്രചാരമുണ്ടു്; അതു മിക്കവാറും അതിന്റെ സൗകുമാര്യംകൊണ്ടു സിദ്ധിച്ചതായി വേണം സങ്കല്പിക്കുവാൻ. അപൂർവം ചില ഘട്ടങ്ങളിലൊഴികെ ''വർണ്ണനത്തിനോ കഥനത്തിനോ യാതൊരു ചൈതന്യവുമില്ല.'' കൃഷ്ണഗാഥാകാരന്റെ രുക്മിണീസ്വയംവരവർണ്ണനവുമായി ശ്രീകൃഷ്ണചരിതം അഷ്ടമസർഗ്ഗത്തിലെ ആ കഥാഗ്രഥനം താരതമ്യപ്പെടുത്തി നോക്കുമ്പോൾ ആ വസ്തുത ആർക്കും ബോദ്ധ്യമാകുന്നതാണ്. ദശമസ്കന്ധകഥ ഏവർക്കും മനസ്സിലാകുന്ന വിധത്തിൽ സംഗ്രഹിച്ച ഭാഷയിൽ പ്രതിപാദിക്കണമെന്നല്ലാതെ തന്റെ കാവ്യം രസനിഷ്യന്ദിയോ അലങ്കാരോജ്ജ്വലമോ ആക്കണമെന്ന് കവിക്ക് അഭിസന്ധിയുണ്ടായിരുന്നിരിക്കയില്ല....ആകെക്കൂടി ഭാഷാകവിതയെപ്പററി ചിന്തിക്കുമ്പോൾ നമ്പ്യാർക്കു ദ്രാവിഡവൃത്തങ്ങളിലുണ്ടായിരുന്ന കൃതഹസ്തത സംസ്കൃതവൃത്തങ്ങളിൽ കാണുന്നില്ല എന്നുള്ളതു പ്രത്യക്ഷമാണ്.''* മഹാകവി ഉള്ളൂരിന്റെ ഈ അഭിപ്രായപ്രകടനത്തോടു ഭൂരിപക്ഷം സഹൃദയന്മാരും യോജിക്കുമെന്നു തോന്നുന്നില്ല.

തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ (കൊല്ലവർഷം 904 മുതൽ 933 വരെ രാജ്യം ഭരിച്ചു)യുടെ താല്പര്യപ്രകാരം രാമപുരത്തു വാര്യർ രചിച്ചതാണ് കുചേലവൃത്തം വഞ്ചിപ്പാട്ട് (രചനാകാലം 925-നോടടുപ്പിച്ച്).

---

* മഹാകവി ഉള്ളൂർ: കേരളസാഹിത്യചരിത്രം, മൂന്നാം ഭാഗം.

''സുപ്രസിദ്ധമായ കുചേലവൃത്തം വഞ്ചിപ്പാട്ട് കൈരളീദേവിയുടെ കമനീയങ്ങളായ കണ്ഠാലങ്കാരങ്ങളിൽ ഒന്നാണ്. സൗന്ദര്യപൂർണ്ണങ്ങളായ ശബ്ദാർത്ഥങ്ങളുടെ സമഞ്ജസസമ്മേളനം, സമുചിതങ്ങളായ അലങ്കാരങ്ങളുടെ സരസമായ സന്നിവേശനം, സർവോപരി ശ്രീകൃഷ്ണഭഗവാനിലുള്ള അപാരമായ ഭക്തിഭാവം ഇത്യാദി ഗുണവിശേഷങ്ങൾ ഈ കാവ്യത്തെ ഉത്തമോത്തമകോടിയിൽ ആരൂഢമാക്കുന്നു. വാര്യർ പ്രദർശിപ്പിക്കുന്ന കുചേലൻ, ആ ഭക്തോത്തമന്റെ പതിവ്രതയായ ധർമ്മപത്നി, ശ്രീകൃഷ്ണൻ എന്നീ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ അനുവാചകരുടെ ഹൃദയഭിത്തികളിൽനിന്ന് ഒരിക്കലും മായുകയോ മങ്ങുകയോ ചെയ്യുന്നതല്ല. തന്റെ പ്രത്യക്ഷദേവതയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ അപദാനങ്ങൾ ആദ്യമായും ഭാഗവതദശമസ്കന്ധത്തിന്റെ സാരസംക്ഷേപം അതു കഴിഞ്ഞും കവി പൂർവപീഠികാരൂപത്തിൽ രചിച്ച്, പിന്നീടാണ് പ്രതിപാദ്യത്തിലേക്കു പ്രവേശിക്കുന്നത്....കുചേലന്റെ ദ്വാരകയിലേക്കുള്ള യാത്രയും മറ്റും വാര്യർ വർണ്ണിച്ചിട്ടുള്ളത് വാചാമഗോചരമായ ഭാവനാകുശലതയോടുകൂടിയാകുന്നു....കുചേലവൃത്തത്തെ അധികരിച്ച് പല കേരളീയ കവികൾ സംസ്കൃതത്തിലും ഭാഷയിലും കാവ്യങ്ങൾ നിർമിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം വാര്യരുടെ വഞ്ചിപ്പാട്ടിനു താഴെയേ നില്ക്കുന്നുള്ളു. ഇതര ഭാഷകളിലും തദ്വിഷയകമായി ഒരു ഗ്രന്ഥം ആ പദവിക്ക് അടുത്തെങ്ങും എത്തിക്കണ്ടിട്ടില്ല. വഞ്ചിപ്പാട്ടുകളിൽ ഒന്നാമത്തെ സ്ഥാനം അതിനാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ....അഭൗമമായ ഏതോ ഒരു ചൈതന്യത്തിന്റെ അവഭാസം പ്രസ്തുത കൃതിയിൽ ഭാവുകന്മാർക്കു സ്പഷ്ടമായിക്കാണുവാൻ പ്രയാസമുണ്ടാകുന്നതല്ല.''*

ആട്ടക്കഥയിലെ ശ്ലോകങ്ങളും പദങ്ങളും വ്യാഖ്യാനിക്കുമ്പോൾ വാര്യരും നമ്പ്യാരും അതതു ഭാഗങ്ങൾ ഏതു വിധത്തിലാണു പ്രതിപാദിക്കുന്നതെന്നു് പ്രസക്തഭാഗങ്ങൾ ഉദ്ധരിച്ച് എടുത്തു കാണിച്ചിട്ടുണ്ട്. മൂന്നു കാവ്യങ്ങളുടെയും താരതമ്യപഠനത്തിനും ആസ്വാദനത്തിനും ഇതു പ്രയോജകീഭവിക്കുമെന്നു വിചാരിക്കുന്നു.

കുചേലകഥയെ പുരസ്കരിച്ച് മലയാളഭാഷയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട കൃതികൾ താഴെ ചേർക്കുന്നു:

1. കുചേലവൃത്തം, വഞ്ചിപ്പാട്ട്--രാമപുരത്തുവാര്യർ

---

* മഹാകവി ഉള്ളൂർ; കേരളസാഹിത്യചരിത്രം, മൂന്നാം ഭാഗം.

2. ശ്രീകൃഷ്ണചരിതം, മണിപ്രവാളം (12—ാം സർഗം, ആദ്യത്തെ മുപ്പതു പദ്യങ്ങൾ)—കുഞ്ചൻനമ്പ്യാർ
3. കുചേലകഥ, കിളിപ്പാട്ട്—അഴീക്കോട്ട് കമ്മാരൻ നായർ
4. കുചേലകഥ, കൈകൊട്ടിക്കളിപ്പാട്ട്—കോട്ടൂർ നമ്പ്യാർ
5. കുചേലമോക്ഷം, പാട്ട്—(കർത്താവാരെന്ന് അറിവില്ല)
6. കുചേലവൃത്തം, ഓട്ടൻതുള്ളൽ—വെണ്മണി മഹൻ നമ്പൂതിരി
7. കുചേലവൃത്തം, ശീതങ്കൻതുള്ളൽ—(കർത്താവാരെന്ന് അറിവില്ല)
8. കുചേലവൃത്തം, പറയൻതുള്ളൽ— ,,
9. കുചേലഗോപാലം, തുള്ളൽ—കുട്ടമത്തു കുഞ്ഞികൃഷ്ണ കുറുപ്പ്
10. കുചേലഗോപാലം, അമ്മാനപ്പാട്ട്— കുഞ്ഞൻവൈദ്യൻ കെ. സി.
11. കുചേലവൃത്തം, ചമ്പു—(കർത്താവാരെന്ന് അറിവില്ല)
12. കുചേലവൃത്തം, മണിപ്രവാളം— ,,
13. കുചേലഗോപാലം, മണിപ്രവാളം— അനന്തൻനായർ കടിഞ്ഞയിൽ
14. കുചേലവൃത്തം—നാലു വൃത്തം—(കർത്താവാരെന്ന് അറിവില്ല)
15. കുചേലവൃത്തം—എട്ടു വൃത്തം— ,,
16. കുചേലവൃത്തം—ലഘുകാവ്യം— ,,
17. കുചേലവൃത്തശതകം— ,,
18. കുചേലചരിത്രം, ഗദ്യം—മഹാദേവശാസ്ത്രി, കണ്ടിയൂർ
19. കുചേലവൃത്തം, ആട്ടക്കഥ—മുരിങ്ങൂർ ശങ്കരൻ പോററി

കുചേലവൃത്തം എന്ന പേരിൽത്തന്നെ മറെറാരു ആട്ടക്കഥകൂടി കാണുന്നുണ്ട്. വളരെ ചെറിയൊരു കൃതിയാണിതു്. സാഹിത്യഗുണവും തീരെ പോരാ. മുരിങ്ങൂരിന്റെ ആട്ടക്കഥയ്ക്കു മുമ്പോ പിമ്പോ ഇതിന്റെ രചനാകാലം എന്നറിഞ്ഞുകൂടാ. കർത്താവാരെന്നും നിശ്ചയമില്ല.

കവി—മുരിങ്ങൂർ ശങ്കരൻ പോററി

ചെങ്ങന്നൂർ കീഴ്ച്ചേരിമേൽമുറിയിലായിരുന്ന മുരിങ്ങൂർ മഠം. ഇപ്പോൾ അതു നാമാവശേഷമായിരിക്കുന്നു. തിരുച്ചെങ്ങന്നൂർ ക്ഷേത്രയോഗാംഗങ്ങളായ 'നാലു പോററി'മാരിൽ ഒരാളായിരുന്നു മുരിങ്ങൂർ.*

കൊല്ലവർഷം 1018–ൽ (ക്രി. വ. 1843) ആണ് ശങ്കരൻ പോററി ജനിച്ചതു്. അച്ഛൻ പുരുഷോത്തമൻപോററിയും അമ്മ ശ്രീദേവിഅന്തർജനവും. കവിയുടെ ബാല്യകാലത്തുതന്നെ മാതാപിതാക്കൾ മരിച്ചുപോയി എന്നാണറിവു്. നാരായണൻ എന്ന ഗുരുവിൽനിന്നാണ് അദ്ദേഹം സംസ്കൃതവും മററും പഠിച്ചതു്. 'നാരായണാഖ്യം ഗുരും' എന്നു് ആട്ടക്കഥയുടെ വന്ദനശ്ലോകത്തിൽ സ്വഗുരുനാഥനെ അനുസ്മരിച്ചുകാണുന്നുണ്ടു്. ബുധനൂർ അടിമുററത്തുമഠത്തിൽനിന്നാണ് ശങ്കരൻപോററി വിവാഹം കഴിച്ചിരുന്നതെന്നും അനപത്യനായിരുന്നു എന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. 62–ാമത്തെ വയസ്സിൽ (കൊല്ലവർഷം 1080; ക്രിസ്തു വർഷം 1905) ആണ് ചരമംപ്രാപിച്ചതു് (കുചേലവൃത്തത്തിനു പുറമേ കുചേലവൃത്തം പൂർവഭാഗമായ വല്ലലവധം, മലയവതീസ്വയംവരം എന്നു രണ്ടു കൃതികൾകൂടി ശങ്കരൻപോററി രചിച്ചിട്ടുണ്ടു്. അവ അത്രതന്നെ പ്രസിദ്ധങ്ങളല്ല). കുറെയധികം ഒററ ശ്ലോകങ്ങൾ രചിച്ചിരുന്നു എന്നും കേരളവർമ വലിയ കോയിത്തമ്പുരാൻ മുതലായ പണ്ഡിതകവികളുമായി കത്തുകൾ മുഖേന സമ്പർക്കം പുലർത്തിയിരുന്നു എന്നും കഴിഞ്ഞ തലമുറയിലെ ചിലർ പറഞ്ഞറിയാം. കത്തുകളെല്ലാം പദ്യരൂപത്തിലാണ്. ഭാഷ സംസ്കൃതം. മുരിങ്ങൂർമഠത്തിൽ പിൽക്കാലത്തുണ്ടായവരുടെ സാഹിത്യാദികലകളിലുള്ള അജ്ഞതകൊണ്ടോ പരാങ്മുഖതകൊണ്ടോ, കവിയെപ്പററി പല വിവരങ്ങളും നൽകുവാൻ പര്യാപ്തമാക

* കല്ലൂർ നാരായണപിള്ള: തിരുച്ചെങ്ങന്നൂർ ക്ഷേത്രമാഹാത്മ്യം.

''ക്ഷേത്രയോഗാംഗങ്ങൾ വഞ്ഞിപ്പുഴ, ഇടമന, മൂത്തേടം, ഇളയിടം, പുന്നരട്ട എന്നീ അഞ്ചു പണ്ടാരത്തിൽമാരും മിത്രം, ആലപ്രം, മുരിങ്ങൂരു്, പെരുമാവേലി എന്നീ നാലു പോററിമാരുമായിരുന്നു. ദേവസ്വം ഭണ്ഡാരത്തിൻെറ ചുമതലകൂടി വഹിച്ചിരുന്നവരാണ് പണ്ടാരത്തിൽമാരെന്നറിയപ്പെടുന്നതു്. കൈസ്ഥാനിയായ വാഴൂരും തന്ത്രിയായ താഴമണ്ണും മുട്ടശാന്തിക്കാരായ കവണശ്ശേരി, ചിത്രത്തൂർ എന്നീ രണ്ടുപേരും ദേവസ്വത്തിലെ ഉദ്യോഗസ്ഥവർഗത്തിൽപ്പെട്ടവരായിരുന്നു.''

മായിരുന്ന ആ വിലയേറിയ രേഖകളിലൊന്നുപോലും ഇന്നവശേഷിച്ചിട്ടില്ല എന്നു് ഖേദപൂർവം പറയേണ്ടിയിരിക്കുന്നു.

കുചേലവൃത്തം, ആട്ടക്കഥ:

ഒരൊററകൃതികൊണ്ടാണല്ലോ രാമപുരത്തുവാര്യർ മലയാള സാഹിത്യലോകത്തു് അനശ്വരയശസ്വിയായിത്തീർന്നതു്. ശങ്കരൻപോററിയും അങ്ങനെതന്നെ. 'കുചേലോദയം' എന്നാണത്രേ തൻെറ ആട്ടക്കഥയ്ക്കു് അദ്ദേഹം പേരിട്ടതു്. പ്രസിദ്ധിയാർജിച്ചിരിക്കുന്നതു് 'കുചേലവൃത്തം' എന്ന പേരിലാണു്. കുചേലകഥയെ ഉപജീവിച്ച മലയാളത്തിലുണ്ടായിട്ടുള്ള ശ്രാവ്യകാവ്യങ്ങളിൽ വാര്യരുടെ വഞ്ചിപ്പാട്ടാണു് പ്രഥമഗണനീയമെങ്കിൽ ദൃശ്യകാവ്യങ്ങളിൽ ആ സ്ഥാനം ശങ്കരൻപോററിയുടെ കുചേലവൃത്തത്തിനാണു്. പാട്ടുകളിൽ വഞ്ചിപ്പാട്ടും അരങ്ങത്തു് ആട്ടക്കഥയും—അവയ്ക്കു സദൃശമായ മററു കുചേലകഥാഖ്യാനകാവ്യങ്ങളില്ല.

പതിനാറു ശ്ലോകങ്ങളും ഇരുപതു പദങ്ങളും ഒരു ദണ്ഡകവുമാണു് ഈ ആട്ടക്കഥയിലുള്ളതു്. ഒൻപതു രംഗങ്ങളായിട്ടാണു് കഥ അവതരിപ്പിക്കുന്നതു്. ശാർദ്ദൂലവിക്രീഡിതം, സ്രഗ്ദ്ധര, മന്ദാക്രാന്ത, പൃഥ്വി, മാലിനി എന്നീ വൃത്തങ്ങളിലാണു ശ്ലോകങ്ങൾ. ഉശാനി, കാമോദരി, നാഥനാമക്രിയ, മാരധനാശി, പുന്നാഗവരാളി, ശങ്കരാഭരണം, ശ്രീരാഗം, മദ്ധ്യമാവതി, ആനന്ദഭൈരവി, ബലഹരി, മോഹനം, സുരുട്ടി, മലഹരി, ഭൂപാളം, പുറനീരു, ദേവഗാന്ധാരി എന്നിങ്ങനെ സന്ദർഭാനുഗുണമായി കല്പിച്ചിട്ടുള്ള കർണ്ണാനന്ദകരങ്ങളായ രാഗങ്ങളിലാണു് 'പദ'ങ്ങൾ. അന്യാദൃശമായ വ്യംഗ്യചമല്ക്കാരങ്ങളോ, അലങ്കാരകല്പനകളോ ഈ ആട്ടക്കഥയിൽ അധികം കാണാനില്ല. ഭാവപ്രകർഷംകൊണ്ടു മധുരിതമായ പദങ്ങൾക്കെന്തിനലങ്കാരം!

പാണ്ഡിത്യപ്രകടനങ്ങൾക്കൊന്നും കവി മുതിർന്നിട്ടില്ല. ശ്ലോകങ്ങൾ മൊത്തത്തിൽ അർത്ഥസംപുഷ്ടങ്ങളാണു്; ശ്രുതിസുഖദായകങ്ങളുമാണു്. എന്നാൽ, രാമപുരത്തുവാര്യർ അകൃത്രിമവും നിരായാസവുമായി നല്ല നാടൻഭാഷയിൽ പ്രതിപാദിക്കുന്ന ആശയങ്ങൾതന്നെ ശങ്കരൻപോററിയുടെ സംസ്കൃതത്തിലും മണിപ്രവാളത്തിലും കാണുമ്പോൾ ഒരു താരതമ്യചിന്ത നാമറിയാതെതന്നെ നമ്മുടെ മനസ്സിൽ ഉടലെടുക്കുന്നെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. നോക്കുക:

വഞ്ചിപ്പാട്ടു്:

'ഇപ്രകാരം ഭർത്താവിൻെറ വാക്കു കേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചുകൊണ്ടുവന്ന ധാന്യം

ക്ഷിപ്രമിരുട്ടത്തിടിക്കൈകൊണ്ടു കല്ലും നെല്ലുമേറു–
മപ്പൃഥുകം പൊതിഞ്ഞൊരു തുണിയിൽക്കെട്ടി...."

ആട്ടക്കഥ:

'ഇത്ഥം ഭർത്തൃഗിരംനിശമ്യവിദുഷീ
വിപ്രാംഗനാ വിദ്രുതം
യാമിന്യാമഭിശസ്ലിലബ്ധ കഡുബവ്രീഹിം
വിധായോപദാം
മൃദ്ഗ്രാവാദിവിമിശ്രിതം ചിപിടകം....
...."

'വിപ്രഭാമിനി യാചിച്ചുകൊണ്ടുന്ന ധാന്യം', 'അഭിശസ്ലിലബ്ധകഡുബവ്രീഹിം' എന്നു സംസ്കൃതീകരിച്ചിരിക്കുന്നു. 'തുണിയിൽ കെട്ടിയ'താണു് 'കപ്പടസമ്പുടാന്തഃസ്ഥം'.

വഞ്ചിപ്പാട്ട്:

'പള്ളിപ്പാണികളെക്കൊണ്ടു പാദം കഴുകിച്ചു പരൻ
മെല്ലൊഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു.
....
ചന്ദനവും പൂശിപ്പിച്ചു പൂജിച്ചുപോലിത്ഥം, ഹരി–
ചന്ദനകുസുമധൂപദീപാദികളാൽ.'

ആട്ടക്കഥ:

ലക്ഷ്മീതല്ലേ മുരാരിർ ദ്വിജവരമുപവേ
ശ്യാത്മജായാസമേതോ
ബാഹുഭ്യാം നേനിജാനേ നിജയുവതികരാ–
ലംബിഭൃംഗാരവാരാ
തല്പാദം തോയഗന്ധാദിഭിരഥ വിധിവത്
സാധുസംപൂജ്യമന്ദം
ലിമ്പൻ പാടീരപങ്കം മധുരതരഗിരം
പ്രാഹതം വാസുദേവഃ'

ഇതിലെ 'നിജയുവതികരാലംബിഭൃംഗാരവാരാ', 'ബാഹുഭ്യാം നേനിജാനേ', 'ലിമ്പൻ പാടീരപങ്കം' ഇത്യാദി ഭാഗങ്ങരം ശ്രദ്ധിക്കുക.

വഞ്ചിപ്പാട്ട്:

'കല്ലും നെല്ലുമെല്ലാമവലെന്നുവച്ചിട്ടൊരുപിടി
നല്ലവണ്ണം വാരി വേഗം വയററിലാക്കി
മല്ലരിപു പിന്നെയും വാരുവാനാഞ്ഞനേരം വീശ്രും
വല്ലഭ വന്ദിച്ചു തന്റെ കരംപിടിച്ചു.'

ആട്ടക്കഥ:

'മല്ലാരാതി മഹീസുരാത് പൃഥുകഭാണ്ഡത്തെ
ഗ്രഹിച്ചു ബലാൽ
കല്ലും നെല്ലുമിടസ്ഥണഞ്ഞ ചിപിടം വേഗം
ഭുജിച്ചീടിനാൻ
ഉല്ലാസത്തൊടു പിന്നെയും കരതലേനാഞ്ഞാ–
നശിച്ചീടുവാൻ
കല്യാണാംഗിരമാമുരാന്തകകരം മെല്ലെ–
പ്പിടിച്ചീടിനാരം.'

വഞ്ചിപ്പാട്ട്:

'വിവിധചരാചരാണാം പിതാക്കന്മാരേവം കാര്യം
സവിധഗനാം ദ്വിജനെ ശ്രവിപ്പിക്കാതെ,
ചെവിയിലന്യോന്യമോതീ, ട്ടമൃതമാക്കിയശേഷ–
മവിലമ്മ കൊണ്ടുപോയിപ്പിന്നെയും വീശി.'

ആട്ടക്കഥ:

'താരിപ്പൂമകളോടു മാധവനിദം വിപ്രൻ
ഗ്രഹിക്കാതെ ക–
ണ്ടോരോന്നേവമുരച്ചു യാദവവരോച്ഛിഷ്ടം
ഗ്രഹിച്ചൂ രമാ.'

വഞ്ചിപ്പാട്ട്:

'മാത്രപോലും ധനഹീനനായ വിപ്രൻ മുകന്ദനെ
മാനസംകൊണ്ടെടുത്തിട്ടു കൂടെക്കൊണ്ടുപോയ്
....
എല്ലാമുള്ളിലോർത്തു, തന്നെ വിസ്മരിച്ചു താനേ ചെന്നൊ–
രില്ലമടുക്കാറായപ്പോഴേവം ചിന്തിച്ചു.'

ആട്ടക്കഥ:

'ഭർത്രേയാത്രാം നിവേദ്യ സ്വയമഥ ജഗതാം
വിപ്രവംശാബ്ധിചന്ദ്രഃ
ശ്രീകൃഷ്ണാദത്തരിക്‌ഥസ്സപദിമുരഹരം
ധാരയൻ മാനസേന
സംസ്തുവായാൽ തീർത്ഥപാദസ്യച വിമലമതി
ർവ്വിസ്മരം സ്മത്രമാർഗേ
ഗത്വാ ഭാര്യാനിയോഗം ശ്രുതിപടുഹൃദയ–
സ്സ്വാന്തരേവം വ്യചിന്തിത്.'

വഞ്ചിപ്പാട്ട്:

'എല്ലാംകൊണ്ടും കുശസ്ഥലീപട്ടണത്തോടൊത്തിരിക്ക—
മില്ലം കണ്ടീശ്വരാ! വഴിപിഴച്ചു ഞാനും
മല്ലരിപുവിന്റെ മഹാരാജധാനിക്ക പിന്നെയും
ചെല്ലുകയോ എന്നവിടെ നിന്നു കുചേലൻ.'

ആട്ടക്കഥ:

'വിശാലവിഹൃതിസ്ഥലീസുനിഷണ്ണലോകം പുരീം
വിലോക്യപഥി ഭൂസുരോ ഹരിപുഭ്രമാ ദഭ്രമീത്.'

ഇനിയും ചില പദങ്ങൾ നോക്കാം.

വഞ്ചിപ്പാട്ട്:

'ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയു—
മില്ലാ വീണ്ടു കുത്തുമാറായതും കണ്ടാലും.'

ആട്ടക്കഥ:

'ഇല്ലം മറ്റൊരുവർക്കേവം ദാരിദ്ര്യദുഃഖം
ഇല്ലവുമതിജീർണമായ്....'

വഞ്ചിപ്പാട്ട്:

'നിർവാണദനായ ലക്ഷ്മീപതിയെച്ചെന്നു കണ്ടാലീ
ദുർവാര ദാരിദ്ര്യദുഃഖമൊഴിയും നൂനം.'

ആട്ടക്കഥ:

'ദൈത്യാരിമുകുന്ദനെ പ്രീത്യാ ചെന്നു കണ്ടേവം
വൃത്താന്തമുണർത്തിച്ചാലാർത്തി ശാന്തിയുണ്ടാകും.
നിർവാണപ്രദൻ ഗോവിന്ദൻ ശർവ്വാദിവന്ദ്യൻ
ഉർവ്വീഭാർഗവീനായകൻ
ചാർവംഗിഗണേശനോ ദുർവാരദാരിദ്ര്യം
നിർവാദമൊഴിച്ചീടും ഉർവരാസുര മൗലേ.'

വഞ്ചിപ്പാട്ട്:

'ത്രിഭുവനമടക്കി വാണിരുന്നരുളുന്ന മഹാ—
പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ
സ്വഭവനത്തിങ്കൽനിന്നു ഗമിക്കരുതാരും, കൈക്ക—
ലിവ്വമാമിലയുമാം കുസുമവുമാം
അവലുമാം മലരുമാം ഫലവുമാം യഥാശക്തി
മലർക്കന്യാ മണവാളനൊക്കെയുമാകും.'

ആട്ടക്കഥ:

'ലോകനാഥനെക്കാണുമ്പോളേകണം വല്ലപദയും
രാകാരമ്യാനനേ! ചെററുമാകാ ഹൃദയചാഞ്ചല്യം.
ലാജസുമ ചിപിടക വാജി ഗജ ഫലാദിഷു
രാജീവാക്ഷി! ഏതെന്നാലും വ്യാജഹീനം യഥാശക്തി
മല്ല വൈരി ഭഗവാനിന്നെല്ലാം വസ്തുക്കളും ചേരും.'

വഞ്ചിപ്പാട്ട്:

'നാളെനാളെയെന്നായിട്ടു ഭഗവാനെക്കാണ്മാനിത്ര—
നാളും പുറപ്പെടാഞ്ഞ ഞാനിന്നു ചെല്ലുമ്പോൾ
....
ദേശികദക്ഷിണ കഴിഞ്ഞതിൽപ്പിന്നെക്കാണാഞ്ഞ ഞാൻ
ദേവദേവനാലത്ഥിക്കപ്പെട്ടമെങ്കിലും....'

ആട്ടക്കഥ:

'നാളീകാക്ഷൻ തന്നെയെത്രനാളായിട്ടു കാണ്മാൻ ഞാനും
മേളിത സന്തോഷത്തോടു വാണീടുന്നു.
ആചാര്യാലയത്തിൽനിന്നു മോചിച്ചതിലച്യുതനാം
മേചവർണ്ണനെക്കണ്ടിട്ടില്ലാ ഞാനും.'

വഞ്ചിപ്പാട്ട്:

'ചിത്രം ചിത്രമങ്ങോട്ടുവന്നാടേണ്ടുന്ന മഹാതീർത്ഥ—
മിത്രത്തോളമാഗമിക്കകൊണ്ടു നന്നായി.'

ആട്ടക്കഥ:

'പൃഥ്വീസുര! തേ പാദതീർത്ഥമേല്ക്കയാലിന്നു
എത്രയും കൃതാത്ഥനായ് വർത്തിക്കുന്നേഷ ഞാനും.'

വഞ്ചിപ്പാട്ട്:

'ഗുരുപത്നീനിയോഗേന കദാചന നാമെല്ലാരും
ഒരുമിച്ചു വിറകിനായിട്ടു പോയതും
പെരുങ്കാട്ടിൽ പുക്കിന്ധനമൊടിച്ചു കെട്ടിവച്ചതും
അരുണനസ്തമിച്ചതും മറന്നീലല്ലീ?
കൂരിരുട്ടമാകസ്മികമായൊരു മഹാമഴയും—
കൂടിവന്നു കൊടുങ്കാററും കൂടീട്ടസ്സാകം....'

ആട്ടക്കഥ:

'വേദവിദാം വരൻെറ മദിരാക്ഷീനിയോഗത്താൽ
ഏധാംസി സമാജ്ജിപ്പാൻ യാതരായില്ലേ?
....
ബന്ധം വിനം വൃഷ്ടിയുമന്ധകാരവും കൊണ്ടു....'

വഞ്ചിപ്പാട്ട്:

'.......................അധുനാബന്ധം —
മുറിച്ചയച്ചീ വിപ്രൻെറ പത്നിക്ക ദാസിയാക്കുവാ—
നുറച്ചിതോ തിരുമനസ്സിലിതെന്തയ്യോ!'

ആട്ടക്കഥ:

'വൃദ്ധനാം ധരാദേവൻെറ സാധ്വീമണിക്ക ഭൃത്യയാക്കുവാ—
നുറച്ചോ?'

വഞ്ചിപ്പാട്ട്:

'...
പരമഭക്തന്മാരെക്കണ്ടിരിക്കും നേരം
പരവശനായ് കൃപകൊണ്ടെന്നെയും മറന്നുപോം ഞാൻ
പരിചയിച്ചിട്ടും നീയതറിഞ്ഞിട്ടില്ലേ?
....
കുറഞ്ഞൊരു ചിപിടകം ശേഷിച്ചതിതാ, ഭവതി
പറഞ്ഞതും മറക്കാമോ ഭക്തയായ നീ.'

ആട്ടക്കഥ:

'മത്ഭക്തന്മാരോട്ടള്ള സക്തിയാലെന്നെ ഞാനും
ഉല്പലവിലോചനേ! ഉടക്കാമ്പിൽ മറന്നുപോം.
....
ശേഷിച്ച ചിപിടകം തോഷിച്ചു ഗ്രഹിച്ചാലും
ശേമുഷിയേററമുള്ള യോഷിന്മണിയല്ലോ നീ.'

വഞ്ചിപ്പാട്ട്:

'പണ്ടൊരിക്കൽ പാണ്ഡവമഹിഷിയുടെ ശാകോദന—
മുണ്ടു നാ,മിന്നു ഭവാൻെറ പൃഥുകം തിന്നു;
രണ്ടുകൊണ്ടുമുണ്ടായോണം സുഖവും തൃപ്തിയും കീഴി—
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്ക സഖേ!
....
ഗർവഹീനന്മാരായ ഭവാദൃശന്മാരന്നമാത്രം
ചർവണമിന്നു വല്ലതും കൊണ്ടന്നു തന്നാൽ
പർവതത്തിലുമധികമെനി,ക്കെന്നു പറയാതെ
സർവതത്ത്വവിത്തേ! ഭവാനറിയാമല്ലോ.'

ആട്ടക്കഥ:

'ഏകദാ പുരാ ധീമൻ! ശുകമൊഴികൃഷ്ണ തൻെറ
ശാകാന്നാശനാൽ, ഭൂയഃ സുഖസൗഹിത്യമഭൈവ്യ.
ഗർവഹീനം ത്വത്സമന്മാർ ചർവണത്തിനു വല്ലതും
ഉർവീസുര! മഹ്യം തന്നാൽ പർവതാധികമെനിക്ക്.'

വഞ്ചിപ്പാട്ട്:

'ഭവ്യയതാം ഭക്തി ഭവിക്കേണം മമ, പോകട്ടെ ഞാൻ,
അവ്യാജ മനോജ്ഞമം ഘ്രിചേരുവോളവും.'

ആട്ടക്കഥ:

'ത്വൽപാദം ചേരുവോളവും അല്ലേതരയാകും ഭക്തി
അപ്രമേയ! തന്നീടണം ഇപ്പോളഹം യാമി ഗേഹം.'

വഞ്ചിപ്പാട്ട്:

'വാചാ കിം ബഹുനാ, തവ വേളിയും കഴിഞ്ഞുവല്ലോ
വാരിജാക്ഷി ഭവാനനുകൂലയല്ലയോ?
വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം, ബന്ധം വിനാ
വിശക്കുന്നു നമുക്കതു സഹിച്ചുകൂടാ.
....
പൊതിയിങ്ങോട്ട തന്നാലും, ലജ്ജിക്കേണ്ട, ഗോപിമാരും
കൊതിയനെന്നിജ്ജനത്തെപ്പറവൂ ഞായം.'

ആട്ടക്കഥ:

'പരിണയം കഴിഞ്ഞിതോ പത്നിയും ഭവാനേററം
പരിഹൃഷ്ടയായിട്ടല്ലേ സൈ്വരം വാഴുന്നു സദാ,
അലമലം ബഹുവാചാഫലമെന്തു, ക്ഷുധയാലേ
വലയുന്നു, തവ ബാഹുമൂലാന്തേ കാണുന്നു കിം?
വ്രീളാംശം തവ വേണ്ടാ, പലരും ബുഭുക്ഷുവെന്നു
നലമൊട്ട പറയുന്നു, ഫലമല്ല സഖേ! എന്നെ.'

ശങ്കരൻപോററിക്ക് രാമപുരത്തുവാര്യരോടുള്ള കടപ്പാട് മേൽക്കാണിച്ച ഭാഗങ്ങളിൽനിന്നു സ്പഷ്ടമാകുന്നതാണ്. വാര്യരെപ്പോലെ വചോവല്ലഭനും സർവഥാ സമാദരണീയനുമായ ഒരു മഹാകവിയുടെ സ്വാധീനം പോററിയുടെ ആട്ടക്കഥയിൽ കാണുന്നുണ്ടെങ്കിൽ അതു് ഒരു വിധത്തിലും ഒരു ന്യൂനതയായിക്കരുതുവാൻ കഴിയുകയില്ല എന്നുള്ളതു് അനുക്തസിദ്ധമാണ്.

കുചേലവൃത്തം ആട്ടക്കഥയിലെ ഭാഷയെപ്പററിയും രണ്ടു വാക്ക്. യമകാനുപ്രാസാദി ശബ്ദാലങ്കാരങ്ങളുടെ ആഡംബരമൊന്നും ശങ്കരൻപോററിയുടെ ഭാഷയ്ക്കു കാണുന്നില്ല. ആട്ടക്കഥ അഭിനയപ്രധാനമാണല്ലോ. അതായതു് ശ്രവ്യകാവ്യങ്ങളിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങൾ പലപ്പോഴും ദൃശ്യപ്രധാനമായ ആട്ടക്കഥയ്ക്കു് അനുയോജ്യമായെന്നുവരില്ല. ഇതെപ്പററി തികഞ്ഞ ബോധം കവിക്കുണ്ട്. ചുരുക്കത്തിൽ, നളചരിതാദി സർവാവയവസുന്ദരങ്ങളായ ഏതാനും ആട്ടക്കഥകളെ ഒഴിച്ച

നിർത്തിയാൽ, ഏതു കൃതിയോടും കിടനില്ക്കുന്ന ഭാഷാഗുണം കുചേലവൃത്തത്തിനുണ്ട്. 'കരതലേനാഞ്ഞാൻ', 'കുസുരവരൻ' എന്നിങ്ങനെ അപൂർവം ചില വിലക്ഷണപ്രയോഗങ്ങൾ കുചേലവൃത്തത്തിൽ കാണുന്നു.

അകൈതവഭക്തിയുടെ പവിത്രഗന്ധമാണ് കുചേലവൃത്തം ആട്ടക്കഥയിലുടനീളം നിറഞ്ഞുനിൽക്കുന്നത്. കരുണശാന്തരസങ്ങളിലൂടെ അണമുറിഞ്ഞൊഴുകുന്ന ഭഗവദ്ഭക്തി 'തവ പാദം ചേരുവോളവും അല്പേതരയാകും ഭക്തി അപ്രമേയ! തന്നീടണം ഇപ്പോളഹം യാമിഗേഹം' എന്ന ഭാഗമെത്തുമ്പോഴേക്കും അതിന്റെ പരമകാഷ്ഠയിലെത്തുന്നു. അനുവാചകർക്കുണ്ടാകുന്ന ദിവ്യാനുഭൂതി 'വചനവിദൂരെ' എന്നേ പറയാവൂ. ഇവിടെ കവിയും കഥാപാത്രവും സാത്മ്യം പ്രാപിക്കുന്നു; കഥാപാത്രവും അനുവാചകനും സാത്മ്യം പ്രാപിക്കുന്നു. കവിയെയും കഥാപാത്രത്തെയും സഹൃദയനെയും ഏകീഭവിപ്പിക്കുന്ന ഈ അസുലഭ ഭാവമാണല്ലോ ഉത്തമകലയുടെ സ്വഭാവം.

'കല്യാണാലയ! വാചം മേ വല്ലഭ! കേൾക്ക', 'ദാനവാരി മുകുന്ദനെ', 'കലയാമി സുമതേ! ഭൂസുരമൗലേ', 'അജിത! ഹരേ! ജയ, മാധവ! വിഷ്ണോ', 'സാരസനേത്ര! പോരുമേ കുചിപിടകം', 'മതിമുഖി! മമനാഥേ', 'സുദിനം താവക സംഗാൽ', 'പുഷ്കരവിലോചന! തവ കൃപാകാരണേന' മുതലായ പദങ്ങൾ സുശിക്ഷിതമായ വിദഗ്ദ്ധകണ്ഠങ്ങളിൽ നിന്നു നിർഗളിക്കുമ്പോൾ ഏതു സഹൃദയഹൃദയമാണു നിർവൃതികൊള്ളാത്തത്!

അരങ്ങത്ത്

കളിയരങ്ങുകളിൽ പ്രചുരപ്രചാരം നേടിയിട്ടുള്ള ഏതാനും കഥകൾ പരിഗണിക്കുകയാണെങ്കിൽ അവയിൽ സമ്മാന്യമായ ഒരു സ്ഥാനം കുചേലവൃത്തത്തിനുണ്ട്.

കോട്ടയത്തു തമ്പുരാൻ, ഇരയിമ്മൻതമ്പി, അശ്വതി തിരുനാൾ, കവീന്ദ്രൻ, ഉണ്ണായിവാര്യർ എന്നിവരാണല്ലോ ആട്ടക്കഥാകാരന്മാരിൽ അത്യുന്നതപ്രതിഭകൾ. സംഗീതസാഹിത്യസമ്പന്നതയിലോ, രംഗവൈവിധ്യത്തിലോ, ചിട്ടകളിലോ, രസപ്രകർഷത്തിലോ, സർവാംഗീണസൗന്ദര്യഗാംഭീര്യങ്ങളിലോ അവരുടെ കൃതികളോടു കിടനിൽക്കുന്നു കുചേലവൃത്തം എന്നു പറയാൻ ആർക്കും സാദ്ധ്യമല്ല. എന്നാലും കുചേലവൃത്തം ആടാത്തതായി ഏതരങ്ങാണുള്ളത്? എന്താണീ സാർവജനീനസമ്മതിക്കു കാരണം? അപഗ്രഥനാതീതവും അനുഭവൈകവേദ്യവുമായ ഒരുൽകൃഷ്ടഭാവം കുചേലവൃത്തത്തിലുടനീളം പരിമളം പരത്തുന്നു, അതായിരിക്കാം.

അർത്ഥം അനർത്ഥമൂലമെന്നും ഈശ്വരാധിക്യമൊരുവനും ചെറുമരുതെന്നും വിശ്വസിക്കുന്ന ദരിദ്രനും ഭക്തോത്തംസവുമായ കുചേലൻ, ഭക്തയെങ്കിലും ഭർത്താവോളം വിരക്തയായിട്ടില്ലാത്ത കുചേലപത്നി, കരുണാപയോധിയും ഭക്തദാസനുമായ ശ്രീകൃഷ്ണൻ, രണ്ടാമതും ഉല്ലാസത്തോട് അവൽ വാരുവാനാഞ്ഞപ്പോൾ മുരാന്തകകരം മെല്ലെപ്പിടിച്ച രുക്മിണി—അനന്യങ്ങളായ കഥാപാത്രങ്ങൾ. അഭ്യാസബലവും പുരാണപരിചയവും മനോധർമവുമുള്ള നടന്മാർക്ക് അഭിനയത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ വിഹരിക്കാനുള്ള വക ഈ കഥാപാത്രങ്ങൾ നൽകുന്നു. 'അന്തണനെക്കണ്ടിട്ട സന്തോഷം കൊണ്ടോ തസ്യദൈന്യം ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപം കൊണ്ടോ' ശൗരി കണ്ണുനീരണിഞ്ഞു എന്ന് വാര്യർ പാടുന്നുണ്ടല്ലോ. സഹൃദയരായ ദ്രഷ്ടാക്കളെ മുഴുവൻ കണ്ണുനീരണിയിക്കുന്നതാണ് മിക്ക രംഗങ്ങളും—പ്രത്യേകിച്ച് കൃഷ്ണ-കുചേലന്മാരുടെ സൗഹൃദത്തിന്റെ ഹൃദ്യമധുരിമ നിറഞ്ഞുതുളുമ്പുന്ന രംഗങ്ങൾ.

'ലക്ഷ്മീകാമുകനിമ്പമോടവൽ ഭുജിച്ച്...' എന്ന ശ്ലോകവും തുടർന്നുള്ള രണ്ടു പദങ്ങളും ആലപ്പള്ളിൽ കേശവപിള്ള എന്ന കവി എഴുതിച്ചേർത്തതാണെന്നു പറയപ്പെടുന്നു. കുചേലനിർഗമനത്തിനുശേഷം ബലരാമനും ശ്രീകൃഷ്ണനും തമ്മിൽ 'സമന്തകതീർത്ഥാപ്ലവന'ത്തെപ്പററി ആലോചിക്കുന്ന അവസാനരംഗം സാധാരണയായി ആടിക്കാണാറില്ല. കുചേലകഥാഖ്യാനം ചെയ്ത മററൊരു കവിയും ഇങ്ങനെയൊരു രംഗം കാവ്യവിഷയമാക്കിക്കാണുന്നുമില്ല (ഭാഗവതത്തിൽ കുചേലഗതിക്കുശേഷം ഈ ഭാഗം പ്രതിപാദിച്ചിട്ടുണ്ട്). കുചേലവൃത്തത്തിനൊരു പൂർവ്വപീഠികയെന്നരീതിയിൽ വിരചിതമായ 'പൂർവഭാഗ'ത്തിൽ ബലരാമനോടുകൂടിയ ശ്രീകൃഷ്ണനെ അവതരിപ്പിച്ചുകൊണ്ടാണല്ലോ കഥ തുടങ്ങുന്നതു്. അതേ കഥാപാത്രങ്ങളെക്കൊണ്ടുതന്നെ അവസാനരംഗവും നിർവഹിപ്പിച്ചിരിക്കുന്നു കവി.

ഇടവൂർ മഠം,
വാഴാർമംഗലം,
ചെങ്ങന്നൂർ.
8. 4. 89.

ഇ. പി. നാരായണഭട്ടതിരി

ആക്സഷൻ
75187
29/6/89
THE TRICHUR PUBLIC LIBRARY
TRICHUR-20

രംഗം ഒന്ന്

കുചേലഗൃഹം. കുചേലനും കുചേലപത്നിയും.

ശ്ലോകം

ഉശാനി–ത്രിപുട

കാലേസ്മിൻ സദനേ മുനേർമ്മുരഭിദ–
സ്സാന്ദീപനേസ്സാദരം
സമ്പ്രാപ്തം ഖലു പൂർവമേക ഗുരുതാം
വിപ്രം കുചേലാഭിധം
നിസ്വഞ്ചാ പിധനേഷു നിസ്പൃഹമുപേ–
ത്യാപത്യയുക്താ സതീ
ദാരിദ്ര്യാധിഗമാദ്വിഷാദവിവശാ
ഭർത്താരമാഹൈകദാ.

അസ്മിൻകാലേ–അക്കാലത്തു്; ഏകദാ–ഒരിക്കൽ; പൂർവം–മുമ്പു (പണ്ടു്); സാന്ദീപനേഃ മുനേഃ–സാന്ദീപനിമുനിയുടെ; സദനെ–ഗൃഹത്തിൽ; മുരഭിദഃ–മുരഭിത്തിന്റെ (മുരാരിയായ കൃഷ്ണന്റെ); ഏകഗുരുതാം സമ്പ്രാപ്തം ഖലു–ഏകഗുരുതയെ (ഒരേ ഗുരുവിന്റെ ശിഷ്യത്വത്തെ) പ്രാപിച്ച; നിസ്വഞ്ചാപി–നിസ്വൻ (ദരിദ്രൻ) എങ്കിലും; ധനേഷുനിസ്പൃഹം–ധനങ്ങളിൽ (ഐഹികൈശ്വര്യങ്ങളിൽ) ആശയില്ലാത്തവനുമായ; ഭർത്താരം കുചേലാഭിധം വിപ്രം–ഭർത്താവായ കുചേലവിപ്രനെ; ഉപേത്യ–സമീപിച്ചിട്ടു്; ദാരിദ്ര്യാധിഗമാത്–ദാരിദ്ര്യാധിക്യം നിമിത്തം; വിഷാദവിവശാ–ദുഃഖപരവശയായി; അപത്യയുക്താ–സന്താനങ്ങളോടുകൂടിയ; സതീ–(ആ) പതിവ്രത; സാദരം–ആദരപൂർവം; ആഹ–പറഞ്ഞു.

വൃത്തം: ശാർദൂലവിക്രീഡിതം.

രാമപുരത്തുവാര്യർ:

''അക്കാലത്തൊന്നിച്ചു ഗുരുകുലവാസംചെയ്കമൂലം
ചിൽക്കാല്ലു സതീർത്ഥ്യനായിരുന്ന വിപ്രൻ
ചൊല്ലേറുക കുചേലൻ ഭക്തികൊണ്ടു ദാരിദ്ര്യദുഃഖവു–
മുറക്കൊള്ളാതെകണ്ടില്ലത്തു ഭജിച്ചിരുന്നു.

ഭക്തിയേറും ഭഗവാങ്കലെങ്കിലുമവന്റെ ഭാര്യ
ഭർത്താവോളം വിരക്തയായില്ല, ഭക്ഷിച്ചേ
ശക്തിയുള്ള ശുശ്രൂഷിപ്പാനെന്നായിട്ടേകദാ സതി
സക്തിയോടുകൂടിപ്പതിയോടു പറഞ്ഞു.''

കുഞ്ചൻനമ്പ്യാർ:

''സുചേഷ്ടിതംകൊണ്ടു ജഗൽപ്രസിദ്ധൻ
കുചേലനെന്നുള്ളൊരു ഭൂമിദേവൻ
വശിത്വമുറക്കൊണ്ടു മഹാദരിദ്രൻ
വസിച്ചു സാന്ദീപനി വാസദേശേ.

വിശപ്പുകൊണ്ടാശു തളർന്നു മേവും
ശിശുക്കളെക്കണ്ടു വിഷാദമോടെ
വിശുദ്ധനാം ഭൂസുരനോടു ചൊന്നാ–
ളശങ്കിതം ഭൂസുരധർമപത്നി.''

പദം:

കുചേലപത്നി:

കല്യാണാലയാ! വാചം മേ വല്ലഭാ! കേറക്ക
മല്ലാരിപ്രിയാ! സാദരം.
കല്യ! കർമനിർമുക്തനല്ല നൂനം തേന
ചൊല്ലുന്നു ശുചം വിപ്രതല്ലജാ! ഗുണാംബുധേ! (കല്യാ)

ഇല്ലാ മറെറാരുവക്കേവം ദാരിദ്ര്യദുഃഖം
ഇല്ലവുമതി ജീർണമായ്
ദുർല്ലഭം യദിസർവം ശാല്യന്നമത്തും കാണ്മാ_
നില്ലാ വസ്ത്രവും പാർത്താലല്ലലതുകൊണ്ടേററം

ഓരോരോ പുരങ്ങറതോറും ചെന്നു യാചിച്ചാൽ
കാരുണ്യമുദിപ്പോരില്ലേ.

കല്യാണാലയ! – മംഗളങ്ങറക്കിരിപ്പിടമായവനെ; മേ വാചം–എന്റെ വാക്ക്; മല്ലാരിപ്രിയാ!–മല്ലവൈരിയായ കൃഷ്ണന്റെ പ്രിയപ്പെട്ടവനായവനെ; കർമനിർമുക്തനല്ല–ലൗകിക കർമങ്ങളിൽനിന്നു വിമുക്തനല്ല; തേന–അതിനാൽ; ശുചം–ശോകത്തെ; വിപ്രതല്ലജാ!–ബ്രാഹ്മണോത്തമ; ദുർല്ലഭം യദി

സൂരാസ്സമയേ നോചേദാര്യ! കളമാലവം
പാരാതെ തരുമത്തുകാരണമെത്ര കഷ്ടം! (കല്യാ)

ചിക്കനെ കലാപങ്ങളെ വല്ലത്തുംകൊണ്ടു
വിക്രയംചെയ്തു ഭക്ഷിപ്പാൻ
പൊൻകുണ്ഡലവും താലീവർഗം കങ്കണങ്ങളും
മൽക്കരത്തിങ്കലില്ലെന്നുംക്കാമ്പിൽ ബോധമല്ലോ. (കല്യാ)

ബാലഭാസ്കരൻ പൂർവാദ്രിമൗലിയിലായാൽ
ബാലന്മാർ വിശന്നുവന്ന്
കാലിണയവലംബിച്ചാലാപിച്ചീടുന്നേരം
മാലുള്ളതുരചെയ്‌വാനാളല്ല ഫണീന്ദ്രനും (കല്യാ)

ഭർത്താവേ! തവ വയസ്യൻ കേശവനെന്നു
കീർത്തിയുണ്ടത്തു നിർണയം.
ദൈത്യാരി മുകുന്ദനെ പ്രീത്യാ ചെന്നു കണ്ടേവം
വൃത്താന്തമുണർത്തിച്ചാലാർത്തിശാന്തിയുണ്ടാകും (കല്യാ)

നിർവാണപ്രദൻ ഗോവിന്ദൻ ശർവാദിവന്ദ്യൻ
ഉർവീഭാർഗവീനായകൻ
ചാർവംഗീ ഗണേശനോ ദുർവാരദരിദ്രത്വം
നിർവാദമൊഴിച്ചീടും ഉർവരാ സുരമൗലേ. (കല്യാ)

പണ്ടു നീ ഗുരുമന്ദിരാൽ വേർപിരിഞ്ഞതിൽ
ഉണ്ടോ കൊണ്ടൽനേർവർണനെ–
ക്കണ്ടു കല്പകവൃക്ഷം കാലിണ തൊഴുവോർക്ക–
ന്നിണ്ടലിതുണർത്തിച്ചാലുണ്ടാകും കൃപാമൃതം (കല്യാ)

രാമപുരത്തുവാര്യർ:

''ചില്ലീനമാനസ! പതേ! ചിരന്തനനായ പുമാൻ
ചില്ലി ചുളിച്ചൊന്നു കടാക്ഷിപ്പാനോർക്കണം
ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും
ഇല്ലം വീണു കുത്തുമാറായതും കണ്ടാലും.

സർവം—എല്ലാം ദുർല്ലഭമാണെങ്കിലും; ശാല്യന്നമത്തും—നെല്ലരിച്ചോറുപോലും; നോചേദ്—അല്ലെങ്കിൽ; കളമാലവം—അല്പം നെല്ല്; കലാപങ്ങൾ—ആഭരണങ്ങൾ; ശർവാദിവന്ദ്യൻ–ശിവൻ മുതലായവരാൽ വന്ദിക്കപ്പെടുന്നവൻ; ഉർവീഭാർഗവീനായകൻ—ഭൂമീദേവിയുടെയും ലക്ഷ്മീദേവിയുടെയും നാഥൻ; ചാർവംഗീഗണം—സുന്ദരീഗണം (ചാരു+അംഗി); ദുർവ്വാരദരിദ്രത്വം—മാററാൻ പ്രയാസമായ ദാരിദ്ര്യം; ഉർവരാ—ഭൂമി(സർവസസ്യസമ്പന്നയായ ഭൂമി.)

വല്ലഭേ! കേട്ടാലും പരമാത്മമഗ്നനായ ഭവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല.
സർവവേദശാസ്ത്രപുരാണജ്ഞൻ ഭവാൻ, ബ്രഹ്മശക്ര-
ശർവവന്ദ്യനായ ശൗരി തവ വയസ്യൻ,
നിർവാണദനായ ലക്ഷ്മീപതിയെച്ചെന്നു കണ്ടാലീ
ദുർവാരദാരിദ്ര്യദുഃഖമൊഴിയും നൂനം.
ഗുരുഗൃഹത്തിങ്കൽനിന്നു പിരിഞ്ഞതിൽപ്പിന്നെ ജഗൽ-
ഗുരുവിനെയുണ്ടോ കണ്ടു? വെറുതേ ഗുണം
വരികയില്ലാർക്കും, ഭഗവാനേക്കാണ്മാൻ കാലേതന്നെ
വിരയെ യാത്രയാകേണമെന്നു തോന്നുന്നു.''

നമ്പ്യാർ:

ദരിദ്രനെന്നാകിലുമത്രമാത്രം
കരത്തിലില്ലാത്ത ജനം ചുരുക്കം
ധരിക്ക നീ നാഥ! നമുക്കിദാനീ-
മൊരിക്കലെഷ്ടിക്കുമുപായമില്ല.

ഇല്ലങ്ങളിൽച്ചെന്നു നടന്നിരന്നാ-
ലില്ലെന്നു ചൊല്ലുന്ന ജനങ്ങളേറും
അല്ലെങ്കിലാഴക്കരി നൽകുമപ്പോ
നെല്ലെങ്കിൽ മൂഴക്കതുമന്തിനേരം.

ഉഴക്കു ചോർകൊണ്ടൊരു വാസരാന്തം
കഴിക്കുമഞ്ചാറു ജനങ്ങളിപ്പോ
കിഴക്കുദിക്കുമ്പൊഴുതാത്മജന്മാർ
കഴല്ക്കുകെട്ടിക്കരയുന്നു കാന്താ!

മററുള്ളതെപ്പേരുമെടുത്തു വിററും
കൊററിന്നു നൽകുന്നു ഗൃഹസ്ഥരെല്ലാം
മുററും ഭവാനുണ്ണികളെപ്പുലർത്താ-
നൊട്ടും മനസ്സില്ല മഹീസുരേന്ദ്ര!

അപേക്ഷയുള്ളോരു ജനത്തിനെല്ലാ-
മുപേക്ഷ കൂടാതെ കൊടുക്കുമീശൻ
മനക്കുരുന്നിൽ കനിവുള്ള കൃഷ്ണൻ
നിനക്കു പണ്ടേ സഖിയെന്നു കേൾപ്പൂ.

വിവാഹമീരെട്ടു സഹസ്രമെട്ടും
വിധിക്കു ചേരുംപടിചെയ്തവൻപോൽ
അവർക്കു വേണ്ടുന്ന വിഭൂതിയെല്ലാ-
മവൻ കൊടുക്കുന്നു നിരന്തരംപോൽ.

ഗമിക്ക നീ, ചെന്നിഹ കണ്ടുപോന്നാൽ
നമുക്ക വേണ്ടുന്നതു നൽകുമല്ലോ
രമസ്സു ചേതോഹരനായ കാന്തൻ
ക്ഷമിക്കുമോ നമ്മുടെ ദീനഭാവം.''

THE TRICHUR PUBLIC LIBRARY TRICHUR-20

പദം:

കുചേലൻ:

കാമോദരി—ചമ്പ

പാഥോജവിലോചനേ! നാഥേ! നീ കഥിച്ചതു
യാഥാർത്ഥ്യമേവ നൂനം.
പാൎത്ഥസാരഥ്യംചെയ്ത തീൎത്ഥപാദൻ തന്നെക്കാണ്മാൻ
യാത്രയുണ്ടു നാളെ ബാലേ!
അൎത്ഥമിന്നനൎത്ഥമൂലം വ്യർത്ഥമതിലെന്തേ മോഹം
ഇത്ഥം ചിന്തിച്ചഹോ രിക്ഥേ ചിത്തവാഞ്ഛയില്ലെനിക്കു്
ദേഹാപായാവധി നൃണാം മോഹാരോഹം നിലയില്ലേ
ഊഹാധിക്യമൊരുവന്നും ഹാ ഹാ! ചെറുമരുതല്ലോ.
ഏവമെന്നാകിലും ജായേ! ദേവകീനന്ദനാ ലോകം
കൈവല്യകാരണമെന്നു കാർവേണി! ഞാൻ കരുതുന്നേൻ.
ലോകനാഥനെക്കാണുമ്പോളേകണം വല്ലുപദയും
രാകാരമ്യാനനേ! ചെററുമാകാ ഹൃദയചാഞ്ചല്യം.
ലാജസുമ ചിപിടക വാജിഗജ ഫലാദിഷു
രാജീവാക്ഷി! ഏതെന്നാലും വ്യാജഹീനം യഥാശക്തി
മല്ലവൈരി ഭഗവാനിന്നെല്ലാ വസ്തുക്കളും ചേരും
ചൊല്ലിയതിലൊന്നു വേഗം കല്യാണാംഗി! തന്നീടണം.
പാരാളും പ്രഭുവെക്കാണ്മാനാരും കൈക്കലൊന്നുംകൂടാ-
താരോമലേ! നിജപുരാദാരംഭിച്ചീടൊലാ പോകാൻ.

പാഥോജം—താമര; യാഥാൎത്ഥ്യമേവ—യഥാൎത്ഥം തന്നെ; തീൎത്ഥപാദൻ—പുണ്യപാദൻ, വിഷ്ണു; അർത്ഥമിന്നനൎത്ഥമൂലം—ധനം അനൎത്ഥത്തിനു കാരണമാണു്; വ്യർത്ഥം—യാതൊരു പ്രയോജനവുമില്ലാത്തതു്; രിക്ഥം—ധനം, സമ്പത്തു്, സ്വർണം; ദേഹാപായാവധി—ദേഹനാശം (മരണം)വരെ; നൃണാം—മനുഷ്യർക്കു്; ഊഹാ—ആഗ്രഹം; ഉപദാ—കാഴ്ചദ്രവ്യം, സമ്മാനം; രാകാരമ്യാനന—പൂൎണ്ണിമപോലെ മനോഹരമായ മുഖത്തോടുകൂടിയവർ; രാകാ—വെളുത്ത വാവുന്നാൾ, പൂർണിമ; ലാജസുമചിപിടകവാജിഗജഫലാദിഷു—മലരു്, പുഷ്പം, അവൽ, അശ്വം, ആന, ഫലം മുതലായവയിൽ; പാരാളും പ്രഭു—ലോകത്തെ ഭരിക്കുന്ന പ്രഭു; നിജപുരാത്—സ്വഭവനത്തിൽനിന്നു്.

വാര്യർ:

''പറഞ്ഞതങ്ങനെതന്നെ, പാതിരാവായല്ലോ പത്നി!
കുറഞ്ഞൊന്നുറങ്ങട്ടെ ഞാ,നുലകീരേഴും
നിറഞ്ഞ കൃഷ്ണനെക്കാണ്മാൻ പുലർകാലേ പുറപ്പെടാം
അറിഞ്ഞു വല്ലതും കൂടെത്തന്നയയ്ക്കേണം.
ത്രിഭുവനമടക്കിവാണിരുന്നരുളുന്ന മഹാ—
പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ
സ്വഭവനത്തിങ്കൽനിന്നു ഗമിക്കരുതാരും കൈക്ക—
ലിഭവുമാമിലയുമാം കുസുമവുമാം.
അവിലുമാം മലരുമാം ഫലവുമാം യഥാശക്തി
മലർക്കന്യാ മണവാളനൊക്കെയുമാകും.
മലംകള, മനസ്സിലിന്നെന്തു വേണ്ടെന്നറിയാഞ്ഞു
മലയ്ക്കേണ്ട,ചൊന്നതിലൊന്നുണ്ടാക്കിയാലും.''

നമ്പ്യാർ:

അനന്തരം ബ്രാഹ്മണനേവമൂചേ
''ധനം തരും ദേവനനന്തരൂപൻ
അനർത്ഥമൂലം ധനമെന്നു കല്പി—
ച്ചെനിക്കതിങ്കൽ കൊതിയില്ല ബാലേ!

ധനിക്കു ശത്രുക്കളസംഖ്യമുണ്ടാം
മനക്കരുന്നിൽ ഭയമേറ്റമുണ്ടാം
തനിക്കലംഭാവവുമില്ല പിന്നെ—
ക്കനക്കവേ കൈതവമേറ്റമുണ്ടാം.

കഷ്ടിച്ചു കൃത്യം കഴിയുന്നവനും
അഷ്ടിക്കു മുട്ടാതെ വസിപ്പവനും
കെട്ടിദ്ധനം നേടിയിരിപ്പവനും
പെട്ടെന്നു തുല്യം ഖലു വൃത്തി ദുഃഖം.

എന്നാകിലും ഞാനഥ ചെന്നുപോരാം
തന്നാകിലോ ഞാനതു കൊണ്ടുപോരാം
നന്ദാത്മജൻ തന്റെ മുഖാരവിന്ദം
മന്ദസ്മിതാർദ്രം ബത! കണ്ടുപോരാം.''

രംഗം രണ്ട്

കുചേലഗൃഹം. കുചേലനും പത്നിയും

ശ്ലോകം

ഇത്ഥം ഭർത്തൃഗിരം നിശമ്യ വിദുഷീ
　　　　വിപ്രാംഗനാ വിദ്രുതം
യാമിന്യാമഭിശസ്തി ലബ്ധകുടബ
　　　　വ്രീഹിം വിധായോപദം
മൃദ്ഗ്രാവാഭിവിമിശ്രിതം ചിപിടകം
　　　　ഹസ്തേ വഹന്തീ സതീ
ഭർത്താരം സമുപേത്യ ഭക്തിവിവശാ
　　　　വാചം സമാചഷ്ട തം.

വാര്യർ:

''ഇപ്രകാരം ഭർത്താവിൻെറ വാക്കുകേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചുകൊണ്ടുവന്ന ധാന്യം,
ക്ഷിപ്രമിരുട്ടത്തിടിക്കുകൊണ്ടു കല്ലും നെല്ലുമേറു–
മപ്പൃഥുകം പൊതിഞ്ഞൊരു തുണിയിൽക്കെട്ടി,
കാലത്തെഴുന്നേററു കുളിച്ചുതൂത്തുവന്ന പതിയുടെ
കാലടിവന്ദിച്ചു പൊതി കൈയിൽക്കൊടുത്തു.''

ഇത്ഥം–ഇപ്രകാരം; ഭർത്തൃഗിരം നിശമ്യ–ഭർത്താവിൻെറ വാക്കു കേട്ടിട്ട്; വിദുഷീസതീവിപ്രാംഗനാ–അറിവുള്ളവളും പതിവ്രതയുമായ (ആ) ബ്രാഹ്മണസ്ത്രീ; അഭിശസ്തിലബ്ധ–യാചിച്ചു കിട്ടിയ; കുടബവ്രീഹിം–നാഴിനെല്ല്; യാമിന്യാം–രാത്രിയിൽ; വിദ്രുതം–പെട്ടെന്ന്; ഉപദാം വിധായ–കാഴ്ചദ്രവ്യമാക്കിയിട്ട് (നെല്ലുകൊണ്ടു കാഴ്ചദ്രവ്യമുണ്ടാക്കിയിട്ട്); മൃദ്ഗ്രാവാഭിവിമിശ്രിതം–മണ്ണും കല്ലും ധാരാളം കലർന്ന; ചിപിടകം–അവൽ; ഹസ്തേവഹന്തീ–കൈയിൽ വച്ചുകൊണ്ട്; ഭർത്താരം സമുപേത്യ–ഭർത്താവിനെ സമീപിച്ചിട്ട്; തം–അദ്ദേഹത്തോട്; വാചം സമാചഷ്ട–വാക്കു പറഞ്ഞു.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

നമ്പ്യാർ:

''കനിഞ്ഞു വിപ്രൻ പറയും ദശായാം
ത്തുനിഞ്ഞു വക്കററു മുഷിഞ്ഞ വസ്ത്രേ
ഉഴക്കവൽക്കട്ട വരിഞ്ഞുകെട്ടി–
ക്കഴല്ക്ക കുമ്പിട്ട കൊടുത്തയച്ചാൾ.''

പദം:

കുചേലപത്നി:

നാഥനാമക്രിയ—ചമ്പ

കാരുണ്യനിധേ! കാന്ത! കഴലിണ കൈ തൊഴുന്നേൻ
കമലാക്ഷനുള്ളപഹാരം കനിവോടു ഗ്രഹിച്ചാലും.
കർപ്പടസമ്പുടാന്തഃസ്ഥമിപ്പൃഥുകം വാങ്ങി മോദാൽ
വിപ്രപുംഗവ, ഭവാനും ക്ഷിപ്രംയാഹി കുശസ്ഥലീം
അല്പമാമുപായനേന ചിൽപ്പുമാനാം മുകുന്ദനെ
സുപ്രസന്നനാക്കിബ്ഭവാനിപ്പൊഴേ പോന്നീടവേണം.

പദം:

കുചേലൻ:

മാരധനാശി–മുറിയടന്ത

മഞ്ജുളാംഗി! നിൻെറ കാമം അഞ്ജസാ സാധിക്കും ബാലേ!
സഞ്ജാത സന്തോഷത്തോടു കുഞ്ജരഗമനേ, യാമി.
കൊണ്ടൽവർണ്ണൻ മുകുന്ദനെ കണ്ടുപോന്നീടുവനെൻെറ
കൈയിൽ വല്ലതും തന്നെങ്കിൽ കൊണ്ടുവന്നു തന്നീടുവൻ.

കർപ്പടം-പഴന്തുണി; സമ്പുടം—ചെപ്പ്, പൊതി; കടപ്പ്സമ്പുടാന്തഃസ്ഥം—പഴന്തുണിപ്പൊതിക്കകത്തുള്ള; പൃഥുകം—അവൽ; വിപ്രപുംഗവ—ദ്വിജശ്രേഷ്ഠ. യാഹി–പോയാലും; കുശസ്ഥലീം–ദ്വാരകയെ (ദ്വാരകയിലേക്ക്); ഉപായനേന–കാഴ്ചദ്രവ്യംകൊണ്ട്; ചിൽപുമാൻ—ജ്ഞാനസ്വരൂപൻ, പരമാത്മാവ്.

അഞ്ജസാ_താമസംവിനാ; കുഞ്ജരഗമന—മത്തേഭഗാമിനി, സുന്ദരി; യാമി—ഞാൻ പോകുന്നു.

''പതിയുടെ കാലടി വന്ദിച്ചു പൊതി കൈയിൽക്കൊടുത്തു'' എന്ന് വാര്യരും ''കഴല്ക്കു കുമ്പിട്ടു കൊടുത്തയച്ചാൾ'' എന്നു നമ്പ്യാരും ഈ ഭാഗം സമാപിപ്പിച്ചിരിക്കുന്നു. ആട്ടക്കഥയിലാകട്ടെ, കുചേലൻേറതും പത്നിയുടേതുമായി ഓരോ ചെറിയ 'പദം' കൂടിയുണ്ട്. അഭിനയപ്രധാനമായ ദൃശ്യകാവ്യമായതിനാൽ ഇതു് ഔചിത്യപൂർവംതന്നെ.

THE TRICHUR PUBLIC LIBRARY
TRICHUR-20

രംഗം മൂന്നു്

ദ്വാരകയിലേക്കുള്ള മാർഗം

ശ്ലോകം

പുന്നാഗവരാളി—ചെമ്പട

ധാത്രീനിർജരവര്യനാത്മമഹിഷീ
മുക്ത്വൈവ യാത്രാം നിജം
കൃത്യം പ്രാതരരം വിധായവിധിവത്
കൗതുഹലം പൂണ്ടുടൻ
ദൈത്യാരാതിയിലൊട്ടേഴന്നൊരു മഹാ
ഭക്ത്യബ്ധിമദ്ധ്യേ ചിരം
സ്നാത്വാ മംഗലവീക്ഷണേന കമലാ
ജാനേഃ പുരീ നിര്യയൗ.

വാര്യർ:

കുലംകഷകുതൂഹലം കുടയുമെടുത്തിട്ടനു—
കൂലയായ പത്നിയോടു യാത്രയും ചൊല്ലി,
ബാലാദിത്യവെട്ടം തുടങ്ങിയനേരം, കൃഷ്ണനാമ—
ജാലങ്ങളെ ജപിപ്പുതും ചെയ്തുകുചേലൻ,
ചാലേവലത്തോട്ടൊഴിഞ്ഞ ചകോരാദിപ്പക്ഷികടെ
കോലാഹലം കേട്ടുകൊണ്ടു വിനിർഗമിച്ചു.

ധാത്രീനിർജരവര്യൻ—ഭൂദേവശ്രേഷ്ഠൻ; ആത്മമഹിഷീം—സ്വപത്നിയോടു്; യാത്രാം ഉക്ത്വാ ഏവ-യാത്ര പറഞ്ഞിട്ടു്; പ്രാതര്-പ്രഭാതത്തിൽ; നിജംകൃത്യം—സ്വകൃത്യത്തെ; അരം—പെട്ടെന്നു്; വിധിവത്വിധായ—യഥാവിധി അനുഷ്ഠിച്ചിട്ടു്; കൗതുഹലം പൂണ്ടുടൻ—താത്പര്യപൂർവ്വം (കൗതുകത്തോടുകൂടി); ദൈത്യാരാതിയിലൊട്ടേഴന്നൊരു—ശ്രീകൃഷ്ണനിലുള്ള; മഹാഭക്ത്യബ്ധിമദ്ധ്യേ—മഹാഭക്തിയാകുന്ന സമുദ്രത്തിന്റെ നടുക്കു്; ചിരം—ദീർഘനേരം; സ്നാത്വാ—മുങ്ങിയിട്ടു് (മുഴുകിയിട്ടു്); മംഗലവീക്ഷണേന—മംഗള(ശകുന)ദർശനത്തോടുകൂടി; കമലാജാനേഃ—ലക്ഷ്മീപതിയുടെ; പുരീ—പുരിയിലേക്കു്; നിര്യയൗ—യാത്ര പുറപ്പെട്ടു.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

നാഴികതോറും വളരും ഭക്തി നൽകുമാനന്ദമാ—
മാഴിയിങ്കലുടനുടൻ മുഴുകുകയും,
താഴുകയുമെഴുകയും ചെയ്തു കാലമല്പംപോലും
പാഴാക്കാതെ പോയി വിപ്രൻ വിവിധങ്ങളാം
ഗ്രാമനഗരാദികളെക്കടന്നിട്ടു സജ്ജനാനാം—
ഗ്രാമണി ഗമിക്കുന്നേരമഗണ്യമായ
രാമാനുജൻെറ ഹൃദയമറിവാൻമേലയെന്നിട്ടു
രോമാഞ്ചമണിഞ്ഞീവണ്ണം വിചിന്തചെയ്തു.''

കുചേലൻ സ്വഗൃഹത്തിൽനിന്നു പുറപ്പെട്ടു് മുകുന്ദഗേഹത്തിലെത്തുംവരെയുള്ള ഭാഗം, നമ്പ്യാർ

''മുദാ ഗമിച്ചാശു കുചേലവിപ്രൻ
മുകുന്ദഗേഹത്തിനകത്തു പുക്കാൻ''

എന്ന ശ്ലോകാർദ്ധംകൊണ്ടു് 'ശ്ലോകത്തിൽ കഴി'ച്ചിരിക്കയാണു്. കേവലം മുപ്പതു ശ്ലോകങ്ങളിൽ കുചേലകഥ സംക്ഷേപിക്കുമ്പോൾ ഇത്രമാത്രത്തിനല്ലേ സ്ഥാനമുള്ളു. കുചേലൻെറ യാത്രയും, ചിന്താപരമ്പരയും, ദ്വാരകാദർശനവുമെല്ലാം രാമപുരത്തുവാര്യർ സാമാന്യം ദീർഘമായിത്തന്നെ വർണിച്ചിരിക്കുന്നു. ആട്ടക്കഥാകാരൻ ഒരു 'പദ'വും ഒരു ദണ്ഡകവുംകൊണ്ടാണു് കുചേലനെ കുശസ്ഥലിയിലെത്തിക്കുന്നതു്.

ദാരിദ്ര്യദുഃഖത്തെപ്പററിയും അതിൻെറ നിവാരണത്തിനുള്ള മാർഗത്തെപ്പററിയും കുചേലപത്നി ദീനതയോടെ ഭർത്താവിനെ അറിയിക്കുന്നുണ്ടല്ലോ. ഈ ഭാഗത്തിനു മാത്രമായി എട്ടു ശ്ലോകങ്ങളാണു് നമ്പ്യാർ വിനിയോഗിക്കുന്നതു്, ആകെയുള്ള മുപ്പതു ശ്ലോകങ്ങളിൽ! നാരായണീയം (മേല്പത്തൂർ) 87—ാം ശ്ലോകത്തിൽ (കുചേലവൃത്തം) ഒററ വരി മാത്രംകൊണ്ടു് ഈ ഭാഗം പ്രതിപാദിക്കുന്നു എന്നും ഓർക്കുക.

''സമാനശീലാപി തദീയ വല്ലഭാ
തഥൈവ നോ ചിത്തജയം സമേയുഷീ
കദാചിദൂചേ ബത! വൃത്തിലബ്ധയേ
'രമാപതിഃ കിം ന സഖാ നിഷേവ്യതേ'.''

പദം:

കുചേലൻ:

ദാനവാരിമുകുന്ദനെ സാനന്ദം കണ്ടിടാൻ വിപ്രൻ
താനേ നടന്നീടിനാനേ ചിന്തചെയ്തു.

സൂനബാണസുഷമനാമാനന്ദമൂർത്തിയെച്ചെന്നു
നൂനം ഞാൻ കണ്ടീടുന്നുണ്ടു നിസ്സന്ദേഹം.
നാളീകാക്ഷൻതന്നെയെത്രനാളായിട്ടു കാണ്മാൻ ഞാനും
മേളിതസന്തോഷത്തോടു വാണീടുന്നു.
ആചാര്യാലയത്തിൽനിന്നു മോചിച്ചതില ച്യുതനാം
മേചകവർണനെക്കണ്ടിട്ടില്ലാ ഞാനും
പ്രാകൃത ഭൂസുരൻതന്നെക്കാണുന്നേരമുള്ളിൽ സർവ-
ലോകനാഥനുണ്ടാകുമോ വിസ്മൃതിയും?
അന്തണരിലേററം കൃപാസന്തതി മുകുന്ദനുള്ള
ചിന്തമൂലം ബന്ധുരാംഗൻ മാനിച്ചീടും.

വാര്യർ:

''നാളെനാളെയെന്നായിട്ടു ഭഗവാനേക്കാണ്മാനിത്ര-
നാളും പുറപ്പെടാഞ്ഞ ഞാനിന്നു ചെല്ലുമ്പോ ഠം
നാളീകനയനനെന്തു തോന്നുന്നോ ഇന്നു നമ്മോടു്!
നാളീകം കരിമ്പനമേലെഴുപോലയോ?

ദേശികദക്ഷിണ കഴിഞ്ഞതിൽപ്പിന്നെക്കാണാഞ്ഞ ഞാൻ
ദേവദേവനാലത്ഥിക്കപ്പെട്ടമെങ്കിലും
ദാശാർഹനെൻ ദാരിദ്ര്യമൊഴിച്ചയപ്പാൻ ബന്ധം വേണ്ട,
ദാസ്യസഖ്യാദികളും നിത്യന്മാർക്കുണ്ടാമോ?

താനു പണ്ടുണ്ടായ സാപ്തപദീനം തന്നെ പറഞ്ഞു,
കാണുമ്പോളഖിലേശനോടിരപ്പനിവൻ.
ദ്രോണർ ദ്രുപദനാലെന്നപോലെ നിന്ദിക്കപ്പെടുക
വേണമെന്നില്ലാദ്യനല്ലേ, പ്രഭുവല്ലല്ലോ!

മാനിയാമർജ്ജുനനോളം വലിപ്പമില്ല, ണ്ടെങ്കിലും
കൂനിയായ കുബ്ജയെക്കാളിളപ്പംകൊണ്ടും
മാനനീയത്വം വലിപ്പംകൊണ്ടുമെനിക്കേറും നൂനം
ദീനബാന്ധവൻ ബ്രാഹ്മണ്യദേവനല്ലയോ?

അന്തണരിലേകനെന്നാൽ കനിഞ്ഞു കൃഷ്ണനെത്രയും
ജന്തുവായ ജളനെയും പ്രസാദിപ്പിക്കും.
എന്തായാലും ചെന്താമരക്കണ്ണനെന്നേക്കാണുന്നേരം
സന്തോഷിക്കും സൽക്കരിച്ചയയ്ക്കയുംചെയ്യും.''

സൂനബാണസുഷമൻ—കാമോപമസുന്ദരൻ; മേചകവർണൻ—നീല വർണൻ, കൃഷ്ണവർണൻ; കൃപാസന്തതി—കാരുണ്യപൂരം (സന്തതി—പരമ്പര, കൂട്ടം, വ്യാപ്തി); ബന്ധുരാംഗൻ—സുന്ദരാംഗൻ; അന്തണർ—ബ്രാഹ്മണർ.

ദണ്ഡകം:

(കുചേലന്റെ യാത്രയെ വർണിക്കുന്നു)

ഏവം നിനച്ചവനിദേവൻ തദാ ഹരി വി—
ലോകേ മുദാസഹ നടന്നു—
നഗരികൾ കടന്നു—സരണിയതിൽ നിന്നു—
മുരമഥന പദകമല മധുരതര രജസിബത
ഹൃദയതളിരഴകിനൊടു ചേർന്നു.

പൃഥ്വീസുരൻ ജലധിമദ്ധ്യേ മുകുന്ദനുടെ
സംസ്ത്യായസംഘമപി കണ്ടു—
കുതുകതതിപൂണ്ടു—മനതളിർ പിരണ്ടു—
ചിത്രതരകുഡ്യമണിചത്വര ഗവാക്ഷരുചി
നേത്രയുഗസീമനി പിരണ്ടു.

ചാമീകരാവൃതികൾ ഭാമാ നിശാന്തചയ
രാമാലയാ പണകദംബം—
യദുജനകുടുംബം—ശരണനികുരുംബം
കണ്ടു ഹരിനഗര ഗുണഗണനമതിനഹിവരനു—
മവശതയൊടമ്പുമവിളംബം.

അവനിദേവൻ—ഭൂദേവൻ (ബ്രാഹ്മണൻ); ഹരിവിലോകേ—കൃഷ്ണ ദർശനത്തിൽ; സരണി—വഴി; മുരമഥനപദകമല മധുരതരരജസി—മുരാരിയുടെ പാദകമലത്തിലെ മധുരതരമായ പൂമ്പൊടിയിൽ; ജലധിമദ്ധ്യേ—സമുദ്രമദ്ധ്യത്തിൽ; സംസ്ത്യായം—ഭവനം, മൈതാനം; ചിത്രതരം—അതിവിചിത്രം; കുഡ്യം—ഭിത്തി, ചുവര്; മണിചത്വരം—രത്നമയമായ ചത്വരം; ചത്വരം—മുററം, നാലോ അതിൽ കൂടുതലോ വഴികൾ ഒരുമിച്ചുചേരുന്ന സ്ഥലം, തിരുത്തപ്പെടുത്തിയ തറ; ഗവാക്ഷം—കിളിവാതിൽ; രുചി—ശോഭ; നേത്രയുഗസീമനി—രണ്ടു കണ്ണുകളിലും; ചാമീകരാവൃതികൾ—സ്വർണാവരണങ്ങൾ; ഭാമാനിശാന്തചയം—സത്യഭാമയുടെ ശാന്തമായ ഭവനം; ചയം—സമൂഹം, ഭവനം; രാമാലയാപണകദംബം—സുന്ദരിമാരുടെ ആലയങ്ങൾ, കമ്പോളങ്ങൾ (ക്രയവിക്രയസ്ഥാനങ്ങൾ) മുതലായവയുടെ സമൂഹം; യദുജനകുടുംബം—യാദവന്മാരുടെ കുടുംബം; നികുരുംബം—കൂട്ടം; അഹിവരനുമവശതയൊടമ്പും—അനന്തൻപോലും അവശനായി പിന്തിരിയും; വിശ്വാസ്യചൈവം—ഏവം വിശ്വാസ്യ

വിശ്വാസ്യചൈവമവനാശൈവ ഭക്തിയോടു
നിശ്ശങ്കമായ് നട തുടങ്ങീ—
പുനരപി വിളങ്ങീ—ഹൃദിയഴലൊതുങ്ങീ—
മുരമഥന നാമജപമൊടു ഹരിപുരമഗമൽ
ഭക്തിമയവാരിധിയിൽ മുങ്ങീ.

വാര്യർ:

''ഈവണ്ണമാക്ഷേപ സമാധാനങ്ങളെച്ചെയ്തു ചിത്തം
കാർവർണ്ണങ്കലുറപ്പിച്ചു ചെഞ്ചെമ്മേ ചെല്ലും
ഭൂവിണ്ണോരിലഗ്രഗണ്യനായ കുചേലനാലഗ്രേ
സൗവർണ്ണയാം ദ്വാരവതി ദർശിക്കപ്പെട്ടു.

....

പട്ടിണികൊണ്ടു മെലിഞ്ഞ പണ്ഡിതനു കുശസ്ഥലീ—
പട്ടണം കണ്ടപ്പോഴേ വിശപ്പും ദാഹവും
പെട്ടെന്നകന്നുവെന്നല്ല, ഭക്തികൊണ്ടെന്നിയേ പണി—
പ്പെട്ടാലുമൊഴിയാത്ത ഭവാർത്തിയും തീർന്നു.

രാമാനുജാഞ്ചിത രാജധാനി സൽക്കരിച്ചേകിയ
രോമാഞ്ചകപ്പായമീറനായീ ചെഞ്ചെമ്മേ
സീമാതീതാനന്ദാശ്രുവിൽക്കുളിക്കകൊണ്ടു കുചേല—
ചോമാതിരിക്കതു ചുമടായിച്ചമഞ്ഞു.

ഭക്തിയായ കാററു കൈകണക്കിലേററുപെരുകിയ
ഭാഗ്യപാരാവാരഭംഗ പരമ്പരയാ
ശക്തിയോടുകൂടിവന്നു മാറിമാറിയെടുത്തിട്ടു
ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു.''

ച—ഇപ്രകാരം വിശ്വസിക്കയുംചെയ്തിട്ട്; ആശൈ്വവ—പെട്ടെന്നു തന്നെ (ആശു+ഏവ); ഹരിപുരം—ശ്രീകൃഷ്ണരാജധാനി; അഗമത്—ഗമിച്ചു.

വൃത്തം: ഇക്ഷുദണ്ഡിക എന്ന ദണ്ഡകം.

അമ്പതു വരികൾകൊണ്ടാണ് ദ്വാരകാപുരിയെ വാര്യർ വർണ്ണിക്കുന്നതു്. തന്റെ ആശ്രയദാതാവായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ തലസ്ഥാനനഗരിയെ വഞ്ചിപ്പാട്ടിന്റെ പ്രാരംഭത്തിൽ വർണ്ണിക്കുന്നുണ്ടു്. ആ അനന്തപുരീവർണ്ണനവും ഈ ദ്വാരകാപുരി വർണ്ണനവും തമ്മിൽ വളരെ സാദൃശ്യം കാണാവുന്നതാണ്. ആട്ടക്കഥാകാരൻ ദണ്ഡകത്തിലെ രണ്ടും മൂന്നും ഖണ്ഡങ്ങളിലാണ് ദ്വാരകാവർണ്ണനം നിർവഹിച്ചിരിക്കുന്നതു്. നല്ല മണിപ്രവാളത്തിലുള്ള ഈ ദണ്ഡകം മനോഹരമാണ്; നളചരിതകർത്താവിന്റെയോ തമ്പിയുടെയോ ദണ്ഡകങ്ങളോടു കിടനിൽക്കാൻ കഴിയുന്നില്ല എങ്കിലും.

രംഗം നാല്

ദ്വാരക. ശ്രീകൃഷ്ണന്റെ കൊട്ടാരം.

ശ്ലോകം

ഹർമ്മ്യേ ചാരുകശസ്ഥലീപുരവരേ
ഭൈഷ്മ്യാസമം ശ്രീപതി-
ന്നൈർമ്മല്യോല്ലസിതപ്രസൂനശയനേ
രമ്യേനിഷണ്ണോമുദാ
ആരാദാഗതമുർവരാസുരവരം
ദൃഷ്ട്വാകുചേലാഭിധം
ജ്ഞാത്വാ തസ്യചരിത്രമാസ്തൃതവപു-
ർന്നേത്രാംഭസാസോ ഭവത്.

ഏഴാംമാളിക തന്നിലാത്മസുമശ-
യ്യാന്തത്തിലൊന്നിച്ചിരു-
ന്നാഴിപ്പൂമകളോടു ചാടുഭണിതം
ചൊന്നീടുമക്കേശവൻ

ചാരുകശസ്ഥലീപുരവരേ-മനോഹരമായ ദ്വാരകാപുരിയിൽ; രമ്യേഹർമ്മ്യേ-രമ്യഹർമ്മ്യത്തിൽ; നൈർമല്യോല്ലസിതപ്രസൂന ശയനേ-പുതുപൂക്കൾകൊണ്ടു ശോഭിക്കുന്ന ശയ്യയിൽ; ഭൈഷ്മ്യാസമം-രുക്മിണിയോടുകൂടി; മുദാ നിഷണ്ണാശ്രീപതി-ആഹ്ളാദത്തോടെയിരിക്കുന്ന ലക്ഷ്മീപതി; ആരാദ് ആഗതം-ദൂരെനിന്നു വരുന്ന; കുചേലാഭിധം ഉർവരാസുരവരം-കുചേലനാമാവായ ഭൂസുരശ്രേഷ്ഠനെ; ദൃഷ്ട്വാ-കണ്ടിട്ട്; തസ്യചരിത്രംജ്ഞാത്വാ-അദ്ദേഹത്തിന്റെ വൃത്താന്തം മനസ്സിലാക്കിയിട്ട്; സഃ-അദ്ദേഹം (ശ്രീകൃഷ്ണൻ); നേത്രാംഭസാ-കണ്ണുനീർകൊണ്ട്; ആസ്തൃത വപുഃ അഭവത്-അഭിഷിക്തശരീരനായിത്തീർന്നു.

വൃത്തം: ശാർദൂലവിക്രീഡിതം.

ഏഴാം മാളികതന്നിലാത്മ സുമശയ്യാന്തത്തിൽ-ഏഴുനിലമാളികയിൽ സ്വന്തം പുഷ്പശയ്യയിൽ; ആഴിപ്പൂമകളോട് ഒന്നിച്ചിരുന്ന്-ആഴിയുടെയും താമരപ്പൂവിന്റെയും മകളായ ലക്ഷ്മീദേവിയോടൊന്നിച്ചിരുന്ന്; ചാടുഭണിതം-നർമവാക്ക്; ചൊന്നീടു

താഴെത്തൻെറ വയസ്യനായധരണീ
ദേവേന്ദ്രനെസ്സന്നിധൗ
വാഴിപ്പാനെഴുനേററു തസ്യസവിധം
പ്രാപ്യാലിലിംഗദ്വിജം.

ലക്ഷ്മീതല്പേ മുരാരിർദ്വിജരമുപവേ-
ശ്യാത്മജായാസമേതോ
ബാഹുഭ്യാം നേനിജാനേ നിജയുവതി
കരാലംബി ഭൃംഗാരവാരാ
തല്പാദം തോയ ഗന്ധാദിഭിരഥ വിധിവത്
സാധുസംപൂജ്യമന്ദം
ലിമ്പൻ പാടീരപങ്കം മധുരതരഗിരം
പ്രാഹതം വാസുദേവഃ

മക്കേശവൻ—പറയുന്ന ആ കേശവൻ; താഴെത്തൻെറ വയസ്യനായ ധരണീദേവേന്ദ്രനെ—താഴെയുള്ള സതീർത്ഥ്യനായ ഭൂസുരവരനെ; സന്നിധൗ വാഴിപ്പാനെഴുനേററു്—തൻെറ സന്നിധിയിൽ കൊണ്ടു വന്നിരുത്താനായി എഴുനേററു്; തസ്യസവിധം പ്രാപ്യ—അദ്ദേഹത്തിൻെറ സമീപത്തു ചെന്നു്; ദ്വിജം—ആ ദ്വിജനെ; ആലിലിംഗ—ആലിംഗനംചെയ്തു.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

മുരാരി—ശ്രീകൃഷ്ണൻ; ദ്വിജവരം—(ആ)ദ്വിജവരനെ; ആത്മജായാസമേതഃലക്ഷ്മീതല്പേ ഉപവേശ്യ—സ്വപ്രിയതമയോടൊന്നിച്ച് ലക്ഷ്മീതല്പത്തിൽ ഇരുത്തിയിട്ടു്; ബാഹുഭ്യാം—കൈകകളെക്കൊണ്ടു്; നിജയുവതികരാലംബി ഭൃംഗാരവാരാ—സ്വപ്രിയതമയുടെ കൈയിലേ സ്വർണക്കിണ്ടിയിലെ ജലംകൊണ്ടു്; തല്പാദം നേനിജാനാ—അദ്ദേഹത്തിൻെറ പാദം കഴുകിച്ചിട്ടു്; അഥ—അനന്തരം; തോയഗന്ധാദിഭിഃവിധിവത് സാധുമന്ദം സമ്പൂജ്യ—ജലഗന്ധാ(ചന്ദന)ദികളാൽ യഥാവിധി ഭംഗിയായും മന്ദമായും പൂജിച്ചിട്ടു്; പാടീരപങ്കം ലിമ്പൻ—ചന്ദനക്കൂട്ടു് (കളഭം) പൂശിച്ചിട്ടു്; തം—അദ്ദേഹത്തോടു്; വാസുദേവഃ-ശ്രീകൃഷ്ണൻ; മധുരതരഗിരം പ്രാഹ—അതിമധുരമായി പറഞ്ഞു.

വൃത്തം: സ്രഗ്ദ്ധര.

വാര്യർ:

''ആഴിമകളുമൊരുമിച്ചൊരു കട്ടിന്മേലന്നേര-
മേഴാം മാളികമുകളിലിരുന്നരുളും
ഏഴുരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴത്തന്റെ വയസ്യനെ ദൂരത്തു കണ്ടു.''

തുടർന്നു് വാര്യർ രചിക്കുന്ന കുചേലന്റെ വാങ്മയചിത്രം സുപ്രസിദ്ധമാണു്. പാരാവാരകല്പപരിവാരത്തോടുകൂടി ഭക്തപരായണനായ ശ്രീകൃഷ്ണൻ കുചേലനെ എതിരേൽക്കുന്നതും സതീർത്ഥ്യനെ ഗാഢം പുണരുന്നതും ലക്ഷ്മീതല്പത്തിന്മേലിരുത്തി പള്ളിപ്പാണികളെക്കൊണ്ടു പാദം കഴുകിക്കുന്നതും ആ തീർത്ഥം തനിക്കുമാക്കും തളിക്കുന്നതും, ഹരിചന്ദനകുസുമധൂപദീപാദികളാൽ പൂജിക്കുന്നതും ലക്ഷ്മീഭഗവതി ഭദ്രമായ താലവൃന്തത്താൽ വീശുന്നതും അനിതരസാധാരണമായ തന്മയീഭാവംകൊണ്ടു ഹൃദയാഹ്ലാദകമായിട്ടാണു് അദ്ദേഹം ചിത്രീകരിക്കുന്നതു്.

രണ്ടു സംസ്കൃതശ്ലോകങ്ങളും ഒരു മണിപ്രവാളശ്ലോകവും കൊണ്ടു് ആട്ടക്കഥാകാരൻ ഈ ഭാഗം വർണിക്കുന്നു. 'ദൃഷ്ട്വാ കുചേലാഭിധം ജ്ഞാതചാതസ്യചരിത്ര മാസ്തൃത വപുർന്നേത്രാംഭസാ സോഭവത്'' എന്ന ഭാഗം അതിമനോഹരം. 'ഏഴാം മാളികതന്നിലാത്മസുമശയ്യാന്തത്തിൽ....ആലിലിംഗദ്വിജം'—ഈ മണിപ്രവാളപദ്യത്തിൽ വാര്യരുടെ ഛായ സുവ്യക്തമാണു്.

പദം:

ശ്രീകൃഷ്ണൻ:

ശങ്കരാഭരണം-ചെമ്പട

കലയാമി സുമതേ! ഭൂസുരമൗലേ!
കലിതാനന്ദമെനിക്കു കനിവൊടു തവാഗമം.
(കലയാമി)

സരണീപരിശ്രമങ്ങളും പാരമില്ലാതെയല്ലീ
പരമധാർമികനത്ര പാരാതെ വന്നതും?
കരണീയമെന്തു തുഭ്യം പറിചിൽ, കിമു കുശലം
ചിരകാലമായില്ലയോ ദർശനം മുദാവയോഃ
(കലയാമി)

കലയാമി—വന്ദിക്കുന്നു, കരുതുന്നു; കലിതാനന്ദം—ആനന്ദത്തോടുകൂടിയതു്; തവാഗമം—അങ്ങയുടെ വരവു്; സരണീപരിശ്രമം—മാർഗക്ലേശം, അധ്വശ്രമം; അത്ര—ഇവിടെ, തുഭ്യം—അങ്ങേയ്ക്കു്; കരണീയം—ചെയ്യേണ്ടതായിട്ടുള്ളതു്; കിമു കുശലം—കുശലമല്ലേ;

പൃഥ്വീസുരാ! തേ പാദതീർത്ഥമേൽക്കയാലിന്നു
എത്രയും കൃതാർത്ഥനായ് വർത്തിക്കുന്നേഷ ഞാനും.
സത്തുക്കളുടെ സംഗം തീർത്ഥസ്നാന സമാനം
ശാസ്ത്രവിശ്രുതമതു ചിത്തേ ബോധമല്ലയോ?
(കലയാമി)

സാന്ദീപനിമുനിതൻ സദനേ യുഗപദാവാം
വേദാദിപാഠംചെയ്തതധുനാ വിസ്മൃതമായോ?
വേദവിദാം വരന്റെ മദിരാക്ഷീനിയോഗത്താൽ
ഏധാംസി സമാർജിപ്പാൻ യാതരായതുമില്ലേ? (കലയാമി)

ഇന്ധനസമ്പാദനാനന്തരമൊരു കാട്ടിൽ
അന്തണാധിപ, വാണു സന്ധ്യയും വന്നുകൂടി
ബന്ധം വിനാ വൃഷ്ടിയും അന്ധകാരവുംകൊണ്ടു
താന്തരായ് നമ്മൾ വല്ലീബന്ധത്തിൽ വാണതില്ലേ?
(കലയാമി)

ചീർത്ത വാതഭീതിയാൽ ഹസ്തങ്ങൾ പരസ്പരം
കോർത്തു തുറപ്പിൽ പാർത്തു രാത്രിയെ നയിച്ചതും
മാർത്ത ണ്ഡോദയേ മുനിസത്തമൻ നമ്മെക്കാണാ–
ഞ്ഞാർത്തനായ്ത്തിരഞ്ഞു കണ്ടെത്തി വനത്തിൽ വന്നു
(കലയാമി)

പിന്നെ നാം മുനിയോടുമൊന്നിച്ചുടജേ ചെന്നു
വന്ദിച്ചു ദാരുഷണ്ഡം മുന്നിൽവച്ചൊരു നേരം
നന്ദിച്ചനുഗ്രഹിച്ചു ധന്യനാം മുനി നമ്മെ
അന്യം ഗുരു കടാക്ഷാലൊന്നു വേണമെന്നുണ്ടോ? (കലയാമി)

ബ്രഹ്മസത്തമനുടെ നന്മകൊണ്ടല്ലോ നമ്മൾ
ജന്മസാഫല്യത്തെയും ചെമ്മേ ലഭിക്കുന്നല്ലീ?
സമ്മതമല്ലോ ഗുരുദക്ഷിണാ ശക്തിപോലെ
ബ്രഹ്മകുലാവതംസാ! ചെയ്യുന്നാലേറെ നല്ലൂ
(കലയാമി)

ആവയോഃ—നമ്മളുടെ രണ്ടുപേരുടെയും; യുഗപദ്—അന്നൊരിക്കൽ; ആവാം—നമ്മൾ രണ്ടുപേരും; അധുനാ—ഇപ്പോൾ; വേദവിദാം വരൻ—വേദവിത്തുകളിൽവച്ചു ശ്രേഷ്ഠൻ; വേദജ്ഞോത്തമൻ; ഏധാംസി—വിറക് (ഇന്ധനം); ബന്ധനംവിനാവൃഷ്ടി—കാരണംകൂടാതെയുള്ള വർഷം, അകാലവൃഷ്ടി; താന്തരായ്—ക്ഷീണിതരായി; വല്ലീബന്ധം—വള്ളിക്കെട്ട്; വാതഭീതിയാൽ—കാററു പേടിച്ച്; ദാരുഷണ്ഡം—തടിക്കഷണം, വിറക്; ഷണ്ഡം—കൂട്ടം; അന്യം ഗുരുകടാക്ഷാലൊന്നുവേണമെന്നുണ്ടോ—ഗുരുകടാക്ഷ

സിന്ധുവിൽ മൃതനായ ഹന്ത ഗുരുസുതനെ
അന്തരം കൂടാതെ കണ്ടന്തകനോട്ട വാങ്ങി
അന്തണനു ദക്ഷിണ ചന്തത്തിൽ ചെയ്കയാലേ
സന്തോഷം സർവശാസ്ത്ര സിന്ധോ! നൽകുന്നദ്യാപി.
(കലയാമി)

വാര്യർ:

''എത്രനാളുണ്ട ഞാൻ കാണാഞ്ഞിട്ട ചിത്തേ കൊതിക്കുന്നി–
തത്രതന്നെ പോന്നുവന്നതസ്മാകം ഭാഗ്യം!
ചിത്രം ചിത്രമങ്ങോട്ട വന്നാടേണ്ടുന്ന മഹാതീർത്ഥ–
മിത്രത്തോളമാഗമിക്കകൊണ്ട നന്നായി.''

നമ്പ്യാർ:

''അശേഷനാഥൻ ദ്വിജനോടനേകം
വിശേഷമമ്പോടരുൾചെയ്തു മോദാൽ
പുരാ ഗുരുണാം നികടേ നിവാസം
ധരാസുരാധീശ! മറന്നിതോ നീ?''

മഹാവനേ നാം വിറകിന്നു പോയി–
ട്ടഹോ! മഹാവൃഷ്ടി ചൊരിഞ്ഞ നേരം
നനഞ്ഞശേഷം വഴിയും പിഴച്ചു–
ങ്ങനേക നേരം വലയും ദശായാം,
തിരഞ്ഞെഴുന്നള്ളി മഹാമുനീന്ദ്രൻ
വിരഞ്ഞു നമ്മെപ്പുഥി കണ്ടനേരം
അനുഗ്രഹിച്ചൂ വിവിധപ്രകാരം
മനസ്സിലുണ്ടോ തവ ഭൂസുരേന്ദ്ര!''

പദം:

കുചേലൻ:

ശ്രീരാഗം–ചെമ്പട

അജിത ഹരേ! ജയ മാധവ വിഷ്ണോ! അജമുഖദേവനത!
വിജയസാരഥേ! സാധു ദ്വിജനൊന്നു പറയുന്നു
സുജനസംഗമമേറെം സുകൃതനിവഹ സുലഭ മതനുനിയതം
(അജിത)

മല്ലാതെ മറെറന്തെങ്കിലും വേണോ; അവതംസം–അലങ്കാരം, ആഭരണം; സിന്ധു–സമുദ്രം; അദ്യാപി–ഇപ്പോഴും.

അജിതൻ–വിഷ്ണു, ആരാലും ജയിക്കപ്പെടാത്തവൻ; അജമുഖ ദേവനത–ബ്രഹ്മാവ് മുതലായ ദേവന്മാരാൽ നമിക്കപ്പെടുന്നവൻ; സുകൃത നിവഹ സുലഭം–വളരെ പുണ്യംചെയ്യുന്നവർക്കു സുലഭ

പലദിനമായി ഞാനും ബലഭദ്രാനുജാ! നിന്നെ
നലമൊടു കാണ്മതിന്നു കളിയല്ലേ രുചിക്കുന്നു;
കാലവിഷമംകൊണ്ടു കാമം സാധിച്ചതില്ലേ
നീലനീരദവർണ്ണ! ലളിതകമല രുചിരനയന! നൃഹരേ!

(അജിത)

അദ്യാപി ഭവൽകൃപാ വിദ്യോതമാനമാകും
പാദ്യാദി ഏല്പതിന്നു ഭാഗ്യമുണ്ടാകമൂലം
ചൈദ്യാരേ! ജന്മഫലമിദ്വിജനെന്തു വേണ്ടൂ?
ഹൃദ്യം താവകവൃത്തം മൊഴികിലുലയുമുരഗപതിയുമധുനാ.

(അജിത)

മേദുരഭക്തിയുള്ള മാദൃശാം സുഖമെന്യേ
വാദമില്ലഹോ ദുഃഖം ബാധിക്കയില്ലനൂനം
യാദവാധിപാ! നിന്നെ ഹൃദി ചിന്താ നിദാനേന
മോദം മേ വളരുന്നു കരുണവരുണമരുണസഹജകേതന!

(അജിത)

ഭഗവൽ ഭക്തികൊണ്ടു് ആർദ്രഹൃദയനായ കുചേലൻെറ ഈ 'പദം' എല്ലാംകൊണ്ടും നിസ്തുലം എന്നുതന്നെ പറയാം. 'വിജയസാരഥേ! സാധുദ്വിജനൊന്നു പറയുന്നു' എന്ന ഭാഗം നോക്കുക. കുചേലവൃത്തകർത്താവിനെപ്പോലെയുള്ള ഒരു ശുദ്ധഹൃദയനായ ദ്വിജോത്തമനിൽനിന്നു മാത്രമേ ഇങ്ങനെയൊന്നു് നിർഗളിക്കുകയുള്ളു. 'ലളിത കമല രുചിര നയന നൃഹരേ'—ഇതിലെ 'നൃഹരി' കവിയുടെ പരദേവതയായ 'ശ്രാദ്ധതടാകക്കുലനിലയ'നായ നരസിംഹമൂർത്തിയാണു്. ഈ പദം പാടിക്കേൾക്കുക, ഈ രംഗം അഭിനയിച്ചു കാണുക സഹൃദയരെ സംബന്ധിച്ചിടത്തോളം ഒരു സുലഭാനുഭൂതിതന്നെയാകുന്നു. കവി ഭക്തോത്തംസമായ കുചേലനായി പരിണമിച്ചിരിക്കുന്നു എന്നതാണു് ഇവിടെക്കാണുന്ന സവിശേഷത ഇത്തരം ഹൃദയദ്രവീകരണക്ഷമങ്ങളായ കുറച്ചു രംഗങ്ങൾ കുചേലവൃത്തത്തിനു് അരങ്ങത്തും തിളക്കമേറുന്നു.

മായിട്ടുള്ളതു്; അതനു—കൃശമല്ലാത്തതു്, അധികമായതു്; നൃഹരി—നരസിംഹമൂർത്തി; ഭവൽകൃപാ വിദ്യോതമാനം—അവിടുത്തെ കാരുണ്യംകൊണ്ടു ശോഭിക്കുന്നതു്; പാദ്യാദി—പാദ്യം ആദിയായവ; പാദ്യം—കാൽ കഴുകാനുള്ള ജലം; പാദോപചാരം; കാൽ കഴുകിച്ചുകൊണ്ടുള്ള സത്കാരം, ചൈദ്യാരി—ചേദിരാജാവായ ശിശുപാലൻെറ ശത്രു; മാദൃശാം—എന്നെപ്പോലെയുള്ളവർക്കു്; ചിന്താനിദാനേന—ചിന്തിക്കുക കാരണം; അരുണസഹജകേതനൻ—ഗരുഡനാകുന്ന കൊടിയടയാളത്തോടുകൂടിയവൻ.

പദം:

കൃഷ്ണൻ:

മദ്ധ്യമാവതി—ചെമ്പട.

ഗുരുപുരേനിന്നു ഭവാൻ പിരിഞ്ഞതിൽപ്പിന്നെസ്സഖേ!
ത്വരിതം സമാവർത്തനം പരിചിലതീതമല്ലേ?
പരിണയം കഴിഞ്ഞിതോ പത്നിയും ഭവാനേററം
പരിഹൃഷ്ടയായിട്ടല്ലേ സ്വൈരം വാഴുന്നു സദാ (കലയാമി)

അലമലം ബഹുവാചാഫലമെന്തു, ക്ഷുധയാലേ
വലയുന്ന തവ ബാഹുമൂലാന്തേ കാണുന്നു കിം?
വ്രീളാംശം തവ വേണ്ടാ പലരും ബുഭുക്ഷുവെന്നു
ഛലമൊട്ടു പറയുന്നു ഛലമല്ല സഖേ! എന്നെ. (കലയാമി)

വാര്യർ:

''ആചാര്യ നിഷ്ക്രയംചെയ്തിട്ടാലയം ഗമിച്ചശേഷ-
മാശ്രുസമാവർത്തനമതീതമായില്ലേ?
വാചാകിം ബഹുനാ, തവ വേളിയും കഴിഞ്ഞുവല്ലോ
വാരിജാക്ഷി ഭവാനനുരൂപയല്ലയോ?

വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം ബന്ധം വിനാ
വിശക്കുന്നു നമുക്കതു സഹിച്ചുകൂടാ.

വിശുദ്ധനായ ഭവാന്റെ ഭവപീഡതീന്നു പോമീ
വശക്കേടു ശമിക്കുമ്പോളതിനെന്തുള്ളൂ?

പൊതിയിങ്ങോട്ടു തന്നാലും, ലജ്ജിക്കേണ്ട ഗോപിമാരും
കൊതിയനെന്നിജ്ജനത്തെപ്പറവു ഞായം.''

ഗുരുപുരേനിന്നു്—ഗുരുഗൃഹത്തിൽനിന്നു്; ത്വരിതം—പെട്ടെന്നു്, താമസം കൂടാതെ; സമാവർത്തനം—ബ്രാഹ്മണർ ബ്രഹ്മചര്യവ്രതത്തിന്റെ അവസാനത്തിൽ ചെയ്യുന്ന വൈദികകർമം. അതിനുശേഷമേ ഗൃഹസ്ഥാശ്രമിയാകാൻ പാടുള്ളൂ; പരിണയം—വിവാഹം; പരിഹൃഷ്ട—സന്തോഷവതി; അലമലം—മതി മതി; (അതു നില്ക്കട്ടെ); ബഹുവാചാ—വളരെപ്പറഞ്ഞിട്ടു്; ക്ഷുധയാലേ—വിശപ്പുകൊണ്ടു്; ബാഹുമൂലാന്തേ—കക്ഷത്തിൽ; കിം—എന്തു്; വ്രീള—ലജ്ജ; ബുഭുക്ഷു—വിശപ്പുള്ളവൻ, ഭക്ഷണത്തിൽ കൊതിയുള്ളവൻ; ഛലം—കള്ളം.

ഇടശ്ലോകം:

മല്ലാരാതി മഹീസുരാൽ പൃഥുകഭാണ്ഡത്തെ ഗ്രഹിച്ചൂ–
ബലാൽ
കല്ലും നെല്ലുമിടസ്ഥണഞ്ഞാ ചിപിടകം വേഗം–
ഭുജിച്ചീടിനാൻ.
ഉല്ലാസത്തോടു പിന്നെയും കരതലേനാഞ്ഞാ–
നശിച്ചീടുവാൻ
കല്യാണാംഗി രമാമുരാന്തകകരം മെല്ലെ–
പ്പിടിച്ചീടിനാൾ.

വാര്യർ:

''ഇതിയദുപതിമുദാ സതതമിരന്നു സതാം-
ഗതിയതു കൈക്കലാക്കീട്ടഴിച്ചുകൊണ്ടു്
കല്ലുംനെല്ലുമെല്ലാമവലെന്നു വച്ചിട്ടൊരു പിടി
നല്ലവണ്ണം വാരി വേഗം വയററിലാക്കി.
മല്ലരിപു പിന്നെയും വാരുവാനാഞ്ഞനേരം വീശ്രും
വല്ലഭ വന്ദിച്ചു തൻെറ കരം പിടിച്ചു.''

നമ്പ്യാർ:

''മുഷിഞ്ഞവസ്ത്രാൽ പൃഥുകം പിടിച്ച–
ങ്ങഴിച്ചു ഭക്ഷിച്ചിതു വാസുദേവൻ
രണ്ടാമതും മുഷ്ടിപിടിച്ചനേരം
തണ്ടാരിൽ മാതാശ്രുകരം പിടിച്ചാൾ.''

ശ്ലോകം

ആനന്ദഭൈരവി–ചെമ്പട.

സംവീജന്തീ നിജകരലസച്ചാമരാത്ക്ഷ്മാമരാഗ്ര്യം
വിശ്രാന്തേസ്മിൻ പരമസുഖപാഥോധിമദ്ധ്യേ നിമഗ്നേ

മഹീസുരാത്–മഹീസുരനിൽനിന്നു്; പൃഥുകഭാണ്ഡം–അവിൽ പ്പൊതി; ബലാൽ–ബലാൽക്കാരമായി; കരതലേന–കൈത്തലം കൊണ്ടു്.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

അസ്മിൻ പരമസുഖപാഥോധിമദ്ധ്യേ നിമഗ്നേ വിശ്രാന്തേ– അദ്ദേഹം (കുചേലൻ) ആ പരമാനന്ദമാകുന്ന കടലിൻമദ്ധ്യേ നിമഗ്നനായി വിശ്രമിക്കവേ; നിജകരലസത്ചാമരാത്ക്ഷ്മാമരാഗ്ര്യം സംവീജന്തീ–സ്വകരത്തിൽ വിലസുന്ന ചാമരംകൊണ്ടു് (ആ) ഭൂസുരോത്തമനെ വീശിക്കൊണ്ടുനിന്നു; ഏഷാ മോഹനാംഗീ

ലക്ഷ്മീരേഷാ ദയിത വിരഹാശങ്കിനീ കാന്തമുഷ്ടിം
രുന്ധാനാതം നരകമഥനം വ്യാഹരന്മോഹനാംഗീ.

വാര്യർ:

''മതിമതി പതിയോടു പറവുതും ചെയ്തു, കാന്താ!
മതിമതികദശനമതീവമൂല്യം.''

പദം:

രുക്മിണി:

സാരസനേത്രാ! പോരുമേ കുചിപിടകം പാരാതശിച്ചതദ്യ നീ
കാരുണ്യലവം മയി തീരെയില്ലയെന്നതും
നേരേ ബോധമിതെത്രയും മാമകനാഥാ! (സാരസ)

ഉദ്വാഹദിനം തുടങ്ങി വേർപിരിയാതെ ചൈദ്യമഥന! നിന്നോടും
സ്വൈരം വാണിടുമെന്നെ നീ മാനസതാരിൽ
കാരുണ്യനിധേ! മറന്നോ മാമകനാഥാ! (സാരസ)

വാണീയമതിക്രമിച്ചു ഏകമുഷ്ടിയാൽ നാണിയമല്ല—ഭോജനം
വാണീവരാദിവിനുത, നിന്നോടുകൂടി
വാണീട വേണം മേലിലും മാമകനാഥാ! (സാരസ)

ലക്ഷ്മി—ആ മോഹനാംഗിയായ ലക്ഷ്മി; ദയിതവിരഹാശങ്കിനീ—പ്രിയതമനോടു വേർപെടുമോ എന്ന ശങ്കയോടു കൂടിയവളായി; കാന്തമുഷ്ടിംരുന്ധാനാ—കാന്തന്റെ (അവിൽ വാരാനാഞ്ഞ) മുഷ്ടിയെ തടഞ്ഞുകൊണ്ടു്; തംനരകമഥനം വ്യാഹരത്—ആ നരകാരിയായി ശ്രീകൃഷ്ണനോടു് പറഞ്ഞു.

വൃത്തം: മന്ദാക്രാന്താ.

കുചിപിടകം—കൊള്ളരുതാത്ത അവിൽ; അദ്യ—ഇപ്പോറം; കാരുണ്യലവം—അല്പംപോലും കരുണ; മയി—എന്നിൽ; ഉദ്വാഹം—വിവാഹം; വാണീയമതിക്രമിച്ചു്—ഈ വാക്കിനെ വകവയ്ക്കാതെ (ഇയം+വാണീം+അതിക്രമിച്ചു്); ഏകമുഷ്ടി—ഒരു പിടി; നാണിയമല്ല—ന്യായമല്ല; വാണീവരാദിവിനുതൻ—ബ്രഹ്മാവു തുടങ്ങിയവരാൽ

വൃദ്ധനാം ധരാദേവൻെറ സാദ്ധ്വീമണിക്കു ഭൃത്യയാക്കുവാ-
നറച്ചോ?
നിത്യമല്ലാത്ത ചാപലവൃത്തികഠം കണ്ടാൽ
പതിമാരോത്തും നിസർഗ്ഗം മാമകനാഥാ! (സാരസ)

വല്ലഭ! ഭവാനോട ഞാൻ ചൊന്നതുകൊണ്ടു
ശല്യമെന്നിപ്പോഠം മാനസ-
പല്ലവേ തോന്നരുതൊട്ടുമേ സഹിക്കാഞ്ഞിതു
ചൊല്ലിയെന്നതുമോർക്കണം മാമകനാഥാ! (സാരസ)

''മതിപ്പാനും കൊടപ്പാനും തന്നെ ഞാനിന്നൊന്നുകൊണ്ടും
മതിയാകയില്ലെന്നായി വന്നിരിക്കുന്നു
പിറന്നന്നു തുടങ്ങീട്ടു പിരിയാതെ പാക്കുമെന്നെ
മറന്നെന്നു തോന്നീടുന്നി, തധുനാബന്ധം
മുറിച്ചയച്ചീവിപ്രൻെറ പത്നിക്കു ദാസിയാക്കുവാ-
നറച്ചിതോ തിരുമനസ്സിലിതെന്തയ്യോ!

പദം:
ശ്രീകൃഷ്ണൻ:

ബലഹരി—ചെമ്പട

മതിമുഖി! മമ നാഥേ! മതി തവ മതിഭ്രമം
മദിരാക്ഷി! കഥിച്ചതും മതമത്രേ മാമകീയം.
മത്ഭക്തന്മാരോടുള്ള സക്തിയാലെന്നെ ഞാനും
ഉല്പലവിലോചനേ! ഉഠംക്കാമ്പിൽ മറന്നുപോം.
(മതിമുഖി)
പരഭൃതമൊഴി! എൻെറ പരിചയംകൊണ്ടു നീയും
പരിചോടറിയാഞ്ഞതും പരിഭ്രമംതന്നെ നൂനം.
(മതിമുഖി)
ശേഷിച്ചു ചിപിടകം തോഷിച്ചു ഗ്രഹിച്ചാലും
ശേമുഷിയേററമുള്ളയോഷിന്മണിയല്ലോ നീ.
(മതിമുഖി)

THE TRICHUR PUBLIC LIBRARY TRICHUR-20

വന്ദിക്കപ്പെടുന്നവൻ; നിത്യമല്ലാത്ത ചാപലവൃത്തികഠം—പതിവില്ലാത്ത ചാപല്യപ്രവൃത്തികഠം; നിസർഗ്ഗം—സ്വാഭാവികമായി.

മതിമുഖി—ചന്ദ്രമുഖി; മതിഭ്രമം—ബുദ്ധിഭ്രമം; മദിരാക്ഷി—സുന്ദരി;(മദകരമായ നേത്രത്തോടുകൂടിയവഠം); മാമകീയം—എൻെറ; മതം—അഭിപ്രായം, ഇഷ്ടം; സക്തി—താത്പര്യം; പരഭൃതമൊഴി—കുയിൽനാദംപോലെ മധുരമായ മൊഴിയോടുകൂടിയവഠം; തോഷിച്ച്—സന്തോഷിച്ച്; ശേമുഷി-ബുദ്ധി; യോഷിന്മണി—സ്ത്രീരത്നം (യോഷിത് + മണി).

വാര്യർ:

''പരിഭ്രമിക്കേണ്ട പത്നീ! പറഞ്ഞതുകൊള്ളാം താനും
പരമഭക്തന്മാരെക്കണ്ടിരിക്കുന്നേരം
പരവശനായ് കൃപകൊണ്ടെന്നെയും മറന്നുപോം ഞാൻ
പരിചയിച്ചിട്ടും നീയതറിഞ്ഞിട്ടില്ലേ?

നിറഞ്ഞുകഴിഞ്ഞു നമുക്കൊരുമുഷ്ടിയാനിന്റെ ഭാവ-
മറിഞ്ഞുകൊൾവതിനായിപ്പുനരുദ്യോഗം.
കുറഞ്ഞൊരു ചിപിടകം ശേഷിച്ചതിതാ, ഭവതി
പറഞ്ഞതും മറക്കാമോ ഭക്തയല്ലേ നീ!

ശ്ലോകം

താരിപ്പൂമകളോടു മാധവനിദം
വിപ്രൻഗ്രഹിക്കാതെക-
ണ്ടോരോന്നേവമുരച്ചു, യാദവവരോ-
ച്ഛിഷ്ടം ഗ്രഹിച്ചൂരമാ
ആരോമൽസുഖമാണ്ടുദൈത്യമഥനൻ
സുരീന്ദ്രനാം ഭൂസുരം
പാരം പ്രീതിയൊടൂചിവാൻ പ്രിയവയ-
സ്യാനന്ദദാം ഭാരതീം.

വാര്യർ:

''വിവിധ ചരാചരാണാം പിതാക്കന്മാരേവം കാര്യം
സവിധഗനാം ദ്വിജനെ ശ്രവിപ്പിക്കാതെ
ചെവിയിലന്യോന്യമോതീ, ട്ടമൃതമാക്കിയശേഷ-
മവിലമ്മ കൊണ്ടുപോയിപ്പിന്നെയും വീശി.

മാധവൻ—ശ്രീകൃഷ്ണൻ; വിപ്രൻ ഗ്രഹിക്കാതെകണ്ട്—കുചേലൻ അറിയാതെകണ്ട്; താരിപ്പൂമകളോട്—ലക്ഷ്മീദേവി (രുക്മിണി) യോട്; ഇദം ഓരോന്നേവമുരച്ചു—ഇപ്രകാരം ഓരോന്നു പറഞ്ഞു; രമാ—ലക്ഷ്മീദേവി (രുക്മിണി); യാദവവരോച്ഛിഷ്ടം ഗ്രഹിച്ചൂ—ശ്രീകൃഷ്ണൻ ഭക്ഷിച്ചതിനുശേഷമുള്ളതു് (അവിൽ) സ്വീകരിച്ചു (വാങ്ങിച്ചു); ദൈത്യമഥനൻ—അസുരവൈരിയായ ശ്രീകൃഷ്ണൻ; ആരോമൽസുഖമാണ്ട്—സന്തോഷത്തോടുകൂടി; സുരീന്ദ്രനാം ഭൂസുരം—പണ്ഡിതനായ കുചേലബ്രാഹ്മണനോട്; പാരം പ്രീതിയൊട്—വളരെ പ്രീതിയോടുകൂടി; പ്രിയവയസ്യാനന്ദദാം ഭാരതീം—പ്രിയ വയസ്യനു് ആനന്ദമരുളുന്ന വാക്കു്; ഊചിവാൻ—പറഞ്ഞു.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

നിഖിലാണ്ഡകോടി നിഗമാദികളെക്കൊണ്ടും നിറ-
യാത്ത കൃഷ്ണകുക്ഷി ഭുക്തിപൂരിതമായി!
സഖിദത്ത പൃഥുകൈകമുഷ്ടിയാൽ നിറയ്ക്കപ്പെട്ടു
സഖിമുകുന്ദനാലേവം വദിക്കപ്പെട്ടു ''

ആട്ടക്കഥകൾ 75187 29/6/81

പദം:
ശ്രീകൃഷ്ണൻ:

മോഹനം—അടന്ത

സുദിനം താവകസംഗാൽ മുദിതം മാനസം മമ
വിധുതാഘസുഖീസോഹം, മധുരോക്തിപറകല്ലേ.
ഏകദാ പുരാ ധീമൻ! ശുകമൊഴി കൃഷ്ണ തന്റെ
ശാകാന്നാശനാൽ, ഭൂയഃസുഖസൗഹിത്യമദ്യൈവ.
ഗർവ്വഹീനം ത്വത്സമന്മാർ ചർവ്വണത്തിന്നു വല്ലതും
ഉർവ്വീസുര! മഹ്യംതന്നാൽ പർവ്വതാധികമെനിക്കു്.
പൃഥുകം താവക മിത്ര മധുരമെന്നതു ഞാനും
മതിയിലോർത്തിരുന്നില്ലേ, പ്രചുരം പ്രേമമാഹാത്മ്യം.

വാര്യർ:

''പണ്ടൊരിക്കൽ പാണ്ഡവമഹിഷിയുടെ ശാകോദന—
മുണ്ടുഞാ,നിന്നു ഭവാന്റെ പൃഥുകം തിന്നു;
രണ്ടുകൊണ്ടുമുണ്ടായോരാണം സുഖവും തൃപ്തിയും കീഴി—
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ!

കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരർപ്പിച്ചാൽ
കയ്പും കാഞ്ഞിരക്കുരുവുമെനിക്കമൃതം;
ഭക്തിഹീനന്മാരായ ഭർഗന്മാരമൃതം തന്നാലും
തിക്തകാരസ്കരഫലമായിട്ടുതീരും.

താവകസംഗാൽ—അങ്ങയുടെ സംഗമത്താൽ; മുദിതം മാനസം മമ—എന്റെ മനസ്സ് സന്തുഷ്ടമായിരിക്കുന്നു; വിധുതാഘം—ദൂരീകൃതമായ പാപത്തോടുകൂടിയതു്; സുഖീ—സുഖമുള്ളവൻ; സോഹം—അങ്ങനെയുള്ള ഞാൻ; ഏകദാ—ഒരിക്കൽ; പുരാ—പണ്ടു്; ധീമൻ—ബുദ്ധി (അറിവു്) ഉള്ളവനേ; ശുകമൊഴി കൃഷ്ണതന്റെ—കിളിമൊഴിയായ പാഞ്ചാലിയുടെ; ശാകാന്നാശനാൽ—ചീര ഭക്ഷിച്ചതിനാൽ; ഭൂയഃ—വീണ്ടും, പിന്നീടു്, അത്യധികം; സുഖസൗഹിത്യം—സുഖസംതൃപ്തി, സുഖത്തിന്റെ തികവു്; അദ്യൈവ—ഇപ്പോഴുംതന്നെ, (അദ്യ+ഏവ); ഗർവ്വഹീനം—അഹങ്കാരം കൂടാതെ; ത്വത്സമന്മാർ—അങ്ങയെപ്പോലെയുള്ളവർ; ചർവ്വണം—ചവയ്ക്കൽ; ചർവ്വണത്തിനു്—ഭക്ഷിക്കുന്നതിനു്; മഹ്യം—എനിക്കു്; പർവ്വതാധികം-പർവ്വതത്തെക്കാൾ അധികം; പ്രചുരം പ്രേമമാഹാത്മ്യം—നിറഞ്ഞ (വർദ്ധിച്ച) പ്രേമത്തിന്റെ മഹിമ.

ഗർവ്വഹീനന്മാരായ ഭവാദൃശന്മാരണുമാത്രം
ചർവ്വണമിന്നു വല്ലതും കൊണ്ടന്നുതന്നാൽ
പർവ്വതത്തിലുമധികമെനിക്കെന്നു പറയാതെ
സർവ്വതത്വവിത്തേ! ഭവാനറിയാമല്ലോ.

കായഭേദമുണ്ടെങ്കിലും രണ്ടല്ലാവാമുഭൗ, ജീവൻ—
പോയാലുമിരിക്കുമ്പോഴുമെന്നറിഞ്ഞാലും!
ശ്രീയും തവസ്ത്രീയുമൊന്നെന്നുള്ള പദം തന്നെ ചെന്ന—
ജ്ജായയോടു പറഞ്ഞേനപ്പൂ മമ വചനം.''

പദം:

കുചേലൻ:

സുരുട്ടി—ചെമ്പട.

പുഷ്കരവിലോചന! ത്വൽകൃപാകാരണേന
ചൊല്ക്കൊണ്ടകൃതാർത്ഥേഷു ഇക്കാലമഗ്രഗണ്യൻ.
നിഷ്കിഞ്ചന ഭൂസുരനെ പൊക്കമേറും സൗധമേററി
സത്ക്കരിച്ചതുമോർത്താൽ മൽഭാഗ്യമെന്തു ചൊല്വൂ!

ത്വൽപാദം ചേരുവോളവും അല്പേതരയാകും ഭക്തി
അപ്രമേയ! തന്നീടണം, ഇപ്പോളഹം യാമി ഗേഹം.
പാരാതെ മൽ കുടുംബിനി വരവും മേ ഹരേ! പാർത്തു
മരുവുന്നു ശിശുക്കളും, ദരിശനം പുനരസ്തു.

വാര്യർ:

''ഭുക്തിമുക്തി ദാതാവേ! ഭുവനനാഥ! ഭഗവാനേ,
ഭക്തികൊണ്ടു ഭക്തന്മാരും, നിന്നാലത്ഭുതം!
ശക്തികൊണ്ടു ശക്തന്മാരും ജയിക്കപ്പെടുന്നതിനാൽ
യുക്തം രണജിതാഖ്യസ്സുമന്തരം വേണ്ടാ.

ത്വൽകൃപാകാരണേന—അവിടുത്തെ കൃപ കാരണം; ചൊൽക്കൊണ്ട—കേളിയേറിയ; കൃതാർത്ഥേഷു—കൃതാർത്ഥരിൽ; അഗ്രഗണ്യൻ—ഒന്നാമനായി ഗണിക്കപ്പെടേണ്ടവൻ; നിഷ്കിഞ്ചനഭൂസുരൻ—പരമദരിദ്രനായ ബ്രാഹ്മണൻ; മൽഭാഗ്യം—എന്റെ ഭാഗ്യം; ത്വൽപാദം ചേരുവോളവും—അങ്ങയുടെ പാദത്തോടുചേരും വരെ, മോക്ഷമടയും വരെ; അല്പേതരയാകും ഭക്തി—അനല്പമായ ഭക്തി; അപ്രമേയൻ—ഇന്ദ്രിയങ്ങളാലോ മനസ്സുകൊണ്ടോ നിർണയിക്കാൻ കഴിയാത്തവൻ; യാമിഗേഹം—ഞാൻ ഗൃഹത്തിലേക്കു പോകുന്നു; ദരിശനം പുനരസ്തു—വീണ്ടും ദർശനമുണ്ടാകട്ടെ, (പുനഃ + അസ്തു).

കപ്പവും കൊണ്ടല്ലോ ലോകപാലന്മാരും ദ്വാരം തോറു-
മെപ്പോളവസരമെന്നു നോക്കിപ്പാർക്കുന്നു;
കപ്പയിൽക്കിടന്നവനെപ്പൂജിക്കുന്നു ഭവാൻ, കീഴി-
ലിപ്പുതുമ കണ്ടിട്ടില്ല കേട്ടിട്ടുമില്ല.

ചെറുപ്പത്തിൽപ്പരിചയം കൊണ്ടുതവ രൂപത്തെ ഞാൻ
മനോദർപ്പണത്തിൽ കണ്ടിതവയെപ്പോഴും
അപ്പോഴപ്പോൾ കേട്ടു ഭവാനെ സ്മരിച്ചിരുന്നു ഞാനും;
ഇപ്പോഴിവിടേക്കു വന്നു കാൺകയും ചെയ്തു.

കല്പന ലംഘിപ്പാൻ മേലാഞ്ഞേഴാം മാളിക മുകളി-
ലല്പനിവൻ രാമുഴവനീശ്വരിയുടെ
തല്പത്തിന്മേലിരുന്നിട്ടു വിഷ്ണുപദം വാണവല്ലോ
മല്പരനാം ധന്യനില്ലീ മന്നീരേഴിലും.

ദിവ്യരത്ന പ്രകാശം കൊണ്ടത്രേ രാത്രിയില്ലെങ്കിലും
നവ്യമാമരുണോദയമടുത്തു നൂനം.
ഭവ്യയതാം ഭക്തി ഭവിക്കേണം മമ, പോകട്ടെ ഞാൻ,
അവ്യാജ മനോജ്ഞ മംഘ്രി ചേരുവോളവും.''

കുചേലൻ യാത്ര ചോദിക്കുമ്പോൾ കുടുംബത്തിന്റെ ദാരിദ്ര്യം അദ്ദേഹത്തിന്റെ സ്മരണയിലേക്കു കടന്നുവരുന്നതായിക്കാണുന്നു. ''പാരാതെ മൽ കുടുംബിനി വരവും മേ ഹരേ! പാർത്തു മരുവുന്ന ശിശുക്കളും, ദരിശനം പുനരസ്തു'' എന്നു ഭഗവാനോടു പറയുകയും ചെയ്യുന്നു. എന്നാൽ, വാര്യരുടെ കുചേലന്റെ ഹൃദയത്തിൽ ലൗകികചിന്ത ഒട്ടുമേയില്ല ശ്രീകൃഷ്ണപദങ്ങളിൽ ലയിക്കുംവരെ ഭവ്യയതാം ഭക്തി ഭവിക്കേണം —ഇതു മാത്രമാണ് ആ പരമഭാഗവതന്റെ പ്രാർത്ഥന.

THE TRICHUR PUBLIC LIBRARY • TRICHUR-20

രംഗം അഞ്ച്

കുചേലന്റെ മടക്കയാത്ര

ശ്ലോകം

മലഹരി—ചമ്പ

ഭർത്രേയാത്രാം നിവേദ്യ സ്വയമഥ ജഗതാം
വിപ്രവംശാബ്ധിചന്ദ്രഃ
ശ്രീകൃഷ്ണാദത്ത രിക്ഥ സ്സപദി മുരഹരം
ധാരയൻ മാനസേന
സംസ്ഥ്യായാത് തീർത്ഥപാദസ്യച വിമലമതി—
ർവ്വിസ്മരം സ്തത്രമാർഗ്ഗേ
ഗത്വാ ഭാര്യാ നിയോഗം ശ്രുതിപടുഹൃദയ—
സ്സ്വാന്തരേവം വ്യചിന്തീത്.

അഥ—അനന്തരം; വിപ്രവംശാബ്ധിചന്ദ്രഃ—വിപ്രവംശമാകുന്ന സമുദ്രത്തിനു ചന്ദ്രനായ(കുചേലൻ); ജഗതാം ഭർത്രേ—ലോകനാഥനോട്; സപദി സ്വയം യാത്രാം നിവേദ്യ—താമസിയാതെ സ്വയം യാത്ര ചോദിച്ചിട്ട്; ശ്രീകൃഷ്ണാദത്തരിക്ഥഃ—ശ്രീകൃഷ്ണനാൽ ആദാനംചെയ്യപ്പെട്ട ധന(സ്വർണ)ത്തോടുകൂടിയവനായിട്ട്; മുരഹരം മാനസേനധാരയൻ—മുരാരിയെ മനസ്സുകൊണ്ട്(മനസ്സിൽ)ധരിച്ചിട്ട്; തീർത്ഥപാദസ്യസംസ്ഥ്യായാത്—ആ തീർത്ഥപാദന്റെ പുരിയിൽനിന്നു്; ഭാര്യാനിയോഗം വിസ്മരൻ ഗത്വാച—പത്നീനിയോഗം മറന്നവനായി പുറപ്പെടുകയുംചെയ്തു. (എന്നിട്ട്); ശ്രുതിപടുഹൃദയഃ വിമലമതിഃ—വേദപാഠത്താൽ വികസിതവും സംസ്കൃതവുമായ ഹൃദയത്തോടുകൂടിയവനും പവിത്രബുദ്ധിയുമായ(കുചേലൻ); തത്രമാർഗേ—അവിടെ വഴിയിൽ(വഴിക്കവച്ച്); സ്വാന്തരാ ഏവം വ്യചിന്തീത്—മനസ്സിൽ ഇപ്രകാരം ചിന്തിച്ചു.

വൃത്തം: സ്രഗ്ദ്ധര.

വാര്യർ:

"മാത്രപോലും ധനഹീനനായ വിപ്രൻ മുകന്ദനെ
മാനസംകൊണ്ടേടുത്തിട്ട കൂടെക്കൊണ്ടുപോയ്,
യാത്രചൊല്ലി നടന്നുടനശ്രുപൂർണ്ണനേത്ര, മന്ദ—
യാതനായ മുകന്ദനെ പ്പുണർന്നു നിർത്തി.

മല്ലരിപുവിന്റെ മന്ദഹാസ സൗന്ദര്യതിശയ—
സല്ലാപാനുകമ്പാ മഹാമാനസൽക്കാരം
എല്ലാമുള്ളിലോർത്തു, തന്നെ വിസ്മരിച്ചു താനേ ചെന്നോ—
രില്ലമടപ്പാറായപ്പോഴേവം ചിന്തിച്ചു."

നമ്പ്യാർ:

"അത്താഴമുണ്ടപ്പൊടു കൃഷ്ണനോടെ
ചിത്താനുകൂലം സുഖമേ വസിച്ചാൻ
പിന്നെപ്പുലർച്ചയ്ക്കഥ യാത്രചൊല്ലി—
ദ്ധന്യൻ ഗമിച്ചാനുടനേ കുചേലൻ."

പദം:

കുചേലൻ:

ഹന്ത! ഹരിചരിതമിതു ചിന്ത ചെയ്യും വിധൗ
എന്തൊരു വിശേഷമതികാന്തതരമത്രെ.
അന്തകപുരാരിനതനന്തരം കൂടാതെ
ചന്തമിയലുന്നൊരു നിശാന്ത മണിസൗധേ
മാനിച്ചിരുത്തി മാം പൂജാം വിധായ സുഖ—
പാനാശനാദിയാൽ തുഷ്ടനാക്കീടിനാൻ.
നിദ്രാം വെടിഞ്ഞു നിശി വ്യജനമതു കൈക്കൊണ്ടു
വിദ്രുതം വീജനം ചെയ്തു രമ നിന്നതും
വിപ്രസതി കേശവനു ഭക്തിയൊടു നൽകിയ
കൃപ്പൃഥുകമൊട്ടുഹരി വാങ്ങിയതശിച്ചതും
ദാരിദ്ര്യവൃത്തമൊരു ലേശവും ചൊൽവതിനു
പാരമയർത്തു ഞാൻ കൃഷ്ണമായാ ഭ്രമാൽ.

അതികാന്തതരമത്രേ—അതീവ കൗതുകരം തന്നെ (അതിമനോഹരമത്രേ); അന്തകപുരാരിനതൻ—അന്തകാരിയും പുരാരിയുമായ ശിവനാൽ പ്രണമിക്കപ്പെടുന്നവൻ (കാലനെയും ത്രിപുരന്മാരെയും ശിവൻ കൊന്നു എന്നു പുരാണം); നിശാന്തമണിസൗധേ—ശാന്തമായ മണിസൗധത്തിൽ; നിശാന്തം—ശാന്തം, പുലർകാലം, വേനം; പൂജാം വിധായ—പൂജയെ ചെയ്തിട്ട് (പൂജിച്ചിട്ട്); വ്യജനം—വിശറി (താലവൃന്തം); വിപ്രസതി—ബ്രാഹ്മണപത്നി; പാരമയർത്തു—തീരെ മറന്നു; കൃഷ്ണമായാ ഭ്രമാൽ—കൃഷ്ണന്റെ മായകൊണ്ടു

വിധിവിഹിതമഞ്ജസാ മാററുവാൻ ദേവകളു-
മതിചതുരരല്ലഹോ! നിർണ്ണയം പാർക്കിലോ.
മധുമഥിഭവനമതിലിനിയുമിഹ പോവതും
അധികമൊരുഹേളനം ശിവ! ശിവ! മനോഗതം.
ബന്ധുരതരാംഗിയൊടുമൽപുരേ ചെന്നു ഞാൻ
എന്തു പുനരോതുന്നു നൈവ ജാനേ.

വാര്യർ:

''ആശ്ചര്യമാശ്ചര്യമിദമോർത്തു കാണുന്തോറും, പാരി-
ലാരിലുമസാരനായ ഞാനെവിടത്തു!
ഈശ്വരേശ്വരനായുള്ള കൃഷ്ണനെവിടത്തു! മൈത്രി-
യീവണ്ണമാർക്കമാരിലും കാൺകയില്ലെങ്ങും.

ത്രയസ്ത്രിംശൽക്കോടി ത്രിദിവേശന്മാർക്കുമല്ല, മൂർത്തി-
ത്രയത്തിനു മത്രയല്ലി ത്രിജഗത്തിന്നും
ത്രയീകം തമ്പുരാനായ പുമാനെന്നെക്കണ്ടനേരം
തെരിക്കെന്നു താഴത്തുവന്നെതിരേററതും

വിയർത്തൊലിച്ചിട്ടു പൂതിഗന്ധമേറും വിരൂപനെ
വയസ്യനെന്നിട്ടു,രതിപതിപിതാവാം
ശ്രീയഃ പതിമാറത്തു ചേർത്തതി ഗാഢം പുണർന്നതും
ഭയപ്പെട്ടിട്ടാരുമൊന്നും പറയാഞ്ഞതും

അല്പനാമിവനെക്കേററിക്കൊണ്ടുപോയിപ്പൊക്കമേറും
സപ്തമസൗധസ്യോപരി രത്നപര്യങ്കേ
തൃപ്തിവരുമാറിരുത്തിപ്പൂജിച്ചതും രാത്രൗരമ
സുപ്തിസുഖമുപേക്ഷിച്ചു വീശി നിന്നതും

ഹാസ്യബ്രാഹ്മണനഖില ബ്രഹ്മാണ്ഡനായകൻ ചെയ്ത
ദാസ്യത്തിനില്ലവസാനമതെല്ലാംകൊണ്ടും
ശാസ്യന്മാരാം ഭൃത്യന്മാരുമശിക്കാത്ത കല്പധുക-
മാസ്യത്തിലിട്ടമൃതാക്കീട്ടിറക്കിയതും

ഓർത്താലെന്റെ ദാരിദ്ര്യം തീർത്തയച്ചേനേ അർത്ഥിച്ചെങ്കിൽ
ആർത്തപാരിജാതമതൊന്നയർത്തുപോയി.
പേർത്തങ്ങോട്ടു ചെല്ലുകയും, കഷ്ടം! വഴികണ്ണും പാർത്തു
കാത്തിരിക്കും പത്നിയോടെന്തുര ചെയ്യേണ്ടു.

മോഹിച്ചു; മധുമഥി–മധുവൈരി (മധു എന്ന അസുരനെ വധിച്ച വൻ; ഹേളനം–അവഹേളനം, ആക്ഷേപം, നിന്ദ; നൈവജാനേ–അറിയുന്നില്ല (ന+ഏവ+ജാനേ).

ജന്മം വ്യർത്ഥമാക്കിപ്പതിവ്രതയെപ്പട്ടിണിക്കിട്ട
കല്മഷവാനുണ്ടോഗതി? മൂഢനായാലും.
ചിന്മയനാം കൃഷ്ണൻ ചെയ്ത സൽക്കാരമിവനുവേണ്ടും
മന്മതിമന്ദതാ ദോഷം മായനും പററി!''

നമ്പ്യാർ:

''മുരാരിയോടർത്ഥമിരന്നതാകിൽ
തരാതിരിക്കില്ലവനത്രമാത്രം
പറഞ്ഞു മോദിച്ചു വസിക്കയാൽ ഞാൻ
മറന്നുപോയേൻ ഗൃഹിണീനിയോഗം.

അന്നേരമില്ലത്തെ വിശേഷമൊന്നു-
മെന്നോടു ചോദിച്ചതുമില്ല കൃഷ്ണൻ.
ബന്ധം വരുത്താതെ പറഞ്ഞുകൊണ്ടാ-
ലെന്തൊന്നു തോന്നും ഭഗവാനുമുള്ളിൽ.

എന്തൊന്നു ഞാനിനിയങ്ങു ചെന്നാ-
ലന്തർജനത്തോടരുംചെയ്ക വേണ്ടൂ.
ഓർത്തീല ഞാനക്കഥ, കഷ്ടമെന്നെ-
പ്പാർത്തിങ്ങിരിക്കുന്നു കുടുംബമെല്ലാം.''

ശ്ലോകം

മത്വാ ചൈവം ധരിത്രീസുരകുലകലശാം-
ഭോധിരാകാശശാങ്കഃ
സ്മൃത്വാ ശ്രീകൃഷ്ണ സർവ്വാവയവമതിമുദാ
തത്രഗച്ഛൻ സ്വധിഷ്ണ്യം

ധരിത്രീസുരകുലകലശാംഭോധി രാകാശശാങ്കഃ—ഭൂരികുലമാകുന്ന പാല്ക്കടലിനു് പൂർണചന്ദ്രനായ (കുചേലൻ); ഏവംമത്വാ ശ്രീകൃഷ്ണസർവ്വാവയവം സ്മൃത്വാച—ഇപ്രകാരം ചിന്തിച്ചും ശ്രീകൃഷ്ണന്റെ പാദാദികേശം സ്മരിച്ചും; തത്രസ്വധിഷ്ണ്യം ഗച്ഛൻ—അങ്ങു് സ്വഭവനത്തിലേക്ക ചെല്ലുന്നവനായി (അപ്പോഠ അദ്ദേഹം);

ഉത്തുംഗസ്വർണരത്നാഞ്ചിത ബഹുല ഗവാ-
ക്ഷാട്ട സൗധാപണ ശ്രീ-
രാജദ്ദൃശ്യാളിസംപൂരിത മുദവസതിം
ദൃഷ്ടവാൻ ദൂരദൂരെ.

വാര്യർ:

''ഭാര്യയുടെ ദുഃഖമോർത്തിട്ട്, തിവിക്രപനായതാൻ
കാര്യമാനുഷനോളം സുന്ദരനായതും
സൂര്യപ്രകാശനായതുമറിയാതെ പോയിച്ചെല്ലു-
മാര്യനായ വിപ്രനാത്മദിക്കിലെനക്കണ്ടു.

കണ്ടാലചപ്യതന്റെ കണക്കായ കുചേലനാലില്ല-
മുണ്ടായിരുന്ന ദേശവുമടുത്ത ദിക്കും
രണ്ടാം ദ്വാരകാപട്ടണമായിട്ടഗ്രേ കാണപ്പെട്ടു;
തണ്ടാർമാനിനീശന്റെ കാരുണ്യമാശ്ചര്യം!''

ശ്ലോകം

പ്രപാ വരണ മന്ദുരാ ചത്വരഹർമ്യ ഗോപാനസീ
തടാകതടവാടികാശരണ ഗോപുരാഗ്രോജ്ജ്വലാം

ഉത്തുംഗ സ്വർണ്ണരത്നാഞ്ചിത ബഹുല ഗവാക്ഷ സൗധാപണ ശ്രീരാജത്-ഉയർന്നതും കനകരത്നാലംകൃതവും ധാരാളം കിളിവാതിലുകളുള്ള മാളികാസൗധങ്ങളോടുകൂടിയതും ആപണങ്ങളുടെ ഐശ്വര്യംകൊണ്ടു വിളങ്ങുന്നതും; ദൃശ്യാളി സംപൂരിതം ഉദവസതിം-വിഭവാ(സ്വർണാ)ദി സമൃദ്ധവുമായ ഭവനത്തെ; ദൂരദൂരെ ദൃഷ്ടവാൻ-ദൂരെ കണ്ടു.

വൃത്തം: സ്രഗ്ധര.

പ്രപാ-തണ്ണീർപ്പന്തൽ; വരണ-കോട്ട; മന്ദുരാ-കുതിരപ്പന്തി; ചത്വരഹർമ്മ്യ-വിചിത്രഹർമ്മ്യങ്ങൾ; ഗോപാനസീ-(അവയിലെ) മുഖപ്പലകകൾ (വിചിത്ര ശില്പങ്ങളും മററും വയ്ക്കുന്നതിനു ചുമരിനോടു ചേർത്തുറപ്പിച്ച പലക); തടാകതടവാടികാ ശരണ-തടാകതീരത്തെ ഉദ്യാനഭവനം; ഗോപുരാഗ്രോജ്ജ്വലാം-ഗോപുരാഗ്രം മുതലായവയാൽ ഉജ്ജ്വലമായതും; വിശാലവിഹൃതസ്ഥലീ

വിശാല വിഹൃതിസ്ഥലീ സുനിഷണ്ണലോകം പുരീം
വിലോക്യപഥി ഭൂസുരോ ഹരിപുരഭ്രമാദഭ്രമീത്.

വാര്യർ:

''പൊക്കംകൊണ്ടും ലക്ഷകൊണ്ടും പണികൊണ്ടും
മണിഹേമ—
മുഷ്കകൊണ്ടും ധനധാന്യ സമൃദ്ധികൊണ്ടും
മുഷ്ക്കൊഴിഞ്ഞ നരകരിരഥതുരഗാദികടെ
തിക്കകൊണ്ടും തിമിർത്തകോലാഹലംകൊണ്ടും

എല്ലാംകൊണ്ടും കുശസ്ഥലീപട്ടണത്തോടൊത്തിരിക്ക—
മില്ലം കണ്ടീശ്വരാ! വഴിപിഴച്ച ഞാനും
മല്ലരിപുവിൻെറ മഹാരാജധാനിക്ക പിന്നെയും
ചെല്ലുകയോ എന്നവിടെ നിന്നു കുചേലൻ.''

നമ്പ്യാർ:

''ഇത്യാദി ചിന്തിച്ച നടക്കമപ്പോ—
ളത്യുന്നതം ഗോപുരമങ്ങുകണ്ടാൻ.
ഉത്തുംഗസൗധം മണിപത്മരാഗം
മുത്തും വിളങ്ങും ഭവനങ്ങൾ കണ്ടാൻ.

ഉദ്യാനവും ചത്വരമാപണാളീ—
വിദ്യോതിത സ്വർണഗൃഹങ്ങൾ കണ്ടാൻ.
ആട്ടാലനൃത്താലയരത്നവാപീ
ഘട്ടങ്ങളും ഭംഗിയിലത്രകണ്ടാൻ.''

THE TRICHUR PUBLIC LIBRARY • TRICHUR-20

സുനിഷണ്ണലോകം പുരീം—വിശാലമായ കളിസ്ഥലങ്ങളിൽ ഇരിക്കുന്നവരോടുകൂടിയതുമായ പുരിയെ (ഭവനത്തെ); പഥി—വഴിക്ക്; വിലോക്യ—കണ്ടിട്ട്; ഭൂസുരഃ—(ആ) ബ്രാഹ്മണൻ; ഹരിപുരഭ്രമാത്—ദ്വാരകതന്നെയോ എന്ന ഭ്രമംനിമിത്തം; അഭ്രമീത്—സംഭ്രമിച്ചു.
വൃത്തം: പൃഥ്വി.

രംഗം ആറ്

കുചേലഭവനം.

കുചേലപത്നിയും സഖിമാരും

ശ്ലോകം

ഭൂപാളം—ത്രിപുട.

ലക്ഷ്മീകാമുകനിമ്പമോടവൽഭുജി
ച്ചത്യന്തദാരിദ്ര്യമ—
ങ്ങക്ഷോണീസുരനല്ലതസ്സമിതമാ
യൈശ്വര്യപൂർണ്ണംഗൃഹം
വീക്ഷ്യാമോദഭരേണ വിപ്രദയിതാ
ചാരത്തു കാണായ മു—
ഗ്ദ്ധാക്ഷീമാരൊടു വാചമീദൃശമുവാ—
ചാശ്ചര്യപൂർവം സതീ.

പദം:

കുചേലപത്നി:

എന്തൊരത്ഭുതമത്ര കാണ്മതു ബന്ധുരാംഗികളെ, ബത!
കാന്തനങ്ങു ഗമിച്ചതേവ നിതാന്തഭാഗ്യമിദം മമ.
ചന്തമാർന്നൊരു ഭൂഷണങ്ങളനന്തവിത്ത സമൂഹവും
ചിന്ത തന്നിൽ നിനച്ചതല്ല ചിരന്തനൻ കൃപയത്ഭുതം!

ലക്ഷ്മീകാമുകനിമ്പമോടവൽ ഭുജിച്ചത്യന്തദാരിദ്ര്യമങ്ങക്ഷോണീ സുരനല്ലതസ്സമിതമായ്—ശ്രീകൃഷ്ണഭഗവാൻ സന്തോഷപൂർവം അവൽ ഭക്ഷിച്ചതിനാൽ ആ ഭൂസുരൻെറ അതിയായ ദാരിദ്ര്യം അവസാനിച്ചു; സതി വിപ്രദയിതാ ഐശ്വര്യപൂർണം ഗൃഹം വീക്ഷ്യ—സതിയായ ഭൂസുരപത്നി ഐശ്വര്യസമ്പൂർണമായ ഭവനം കണ്ടിട്ട്; ആമോദഭരേണ—നിറഞ്ഞ സന്തോഷത്തോടുകൂടി; ചാരത്തു കാണായ മുഗ്ദ്ധാക്ഷീമാരൊടു—അടുക്കൽ കണ്ട സുന്ദരിമാരോട്; ആശ്ചര്യപൂർവം ഈദൃശം വാചം ഉവാച—വിസ്മയത്തോടുകൂടി ഇപ്രകാരം പറഞ്ഞു.

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

ആളിമാരുമനേകമിപ്പരിവാരവൃന്ദവു,മുന്നതം
മാളികാ മണിമന്ദിരങ്ങളുമെങ്ങുനിന്നു സമാഗതം!
മേളമാർന്നു സുഖിപ്പതിന്നിഹ കാളിയൻ മദഭഞ്ജനൻ
കാളമേഘനിറം കലർന്ന മുകുന്ദനിങ്ങരുളീമമ.
ദീനനായ മഹീസുരൻ മമ പ്രാണനായകനിന്നഹോ!
ദാനവാരി പദാംബുജങ്ങളിൽ ലീനമാനസനാകയാൽ
നൂനമെന്നെ മറന്നു ഹന്ത സുഖേന തത്രവസിപ്പതെൻ–
മാനസത്തിലതീവസങ്കട,മാവതെന്തളികേശിനി!

പദം:

തോഴി:

നാഥനാമക്രിയ—മുറിയടന്ത

ഇണ്ടലരുതരുതേ മധുമൊഴി! കണ്ടിവാർ കുന്തലാളേ!
കൊണ്ടൽനേർവർണന്റെ കോമളമാം രൂപം
കണ്ടാലുണ്ടോ മതിയിൽ മതിവരൂ?
പണ്ടവർ തങ്ങളിലുണ്ടായ ലീലകൾ
കൊണ്ടാടിടുന്നേരമുണ്ടാം വിളംബം.
അണ്ടർകോനാദിസുരന്മാർ പണിയും വൈ–
കുണ്ഠന്റെ മന്ദിരേ ഞാനങ്ങു ചെല്ലാം.
കണ്ടു നിൻ കാന്തനെ വൃത്താന്തമോതി ഞാൻ
കൊണ്ടിങ്ങുപോന്നീടാമാശു സുശീലേ!

ബന്ധുരാംഗികൾ—സുന്ദരാംഗികൾ; ചിരന്തനൻ—പുരാണപുരുഷൻ; ഈശ്വരൻ, ആളിമാർ—തോഴിമാർ. കാളിയൻമദഭഞ്ജനൻ—കാളിയന്റെ അഹങ്കാരം തകർത്തവൻ; ലീനമാനസൻ—ലയിച്ച മനസ്സോടു കൂടിയവൻ; അളികേശിനി—വണ്ടിനെപ്പോലെ കറുത്ത മിനുത്ത കേശമുള്ളവൾ, സുന്ദരി.

ഇണ്ടൽ—വ്യാകുലത, ദുഃഖം; കണ്ടിവാർകുന്തലാൾ—കരിമ്പായൽ പോലെ കനത്തു വളർന്ന മനോഹരമായ തലമുടിയോടുകൂടിയവൾ; കൊണ്ടാടിടുന്നേരം—ഉത്സാഹപൂർവം വിസ്തരിക്കുമ്പോൾ; വിളംബം—താമസം; അണ്ടർകോനാദി—ഇന്ദ്രൻ തുടങ്ങിയുള്ള.

രംഗം ഏഴ്

തോഴിമാർ

ശ്ലോകം

കല്യാണശ്രീ തടഞ്ഞീടിന കുസുരവധൂ
മൗലിമാലയ്ക്കിതപ്പോഠം
മല്ലാരാതേഃ പ്രസാദാദഖിലപുരവിഭൂ-
ത്യാദിസിദ്ധിച്ചതെല്ലാം
ഉല്ലാസത്തോടു വിപ്രാംഗനയുടെ സഖിമാർ
കണ്ടു സന്തോഷഭാരാ-
ലെല്ലാരും ചേർന്നു തമ്മിൽ ഭണിതമിദമുര-
ച്ചീടിനാർ വിസ്മയേന.

കല്യാണശ്രീതടഞ്ഞീടിന—മംഗളകരമായ ഐശ്വര്യം വന്നുചേ ന്ന; കുസുരവധൂമൗലിമാലയ്ക്ക്—ഭൂസുരവധൂമണിക്ക്; മല്ലാരാതേഃ പ്രസാദാത്—മല്ലാരിയായ ശ്രീകൃഷ്ണന്റെ പ്രസാദത്താൽ; അപ്പോഠം—ആ സന്ദർഭത്തിൽ; അഖിലപുരവിഭൂത്യാദി സിദ്ധിച്ചതെല്ലാം—പുരം (ഭവനം), വിഭൂതി (ഐശ്വര്യം) ആദിയായി എല്ലാം ലഭിച്ചതു്; ഉല്ലാസത്തോടുകണ്ട്—ഉത്സാഹത്തോടുകൂടി കണ്ടിട്ട്; വിപ്രാംഗനയുടെ സഖിമാർ എല്ലാരും ചേർന്ന്—വിപ്രപത്നിയുടെ തോഴിമാർ എല്ലാവരും ചേർന്ന്, സന്തോഷഭാരാത് വിസ്മയേന—ആഹ്ലാദാധിക്യത്തോടും വിസ്മയത്തോടുംകൂടി; തമ്മിൽ—പരസ്പരം; ഇദം ഭണിതം—ഇപ്രകാരമുള്ള വാക്ക്; ഉരച്ചീടിനാർ—പറഞ്ഞു.

(കുസുരൻ എന്ന പദം വ്യാകരണദൃഷ്ട്യാ ശരിയെങ്കിലും സാധാരണയായി പ്രയോഗിച്ചുകാണാറില്ല. 'കുഃ' എന്ന പദത്തിനു് ഭൂമി എന്നർത്ഥം. കുസുരൻ—ഭൂസുരൻ).

വൃത്തം: സ്രഗ്ദ്ധര.

പദം:

തോഴിമാർ:

എന്തൊരു ചിത്രമിദം വിചാരിച്ചാൽ ബന്ധുര ഗാത്രിമാരേ!
അന്തിക്കുഴക്കരിവെച്ചുമ്മാനില്ലാത്തൊ-
രന്തർജ്ജനത്തിനു സിദ്ധിച്ച സമ്പത്തി—(എന്തൊരു)
ഹന്ത! സഖിമാരേ, മുന്നമിവരം തീക്ഷ്ണ-
ഗന്ധകിസലയം തിന്നു കിടന്നതും.
ചെന്താരിൽ മാനിനീകാന്തന്റെ കാരുണ്യ-
സന്തതി കണ്ടാലുമെന്തൊരു വിസ്മയം! (എന്തൊരു)
കൊണ്ടൽവേണിയിവരം കണ്ണനു നൽകുവാൻ
തെണ്ടിക്കണന്നൊരു ശാലിയാൽ നിർമിച്ച
കുണ്ടമായീടും ചിപിടകം കാന്തന്റെ
മുണ്ടിൽ കൊടുത്തതു കണ്ടിരിക്കുന്നു ഞാൻ. (എന്തൊരു)

കോട്ടയും വാരണക്കൊട്ടിലും മന്ദിര-
ക്കെട്ടും പതിനെട്ടുമല്ല കുശസ്ഥലീ
പട്ടണത്തോടു സമാനം കുചേലന്റെ
പത്തനാടിക്കു ലഭിച്ച പുരമിതു (എന്തൊരു)

എന്തെങ്കിലുമിവരം തന്നുടെ ഭാഗ്യത്തിൻ
വീതം നമുക്കും തടയും സഖിമാരെ?
ഭൂദേവനിന്നിതാ, താനേ വന്നീടുന്നു
ജ്യോതിസ്സു മുന്നേതിലേററവും കാണുന്നു. (എന്തൊരു)

എന്തൊരു ചിത്രമിദം—ഇതെന്തത്ഭുതം; സമ്പത്തി—സമ്പത്തു്; തീക്ഷ്ണഗന്ധം—മുരിങ്ങ; കിസലയം—തളിരു്; തീക്ഷ്ണ ഗന്ധകിസലയം—മുരിങ്ങയില; സന്തതി—പരമ്പര, കൂട്ടം; ശാലി—നെല്ലു് (ചെന്നെല്ലു്); കുണ്ടമായീടും—കൊള്ളരുതാത്ത, കെട്ട; വാരണക്കൊട്ടിൽ—ആനക്കൊട്ടിൽ; പത്തനാടി—ഗൃഹിണി; അഗ്നിഹോത്രിയുടെ പത്നി; ജ്യോതിസ്സു്—തേജസ്സു്. (കുചേലൻ സോമയാഗം കഴിച്ച ബ്രാഹ്മണനാണു്. അതിനാലാണു് അദ്ദേഹത്തിന്റെ പത്നിയെ 'പത്തനാടി' എന്നു വിശേഷിപ്പിച്ചതു്. 'കുചേല ചോമാതിരി' എന്നു് രാമപുരത്തുവാര്യർ പറഞ്ഞിട്ടുണ്ടു്).

കുചേലപത്നിയും സഖിമാരുമായുള്ള ഈ രംഗങ്ങൾ ആട്ടക്കഥാകാരന്റെ സൃഷ്ടിയാണു്. ഇതിൽത്തന്നെ 'ലക്ഷ്മീകാമുകനിമ്പമോടവൽ ഭുജിച്ചു്' എന്ന ശ്ലോകവും തുടർന്നു വരുന്ന രണ്ടു പദങ്ങളും (പോന്നീടാമാശു സുശീലേ എന്നുവരെ) ആലമ്പള്ളിൽ കേശവ പിള്ള എന്നൊരു കവി എഴുതിയതാണെന്നു പറയപ്പെടുന്നു.

രംഗം എട്ട്

കുചേലഭവനം. കുചേലനും പത്നിയും

ശ്ലോകം

താവദ്ഭൂഷണഭൂഷിതാഭിരുദിതോ
ത്സാഹാ സഖീഭിസ്സമം
സമ്പ്രാപ്താ സരണിസ്ഥിതം നിജവരം
പ്രത്യുദ്ഗതാതേന സാ
സാകം പ്രാപ പുരം തദൈവ ധരണീ—
ദേവസ്സ്വ പാദാനതാ—
മേതാം സൗധഗതോ മനോജ്ഞശയന—
സ്ഥോസൗ ബഭാഷേ ഗിരം.

വാര്യർ:

''അപ്പോളകത്തുന്നു ലക്ഷ്മീകല്പയായ പത്നിവെക്ക—
മറ്റുപരസ്ത്രീകളോടൊത്ത സഖിമാരോടും
നൽപുരവാസികളോടും നാനാവാദ്യഘോഷത്തോടും
കെല്പോടഷ്ടമംഗല്യാദി സാകല്യത്തോടും

കൂടിവന്നെതിരേററകം പൂകിച്ചു പതിയെ മിത്ര—
കോടിപ്രഭപൂണ്ട പുത്തൻ പുരി കാണിച്ചു.
നാടകക്കൊട്ടിലും കക്ഷ്യാ പ്രാകാരഗോപുരങ്ങളും
ഘോടകപംക്തിയുമാനക്കൊട്ടിലുകളും

പാരേ കാട്ടി പ്രസാദിപ്പിച്ചിട്ടു കേററിക്കൊണ്ടുപോയി
പാടീരശ്രീതുംഗമഞ്ചത്തിന്മേലിരുത്തി.

സാ—അവരം (കുചേലപത്നി);ഉദിതോത്സാഹാ—ഉത്സാഹത്തോടുകൂടിയവളായിട്ട്; താവദ്—വളരെ, അതിനിടയ്ക്ക്; ഭൂഷണഭൂഷിതാഭിഃ സഖീഭിഃസമം—ആഭരണങ്ങളണിഞ്ഞ സഖിമാരോടൊത്ത്; സരണിസ്ഥിതംനിജവരം സമ്പ്രാപ്താ—വഴിക്കു നില്ക്കുന്ന സ്വഭർത്താവിന്റെ അടുക്കൽ ചെന്നു; തദൈവ—ഉടനെ, അപ്പോഗം തന്നെ (തദാ+ഏവ); തേനസാകം പ്രത്യുദ്ഗതാ—അദ്ദേഹത്തോടൊന്നിച്ച് മടങ്ങിപ്പോയി (ഗൃഹത്തിലേക്ക്); പുരംപ്രാപ—ഭവനത്തെ പ്രാപിച്ചു; സൗധഗതഃ മനോജ്ഞശയനസ്ഥഃ അസൗ ധരണീദേവഃ—ഭവനത്തിലെത്തി മനോഹരമായ ശയ്യയിലിരുന്ന ആ ധരണീദേവൻ; സ്വപാദാനതാം ഏതാം—സ്വപാദത്തിൽ നമസ്കരിച്ച അവളോട്; ഗിരംബഭാഷേ—വാക്കിനെ പറഞ്ഞു (വാക്കു പറഞ്ഞു).

വൃത്തം: ശാർദ്ദൂലവിക്രീഡിതം.

വെൺകൊററാതപത്രം തഴവെഞ്ചാമരം താലവൃന്തം
തങ്കക്കോളാമ്പി താംബൂലചൎവ്വണക്കോപ്പും

മങ്കമാരെട്ടത്തുംകൊണ്ടുവേണ്ടെങ്കിലും ചുററുംകൂടി
പങ്കജാക്ഷകൃപകൊണ്ടു മുട്ടീ കുചേലൻ.
അൻപതിനായിരത്താണ്ടുകഴിഞ്ഞാലും ലയമില്ല
സാമ്പ്രതം മുകുന്ദനാജ്ഞാപിച്ച മന്ദിരേ

സംഭ്രമമകന്നു തല്പത്തിന്മേലിരുന്നു കുചേലൻ
സപ്രസാദം നിജപത്നിയോടു ചോദിച്ചു.''

തുടർന്നു് 'എന്തീവണ്ണമിപ്രദേശമന്ദിരങ്ങൾ വിളങ്ങുവാൻ—ബന്ധമെന്തെന്നരുൾചെയ്ക മംഗലശീലേ'എന്നു് കുചേലൻ ആരായുന്നതായും തലേദിവസം 'ഇന്ദിരയ്ക്കു നേരായുള്ള ചന്ദ്രബിംബമുഖി' അവിടെ വന്നതും 'ശ്രീപതി അവൽ ഭുജിച്ച കാരണം ഞാൻ വന്നിവിടെ—ശ്രീസമ്പദം നിങ്ങൾക്കെന്നുമനുഭവിക്കാം' എന്നറിയിച്ചതും കുചേലപത്നി പറയുന്നതായും വഞ്ചിപ്പാട്ടിൽ വർണിക്കുന്നു. ഈ മനോഹരമായ കല്പന ആട്ടക്കഥയിലില്ല. 'സകലം പാർക്കിലദ്യാപി പക്ഷീന്ദ്രാസനനാകും ലക്ഷ്മീശകൃപയാലേ' എന്നു് കുചേലൻതന്നെ പറയുകയാണുചെയ്യുന്നതു്.

നമ്പ്യാർ:

''ഉണ്ടായി തത്ത്വം മമ കണ്ടതെല്ലാം
തണ്ടാരിൽമാതിൻ കണവന്റെ ലീല
മിണ്ടാതെതന്നോരു വിഭൂതിയെല്ലാം
കണ്ടാലുമാശ്ചര്യമഹോ! വിചിത്രം!''

പദം:

കുചേലൻ:

മോഹനം—അടന്ത

സുദതീ! മാമക നായികേ! എന്തു വൈശിഷ്ട്യം
സുദതീ മാമക നായികേ!
സദനസ്വാപതേയാദി സകലം പാർക്കിലദ്യാപി (സുദതീ)

പക്ഷീന്ദ്രാസനനാകും ലക്ഷ്മീശകൃപയാലേ
അക്ഷയവിഭൂതികളിക്ഷണം ലഭിച്ചതും
പക്ഷപാതമില്ലന്യലക്ഷണമത്തുമില്ല
കാംക്ഷിതം കഥിച്ചീല ഞാൻ കഥയ കിമൂലം? (സുദതീ)

സുദതി—സുന്ദരി, (മനോഹരമായ ദന്തങ്ങളോടുകൂടിയവൾ);സദനസ്വാപതേയാദി—ഭവനം, ധനം മുതലായവ; അദ്യാപി—ഇപ്പോഴും; പക്ഷീന്ദ്രാസനൻ—ഗരുഡവാഹനൻ; അക്ഷയവിഭൂതികൾ—അനശ്വരമായ ഐശ്വര്യങ്ങൾ; പക്ഷപാതം—ഒരു പക്ഷത്തോടുള്ള പ്രത്യേക താല്പര്യം; കഥയ—പറയുക, പറഞ്ഞാലും;

സർവ്വജ്ഞൻ ഹരിയെന്നു സർവ്വസമ്മതം പാരിൽ
സർവ്വാത്മാ മുരവൈരി ഗീർവാണതരുവല്ലോ
അറിയാതൊന്നുമില്ലിന്നുമറിമാൻലോചനേ! ചിത്ത
താരതിൽ ഭ്രമമെന്തിനു സുമുഖി! സുഖമുണ്ടാം.

(സുദതീ)

ഐഹികസുഖം ബാലേ! മോഹഭ്രാന്തിയാകുന്നു
ഈഹാകാമ്യക ലേശം നഹിമേ വസ്തുനി നൂനം
അഹിനാഥാസനഭക്തി മാഹാത്മ്യമതിലേററം
മോഹം സുന്ദരീ! വാഴ്ക നീ ഭൂതിസുതസഹിതം

(സുദതീ)

വാര്യർ:

'കാമക്രോധലോഭമോ മഹങ്കാരം മദം ഡംഭം
താമിസ്രമത്സരം പൈശുന്യത്തിലജ്ഞരാം
സാധുക്കളെപ്പരിപാലിച്ചാധികളഞ്ഞഖിലർക്ക—
മാധാരഭൂതനാം കൃഷ്ണനെന്നറിഞ്ഞാലും.
ബോധരൂപാത്മകൻ തന്റെ പാദഭക്തികൊണ്ടു ദുഃഖ—
വാരിധിയെക്കടക്കുന്നു സമചിത്തന്മാർ.''

ഈ വരികളെത്തുടർന്നു് 'ദേവദേവൻ ജഗന്നാഥൻ....' എന്നിങ്ങനെ ഭഗവന്നാമങ്ങളുടെ ഒരു പ്രവാഹമാണു് വഞ്ചിപ്പാട്ടിൽ. അവസരം കിട്ടുമ്പോഴെല്ലാം ഈശ്വരനാമോച്ചാരണപരായണനായിത്തീരാറുള്ള എഴുത്തച്ഛനെ അനുസ്മരിപ്പിക്കുന്നതാണു് ഈ ഭാഗം.

''ദശവിധരൂപങ്ങളുമൊന്നായവതരിച്ചെന്നു
ദശമത്തിലുപാഖ്യാതം കൃഷ്ണാവതാരം
നാരായണൻ തന്റെ തിരുനാമം ജപിച്ചിഹലോകേ
പാരം ഭക്തി പൂണ്ടു നമ്മറം വസിക്കാം ദൈതേ.''

കിമുമൂലം—എന്താണു കാരണം; സർവജ്ഞൻ—എല്ലാം അറിയുന്നവൻ; സർവാത്മാ—സകലത്തിന്റെയും ആത്മാവായിട്ടുള്ളവൻ; ഗീർവാണതരു—കല്പവൃക്ഷം, ദേവതരു; ഐഹികം—ഈ ലോകത്തിലേതു്; മോഹഭ്രാന്തി—മോഹം നിമിത്തമുള്ള ഭ്രമം; ഈഹാ—ആഗ്രഹം; കാമ്യകലേശം—ഫലേച്ഛയോടുകൂടിയ കർമത്തിന്റെ ലേശം; വസ്തുനി—വസ്തുക്കളിൽ (സുഖഭോഗവസ്തുക്കളിൽ); നഹിമേ—എനിക്കില്ല; അഹിനാഥാസനൻ—അനന്തനിൽ സ്ഥിതിചെയ്യുന്നവൻ; ഭൂതിസുതസഹിതം—ഐശ്വര്യത്തോടും സുതരോടുംകൂടി.

പദം:
കുചേലപത്നി:

മലഹരി—ചമ്പ

നാഥ! പുരുഭൂതി സമുദായമിതശേഷവും
പാഥോജനേത്രനുടെ കാരുണ്യമല്ലോ.
പീതാംബരൻ പൃഥുക ഭുക്തിയാൽ തോഷിച്ച
വീതശങ്കം നമുക്കേകിനാൻ സമ്പദം.
ദൈതേയ വൈരിയിലനാരതം ഭക്തിയോട്
ചെമ്മേ വസിക്ക ചരമാവധി സുഖേന നാം.

രംഗം ഒമ്പത്

ദ്വാരക. ശ്രീകൃഷ്ണനും ബലരാമനും.

ശ്ലോകം

പുറനീരു—ചെമ്പട

തദനു മുദിത ചേതഃ ഭൂസുരസ്ത്വാത്മഗേഹേ
സുതയുവതി സഹായഃ ശ്രീശഭക്ത്യൈകതാനഃ
സുഖമവസദ,ഥാമേയോ ദ്വാരവത്യാം യദൂനാം—
പ്രഭുരഥ ബല മൂചേ സോദ്ധവം ചാടു വാക്യം.

പുരുഭൂതി സമുദായം—അത്യധികമായ ഐശ്വര്യസമൂഹം; പാഥോജം—താമര; പീതാംബരൻ—മഞ്ഞപ്പട്ടണിഞ്ഞവൻ; ഭുക്തി—ഭക്ഷണം; തോഷിച്ച്—സന്തോഷിച്ച്; വീതശങ്കം—സംശയമെന്യേ; സമ്പദം—സമ്പത്ത്; ദൈതേയ വൈരി—ദൈത്യ (അസുര) വൈരി; അനാരതം—നിത്യമായ, നിരന്തരമായ; ചരമാവധി—മരണപര്യന്തം.

തദനു—അനന്തരം, പിന്നീട്; മുദിതചേതഃ ഭൂസുരഃ തു—സന്തുഷ്ടചിത്തനായ കുചേലബ്രാഹ്മണനാകട്ടെ; ആത്മഗേഹേ—സ്വഭവനത്തിൽ; സുത യുവതി സഹായഃ—സുതന്മാരോടും പത്നിയോടുംകൂടി; ശ്രീശ ഭക്ത്യൈകതാനഃ—വിഷ്ണുഭക്തിയിൽത്തന്നെ മുഴുകിയവനായിട്ട്; സുഖം അവസത്—സസുഖം വസിച്ചു; അഥ—അപ്പോൾ; ദ്വാരവത്യാം—ദ്വാരവതിയിൽ (ദ്വാരകയിൽ); അമേയഃ യദൂനാം പ്രഭുഃ—മഹാത്മാവായ യദുപതി (ശ്രീകൃഷ്ണൻ); സോദ്ധവം ബലം—ഉദ്ധവസമേതനായ ബലരാമനോട്; ചാടുവാക്യം ഊചേ—ചാടുവാക്യം(നർമോക്തി) പറഞ്ഞു (ഉദ്ധവൻ—ശ്രീകൃഷ്ണന്റെ ബന്ധുവും മന്ത്രിയുമായ ഒരു യാദവൻ).

വൃത്തം: മാലിനി.

പദം:
കൃഷ്ണൻ:

നിശമയ വചനം മേ നിർമ്മലതരമൂർത്തേ!
വിശദഗുണാലയ! വിശ്രുത കീർത്തേ! (നിശമയ)
സീരധരാഗ്രജ! പലവിധമുള്ളൊരു
ദുരിതകദംബവിനാശന മതിനായ്
ധീര! സമന്തക തീർത്ഥാപ്ലവനം
കരണീയമെന്നു ഹൃദി കരുതുന്നേൻ പുണ്യരാശേ! (നിശമയ)
സൂര്യോപരാഗമുണ്ടു പാരം പ്രസിദ്ധമായി
വീരാഗ്രേസര! ബഹുഹിരണ്യാദി ദാനങ്ങളും
പാരാതെ ചെയ്തുകൊണ്ടു പോരികയല്ലേയിന്നു
സാരം നമുക്കു ഗുണവാരമെന്നെന്റെ പക്ഷം. (നിശമയ)
സാകം യദുഗണേന പോകയല്ലേ വേണ്ടതു
സാദരം കഥിച്ചതും കളവല്ലേ കാമപാല!
നാകവാസികൾപോലും തീർത്ഥസ്നാനാദികൊണ്ടു
വൈകല്യം തീർന്നു വാഴുന്നില്ലയോ, കലയേഹം. (നിശമയ)

പദം:
ബലരാമൻ:

ദേവഗാന്ധാരം—ചെമ്പട

മാധവ! ഭവാൻ ചൊന്നതോർത്തു കാണുന്നേരം
സാധുതരമെത്രയും സാധു ജനപാലക!
സാത്വതയദുക്കളുടെ സാർത്ഥമൊടുസാദരം
സത്വരം പോക നാം, ഗ്രഹണ മാസന്നം
പുണ്യദിഷ്ടങ്ങളിൽ ചെയ്തിടും ദാനേന
പൂർണ്ണമായ് വന്നിടും പരമ കല്യാണം!

നിശമയ—കേൾക്കുക, കേട്ടാലും; വിശദഗുണാലയ—വിശദമായ ഗുണങ്ങൾക്കിരിപ്പിടമായിട്ടുള്ളവനേ; സീരധരൻ—കലപ്പ ധരിച്ചവൻ (ബലരാമന്റെ ആയുധമാണ് കലപ്പ); ദുരിതകദംബ വിനാശനമതിനായ്—പല പല ദുരിതങ്ങളും ശമിപ്പിക്കുന്നതിനായി; സമന്തകം—കുരുക്ഷേത്ര പരിസരത്തുള്ള പുണ്യതീർത്ഥം; തീർത്ഥാപ്ലവനം—തീർത്ഥസ്നാനം; സൂര്യോപരാഗം—സൂര്യഗ്രഹണം; ഹിരണ്യം—സ്വർണം; ഗുണവാരം—ഗുണഗണം; വാരം—സമൂഹം; കാമപാലൻ—ബലഭദ്രൻ (ഭക്തന്മാരുടെ കാമങ്ങളെ പാലിക്കുന്നവൻ); നാകവാസികൾ—ദേവന്മാർ; കലയേഹം—ഞാൻ വന്ദിക്കുന്നു.

സാധുതരം—വളരെ നല്ലതു്; സാത്വത—ഭക്തരായ, യാദവ; സാർത്ഥമൊട്ട്—സമൂഹം; തീർത്ഥയാത്രാ സംഘം (കച്ചവടസംഘം എന്നും അർത്ഥമുണ്ട്); ദിഷ്ടം—കാലം, ഭാഗ്യം; പരമകല്യാണം—ശ്രേഷ്ഠമായ മംഗളം, ആത്യന്തികമായ മംഗളം. □